# പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 11 പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം ഫെബ്രുവരി 2016

## സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2016



## പദ്ധതികളുടെ സംയോജനം ആശയം, പ്രസക്തി, സമീപനം

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

പഞ്ചായത്ത് രാജ്
ഫെബ്രുവരി 2016

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ഒ.എൻ.വി.
ഡോ. എം.കെ. മുനീർ

8 സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക വിതരണം നടത്തി



11 പദ്ധതികളുടെ സംയോജനം ആശയം, പ്രസക്തി, സമീപനം
ഡോ. വിനോദ് എസ്



17 കാരുണ്യത്തിന്റെ 5 വർഷങ്ങൾ
കെ. കബീർ മാസ്റ്റർ



19 വനിതാഘടക പദ്ധതി സാർത്ഥകമാക്കാൻ
ടി. ഷാഹുൽ ഹമീദ്

23 പ്രധാനമന്ത്രിയുടെ, പൊതുഭരണ അവാർഡ് ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്



25 പഞ്ചായത്ത് വകുപ്പ് ഐഎസ്ഒ നിലവാരത്തിലേയ്ക്ക്
കെ.പി. സാബുക്കുട്ടൻ നായർ

27 ജനന-മരണ രജിസ്ട്രേഷൻ
സുദേനൻ എസ്.

31 വയോജന അയൽക്കൂട്ട പദ്ധതിയ്ക്ക് ചവറയിൽ തുടക്കം



32 'ജനിവിജയ'യിലൂടെ വിജയപുരം ആദ്യവൈകല്യ രഹിത ഗ്രാമത്തിലേക്ക്
ശിവബിന്ദു

35 പഞ്ചായത്ത് ദിനാഘോഷം 2016
രാജേഷ് കുറുപ്പ്

39 പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ മേഖലാ തല പദ്ധതി അവലോകനം



# 2014 – 2015 വർഷത്തെ മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ തെരഞ്ഞെടുത്തു

സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഗ്രാമപഞ്ചായത്തായി കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തു മികച്ച സെക്രട്ടറിയായി കുലശേഖപുരം സെക്രട്ടറി എ. നാസറുദ്ദീനെയും തിരഞ്ഞെടുത്തു. രണ്ടാം സ്ഥാനം കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിനും, മൂന്നാം സ്ഥാനം പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിനും ലഭിച്ചു.

സംസ്ഥാനതലത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്തായി മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിനെ തെരഞ്ഞെടുത്തു. കോട്ടയം ജില്ലയിലെ ബ്ലോക്കിന് രണ്ടാം സ്ഥാനം ലഭിച്ചു. കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്കും, കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് മൂന്നാം സ്ഥാനം പങ്കുവെച്ചു.

2014–2015 വർഷത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി എറണാകുളം ജില്ലാ പഞ്ചായത്തിനെ തിരഞ്ഞെടുത്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനത്തിന് അർഹരായി. സംസ്ഥാനതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും, സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

## മഹാത്മാ പുരസ്കാരം

2014–2015 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തു സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ആലപ്പുഴ ജില്ലയിലെ നിലം പേരൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. രണ്ടാം സ്ഥാനം ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിനും, മൂന്നാം സ്ഥാനം ആലപ്പുഴ ജില്ലയിലെ തന്നെ ചേർത്തല സൗത്ത് ഗ്രമപഞ്ചായത്തിനും ലഭിച്ചു. എറണാകുളത്ത് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിൽ മുഖ്യമന്ത്രി പുരസ്കാര ദാനം നിർവഹിക്കും.

### ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമ പഞ്ചായത്തുകൾക്കുള്ള അവാർഡ്

| | |
|---|---|
| തിരുവനന്തപുരം | മാണിക്കൽ ഗ്രാമപഞ്ചായത്ത് |
| പത്തനംതിട്ട | തുമ്പമൺ ഗ്രാമപഞ്ചായത്ത് |
| ആലപ്പുഴ | എടത്വാ താമരക്കുളം ഗ്രാമപഞ്ചായത്ത് |
| കോട്ടയം | കരൂർ ഗ്രാമപഞ്ചായത്ത് |
| എറണാകുളം | പാമ്പാക്കുട ഗ്രാമപഞ്ചായത്ത് |
| തൃശ്ശൂർ | പൂമംഗലം ഗ്രാമപഞ്ചായത്ത് |
| മലപ്പുറം | പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് |
| കോഴിക്കോട് | കായണ്ണ ഗ്രാമപഞ്ചായത്ത് |
| വയനാട് | വൈത്തിരി ഗ്രാമപഞ്ചായത്ത് |
| കണ്ണൂർ | പെരിങ്ങോംവയക്കര |
| കാസറഗോഡ് | മടിക്കൈ ഗ്രാമപഞ്ചായത്ത് |

### ജില്ലയിൽ രണ്ടാം സ്ഥാനം നേടിയ ഗ്രാമ പഞ്ചായത്തുകൾക്കുള്ള അവാർഡ്

| | |
|---|---|
| കോട്ടയം | മുത്തോലി ഗ്രാമ പഞ്ചായത്ത് |
| എറണാകുളം | മണീട് ഗ്രാമ പഞ്ചായത്ത് |
| തൃശ്ശൂർ | വടക്കേക്കാട് ഗ്രാമ പഞ്ചായത്ത് |
| കോഴിക്കോട് | അരിക്കുളം ഗ്രാമ പഞ്ചായത്ത് |
| കണ്ണൂർ | കൊളച്ചേരി ഗ്രാമ പഞ്ചായത്ത് |



അധികാര വികേന്ദ്രീകരണത്തിൽ നിസ്തുലമായ സംഭാവന നൽകുന്ന വ്യക്തികൾക്ക് ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോമൺവെൽത്ത് ഫോറിൻ ഗവ: ഫോറം ഏർപ്പെടുത്തിയ രാജ്യാന്തര പുരസ്കാരത്തിന് പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി **ഡോ: എം.കെ. മുനീർ** അർഹനായി. ഫോറം സെക്രട്ടറി കാൾ റൈറ്റിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2016 | പുസ്തകം 55 | ലക്കം 11 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**അജ്മൽ ജെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**അജ്മൽ ജെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

നമ്മുടെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാന്യം അർഹിക്കുന്ന ഒരു മാസമാണ് കടന്നുപോകുന്നത്. ഇതിന് കാരണം സ്വതന്ത്ര ഇന്ത്യയിൽ പഞ്ചായത്തിരാജ് സംവിധാനത്തിന്റെ അമരക്കാരനായി നാം ആദരിക്കുന്ന ബൽപന്തറായി മേത്തയുടെ ജന്മദിനം ഫെബ്രുവരി 19 ആയത് കൊണ്ടു മാത്രമല്ല, നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സാമൂഹ്യ സുരക്ഷാപെൻഷനുകൾ യഥാസമയം ലഭിക്കാതിരുന്ന പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗമായി തിരഞ്ഞെടുത്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് സെപ്റ്റംബർ 2015 മുതൽ ഡിസംബർ 2015 വരെയുള്ള നാല് മാസത്തെ പെൻഷൻ തുക ചെക്കായി വിതരണം ചെയ്യുവാൻ സാധിച്ചത് കൊണ്ട് കൂടിയാണിത്. ചെക്ക് വിതരണ പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ജില്ലാടിസ്ഥാനത്തിൽ ഫെബ്രുവരി മാസം 6-ാം തീയതി നടത്തുകയും തദ്ദേശസ്വയംഭരണസ്ഥാപന അദ്ധ്യക്ഷനും സെക്രട്ടറിയും ചെക്കുകൾ ഏറ്റുവാങ്ങിയിട്ടുള്ളതും ആണ്. 537.43 കോടി രൂപയാണ് ഇത്തരത്തിൽ ചെക്ക് മുഖാന്തിരം വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ തുക യഥാസമയം ഗുണഭോക്താകളിൽ എത്തിക്കുവാൻ പരിശ്രമിച്ച തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരോടും, സെക്രട്ടറി മാരോടും ഇതിന് വേണ്ടി സഹകരിച്ച എല്ലാ ഉദ്യോഗസ്ഥരോടും ഞാൻ നന്ദി അറിയിക്കുന്നു.

ഫെബ്രുവരി മാസം ഏതാണ്ട് അവസാനിച്ച് കഴിഞ്ഞിരിക്കുന്നു. നമ്മുടെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതിന് ഏതാനും ചില ദിവസങ്ങൾ മാത്രമാണ് അവശേഷിക്കുന്നത്. പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതിന് വേണ്ടി കഴിഞ്ഞ മാസം മേഖലാ തലത്തിൽ പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങൾ നടത്തിയിരുന്നു. ഈ യോഗത്തിൽ ഉയർന്നുവന്ന സർക്കാർ തലത്തിൽ പരിഹരിക്കേണ്ടിയിരുന്ന വിഷയങ്ങൾ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുകയും ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഇനിയുള്ള കുറച്ച് ദിവസങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി ചെലവ് നൂറുശതമാനത്തിലെത്തിക്കുന്നതിന് പഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ശ്രമിക്കേണ്ടതാണ്. പുതുതായി അധികാരമേറ്റ അദ്ധ്യക്ഷൻമാരും ജനപ്രതിനിധികളും ഇതൊരു വെല്ലുവിളി ആയി തന്നെ ഏറ്റെടുത്ത് നടത്തും എന്ന് പ്രതീക്ഷിക്കുന്നു.

ഇതിനോടൊപ്പം തന്നെ 2016-17 വർഷത്തെ പദ്ധതി രൂപീകരണം, ഗ്രാമപഞ്ചായത്തുകളിലെ അയൽസഭാരൂപീകരണം ഇവയെല്ലാം തന്നെ നമുക്ക് ചെയ്ത തീർക്കേണ്ടതായിട്ടുണ്ട്. ഈ ഉത്തരവാദിത്വങ്ങൾ എല്ലാം തന്നെ യഥസമയം പൂർത്തിയാക്കുന്നതിന് നാം ഏവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതാണ്

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

# ഒ.എൻ.വി.



ഒരു മനുഷ്യായുസ്സ് മുഴുവനും സഫലമാക്കി കടന്നു പോയ മഹാവ്യക്തിയാണ് ഒ.എൻ.വി. മാനവികതയിൽ ഊന്നിയ ഒരു സംസ്കാരം സൃഷ്ടിച്ച ശേഷമാണ് അദ്ദേഹം വിടവാങ്ങിയത്. സമത്വ സുന്ദര ലോകത്തിന്റെ സ്വപ്നത്തിലൂടെ, അതിരുകളില്ലാത്ത മാനവികതയുടെ ആർദ്ര ഭൂമിയിലൂടെ, 'അഹം' എന്നതിനെ തുടലൂരിയെറിഞ്ഞ് വിശ്വദർശനം എന്ന പരമസത്യത്തിന്റെ ഉപാസകനായി അദ്ദേഹം വിടചൊല്ലി.

ഒ.എൻ.വി. അവസാനിപ്പിച്ചു പോയത് ഒരു സുന്ദരമായ പുല്ലാങ്കുഴലാണ്. ഇളം കാറ്റിലേക്ക് അദ്ദേഹം ഒഴുക്കിയ ഗീതങ്ങൾ കേരളവും ഇന്ത്യയും കടന്ന് വായുവും ജലവും ഉള്ള കാണാക്കരകളിലേക്കെത്തും. ഏത് കേരളീയനുമായും നേരിട്ട് relate ചെയ്യുന്നതായിരുന്നു ഒ.എൻ.വി. എന്ന വ്യക്തിയും അദ്ദേഹത്തിന്റെ ജീവിതവും അദ്ദേഹത്തിന്റെ രചനകളും. അവന്റെ ദു:ഖത്തിലും വിഹ്വലതകളിലും സന്തോഷത്തിലും മുദ്രചാർത്തുന്ന തായിരുന്നു അദ്ദേഹത്തിന്റെ കാവ്യദർശനം. കേരളത്തിന്റെ മണ്ണിനും പ്രകൃതിക്കും മേൽ ആഞ്ഞുപതിക്കുന്ന ഖഡ്ഗത്തിൽ പിടയ്ക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ചേതന. ആപാദചൂഡം ഈ മണ്ണിന്റെ തുടിപ്പുകൾ ഇതേപോലെ സ്വാംശീകരിച്ച് പ്രതിഭയെ സർഗോന്മത്തതയിൽ ആറാടിച്ച മറ്റൊരു കവിവര്യൻ നമുക്കില്ല. അതാണ് അദ്ദേഹത്തിന്റെ സ്വീകാര്യത.

**ഒ.എൻ.വി. അവസാനിപ്പിച്ചു പോയത് ഒരു സുന്ദരമായ പുല്ലാങ്കുഴലാണ്. ഇളം കാറ്റിലേക്ക് അദ്ദേഹം ഒഴുക്കിയ ഗീതങ്ങൾ കേരളവും ഇന്ത്യയും കടന്ന് വായുവും ജലവും ഉള്ള കാണാക്കരകളിലേക്കെത്തും. ഏത് കേരളീയനുമായും നേരിട്ട് relate ചെയ്യുന്നതായിരുന്നു ഒ.എൻ.വി. എന്ന വ്യക്തിയും അദ്ദേഹത്തിന്റെ ജീവിതവും അദ്ദേഹത്തിന്റെ രചനകളും. അവന്റെ ദു:ഖത്തിലും വിഹ്വലതകളിലും സന്തോഷത്തിലും മുദ്രചാർത്തുന്ന തായിരുന്നു അദ്ദേഹത്തിന്റെ കാവ്യദർശനം.**

പൊന്നരിവാൾ എന്ന പ്രയോഗം തന്നെ പാമരന്റെയും പണ്ഡിതന്റെയും ദരിദ്രന്റെയും സമ്പന്നന്റെയും മനസ്സിലേക്ക് നേരേ കടന്നു ചെല്ലും. കടന്നു ചെന്നാൽ അതവിടെ കിടക്കും. എത്രഎത്ര ഇമേജസ് അതോടൊപ്പം കടന്നുവരും എന്നതിലാണ് അതിന്റെ നിഗൂഢഭംഗി. നെല്ല് കൊയ്യുന്ന സ്ത്രീയും, പുന്നെല്ലും, വയലും, കൊയ്ത്തുപാട്ടും, തോടും വെള്ളവും, വിയർപ്പുമണികളും, ജന്മി-കുടിയാൻ ബന്ധവും ഒപ്പം ഒരു ഐതിഹ്യ മനോഹര കഥപോലെ പൊന്നരിവാൾ പോലെ അകലെ ആകാശത്ത് പനിനീർ നിലാവ് തൂകാൻ വെമ്പുന്ന അമ്പിളിക്കലയും തൊഴിലാളിപ്പെണ്ണിന്റെ ആകാശംമുട്ടുന്ന പ്രതീക്ഷയും ഒക്കെച്ചേർന്ന മണ്ണിന്റെ നിശ്വാസത്തിന് ഒരു പുതുലാവണ്യവും അഭൗമ കാൽപനികതയും 19 വയസ്സിലേ ഒ.എൻ.വി. സമ്മാനിച്ചു എന്നോർക്കുമ്പോൾ ആ പ്രതിഭയുടെ അങ്കുരം എത്ര കരുത്തുറ്റതായിരുന്നു എന്ന് മനസ്സിലാകും.

സമത്വസുന്ദര ലോകസൃഷ്ടിക്കായുള്ള അവിരാമസർഗ പ്രക്രിയക്ക് ശേഷം തനിഹ്യൂമനിസത്തിലേക്കുള്ള വളർച്ചയിൽ ഒ.എൻ.വി.യുടെ പ്രതിഭ കൂടുതൽ പുഷ്കലമാകുന്നതാണ് പിന്നീട് നാം കാണുന്നത്. മണ്ണിന്റെ ചൂരും ചൂടും അപാര മനുഷ്യ സ്നേഹത്തിന്റെ ദാർശനികതലത്തിൽ ആരെയും വ്യാമുഗ്ധരാക്കുന്ന പദങ്ങളിലൂടെയും ശൈലിയിലൂടെയുമുള്ള ആവിഷ്കാരം അദ്ദേഹത്തെ മഹാകവികളുടെ ഉത്തുംഗസോപാനത്തിൽ പ്രതിഷ്ഠിച്ചു. പ്രകീർത്തിതമായ കൃതികൾ ഈ കാലത്തുണ്ടായവയാണ്.

ആത്മദർശനത്തിന്റെ അന്വേഷണാത്മകമായ സ്വാഭാവികമായ അടുത്ത ഘട്ടത്തിലാണ് അരയാലും ഈന്തപ്പനയും ഒലിവും ഒരുമിച്ച് പൊഴിക്കുന്ന സ്നേഹമർമ്മരം കേൾക്കാൻ അദ്ദേഹം കൊതിച്ചത്. അതിന്റെ പാരമ്യമായി വേണം അദ്ദേഹം ഏറ്റവും അവസാനമായി എഴുതിയ 'അഹം' എന്ന ചെറുകവിതയെ കാണാൻ. ഞാൻ ഏറ്റവും വെറുക്കുന്നു അഹം എന്ന വാക്കിനെ എന്നാണ് അദ്ദേഹം എഴുതിയത്. ഞാൻ എന്നത് മിഥ്യ എന്ന് തന്നെയാണ് അദ്ദേഹം അർഥമാക്കിയത്. പ്രകൃതിയും സർവചരാചരങ്ങളും ഒന്നായി ഭവിക്കുന്ന വിശ്വദർശനം അല്ലെങ്കിൽ അറിവാണ് പരമമായ ഉത്തുംഗപദം എന്നാണ് 'അഹം' എന്നതിനെ കയ്യൊഴിയുന്ന ഒ.എൻ.വി. അർത്ഥമാക്കുന്നത്. ഒ.എൻ.വി.യുടെ സർഗപ്രക്രിയയെ മൂന്ന് ഘട്ടമായി തിരിക്കാമെങ്കിൽ ഇനിയുള്ള കാലം വിശ്വദർശനത്തിന്റെ ഭൂമികയിൽ എത്തിയ ഈ ഒ.എൻ.വി. കവിത കൂടുതൽ ചർച്ചാവിഷയമാകും എന്നുറപ്പാണ്.

എന്തായാലും പത്തിനീർത്തിയ മൃത്യുവിന് മുൻപിൽ കീഴടങ്ങിയ ഒ.എൻ.വി. അദ്ദേഹത്തിന്റെ കാലത്തിന് കവരാൻ കഴിയാത്ത രചനകളിലൂടെ നമ്മോട് എന്നും സ്നേഹാതുരമായി തൊട്ടുരിയാടിക്കൊണ്ടിരിക്കും. നമ്മുടെ ആത്മാവിനെ തൊട്ടുണർത്തിക്കൊണ്ടിരിക്കും.



# സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക വിതരണം നടത്തി

സംസ്ഥാന സർക്കാരിന്റെ വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകൾ ജനങ്ങളിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകപ്പെടുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏപ്രിൽ മാസം 2015 മുതൽ ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ (ഡിബിടി) സമ്പ്രദായത്തിലൂടെ 33.71 ലക്ഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വരുന്നു. ബാങ്ക് അക്കൗണ്ട്, ഇലക്ട്രോണിക് മണി ഓർഡർ എന്നീ വിതരണ മാർഗങ്ങൾ തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി പെൻഷൻ ലഭിക്കുകയും എന്നാൽ പോസ്റ്റ് ഓഫീസ് അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് കൃത്യമായി തുക ലഭിക്കുന്നില്ല എന്നും പരാതിയുണ്ടായി. 2015 ഡിസംബർ മാസത്തെ കണക്കുകൾ പ്രകാരം 18.63 ലക്ഷം പെൻഷണർമാർക്കാണ് 4 മാസമായി (09/2015, 10/205, 11/2015, 12/2015) തുക ( 537.43 കോടി രൂപ ) ലഭിക്കാതിരുന്നത്.

കോർബാങ്കിംഗ് സംവിധാനം (സി.ബി.എസ്) ഏർപ്പെടുത്തുന്ന നടപടി പൂർത്തിയാകുന്നതുവരെ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിന് തടസ്സം നേരിടുമെന്ന് പോസ്റ്റൽ വകുപ്പ് അറിയിച്ചതിനെ തുടർന്ന് സെപ്റ്റംബർ 2015 മുതൽ ഡിസംബർ 2015 വരെയുള്ള കുടിശ്ശിക തുക ചെക്ക് മുഖാന്തിരം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

ചെക്ക് വിതരണപരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ജില്ലാടിസ്ഥാനത്തിൽ 06.02.2016-ന് നടത്തുകയും, എല്ലാ ജില്ലകളിലും അതാത് ജില്ലയുടെ ചുമതല വഹിക്കുന്ന മന്ത്രിമാർ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർക്ക് അതാത് സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് നൽകേണ്ട ചെക്കുകൾ കൈമാറുകയും ഉണ്ടായി.

കോഴിക്കോട് ജില്ലയിൽ






പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ, കോഴിക്കോട് കോർപ്പറേഷൻ മേയർ വി.കെ.സി. മമ്മദ്കോയയ്ക്ക് ചെക്കുകൾ നൽകി നിർവ്വഹിച്ചു.

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യവകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ, കൊല്ലം ജില്ലയിൽ തൊഴിൽ വകുപ്പ് മന്ത്രി ഷിബുബേബി ജോൺ, പത്തനംതിട്ട ജില്ലയിൽ റവന്യൂ വകുപ്പ് മന്ത്രി അടൂർ പ്രകാശ്, ആലപ്പുഴ ജില്ലയിൽ

ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല, കോട്ടയം ജില്ലയിൽ വനം ഗതാഗത വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇടുക്കി ജില്ലയിൽ ജലസേചന വകുപ്പ് മന്ത്രി പി.ജെ. ജോസഫ്, എറണാകുളം ജില്ലയിൽ ഫിഷറീസ് ആന്റ് എക്സൈസ് വകുപ്പ് മന്ത്രി കെ.ബാബു, പാലക്കാട് ജില്ലയിൽ ടൂറിസം വകുപ്പ് മന്ത്രി എ.പി. അനിൽകുമാർ, തൃശ്ശൂർ ജില്ലയിൽ സഹകരണ വകുപ്പ് മന്ത്രി സി.എൻ. ബാലകൃഷ്ണൻ, മലപ്പുറം ജില്ലയിൽ അർബൻ അഫയേഴ്സ് വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി, കണ്ണൂർ ജില്ലയിൽ ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി. ജോസഫ്, വയനാട് ജില്ലയിൽ പട്ടികവർഗ വികസന വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി, കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പ് മന്ത്രി കെ.പി. മോഹനൻ എന്നിവർ ക്ഷേമപെൻഷനുകളുടെ കുടിശ്ശിക വിതരണോദ്ഘാടനം നിർവ്വഹിച്ചു.

2015-2016 ൽ ഡി.ബി.റ്റി. വഴി വിതരണം ചെയ്ത ആകെ പെൻഷൻ തുക

1. ബാങ്ക് അക്കൗണ്ട് - 617.70 കോടി
2. പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് - 1463.34 കോടി (ചെക്ക് ഉൾപ്പെടെ)
3. ഇലക്ട്രോണിക് മണി ഓർഡർ - 401.20 കോടി


ആകെ - 2482. 24 കോടി









ഡോ. വിനോദ്. എസ്

# പദ്ധതികളുടെ സംയോജനം
## ആശയം, പ്രസക്തി, സമീപനം

അധികാര വികേന്ദ്രീകരണം എന്ന ആശയത്തിന് കേരളം ഇന്ന് മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. 73,74 ഭരണഘടന ഭേദഗതികൾക്കനുസൃതമായി കേരള പഞ്ചായത്ത് രാജ് നിയമവും, കേരള മുനിസിപ്പാലിറ്റി നിയമവും 1994 ൽ നിലവിൽ വരുകയും ഈ നിയമത്തിന്റെ പിൻബലത്തിൽ ഇന്നു നാം കാണുന്ന തലത്തിലുള്ള പ്രാദേശിക സർക്കാരുകൾ രൂപീകൃതമാവുകയും ചെയ്തു. പ്രാദേശിക സർക്കാരുകൾക്ക് (ഗ്രാമ പ്രദേശത്ത് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും, നഗര പ്രദേശത്ത് മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും) സ്വയം ഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനു ഭരണഘടന പിൻബലം നൽകുന്നു. സ്വയം ഭരണവകാശം, വ്യക്തമായ ചുമതലകൾ, വിഭവസ്രോതസ്സുകൾ, ഉദ്യോഗസ്ഥ-സ്ഥാപന സംവിധാനങ്ങൾ, നിയമങ്ങൾ എന്നിവയെല്ലാം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകം നിർവ്വചിച്ച് നൽകിട്ടുണ്ട്.

ഒമ്പതാം പഞ്ചാവത്സര പദ്ധതി (1997-2000) ജനകീയ ആസൂത്രണത്തിലൂടെയാണ് കേരളത്തിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയത്. പ്രാദേശിക ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനങ്ങൾക്ക് അവസരം നല്കികൊണ്ടായിരുന്നു അത് നടപ്പിലാക്കപ്പെട്ടത്. ഇത്തരം പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടേണ്ടതിന്റെ ഉത്തരവാദിത്വം പ്രാദേശിക സർക്കാരുകൾക്കു തന്നെ. എന്നാൽ ഇന്ന് അയൽ സഭ, അയൽക്കൂട്ടങ്ങൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭ, ഊരുക്കൂട്ടങ്ങൾ, വാർഡ് കമ്മറ്റി, വാർഡ് സഭ അടക്കമുള്ള ജനകീയ സംവിധാനങ്ങളെ പൂർണ്ണമായും ഇത്തരം പ്രവർത്തനങ്ങളിലേക്ക് പ്രയോജനപ്പെടുത്താൻ പ്രാദേശിക ഭരണസംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വിവിധങ്ങളായ കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ സ്കീമുകൾ പ്രാദേശിക സർക്കാരുകളുടെ പദ്ധതി രൂപീകരണവുമായി വേറിട്ട് നിൽക്കുന്നത് കാണാൻ കഴിയും. അതുകൊണ്ട് തന്നെ കേന്ദ്ര-സംസ്ഥാന പദ്ധതികൾ, പരിപാടികൾ, വിവിധ തലത്തിലെ ഫണ്ടുകൾ, ഉദ്യമങ്ങൾ, എന്നിവ കണക്കിലെടുത്തുകൊണ്ടുള്ള ആസൂത്രണവും നിർവ്വഹണവും പ്രാദേശിക തലത്തിൽ തന്നെ നടക്കേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരാൾ തന്നെയായിരുന്നിട്ടും അവരിലൂടെ ഏകോപനവും സംയോജനവും ഇന്നും ഫലവത്താക്കാൻ കഴിയുന്നില്ല. പ്രസ്തുത പദ്ധതികളും സ്കീമുകളും സമാന്തര പ്രവർത്തനങ്ങളാക്കി നിർവ്വഹണം നടത്തുന്നതുവഴി അർഹത മുൻഗണനകൾ എന്നിവ വിസ്മരിക്കപ്പെടുകയും പൊതു ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. പദ്ധതികളെകുറിച്ചുള്ള അജ്ഞതയും അവ തമ്മിലുള്ള ഏകോപന സംയോജന സാധ്യതകൾ പദ്ധതി രൂപീകരണ



**ദാരിദ്ര ലഘൂകരണവും, പ്രാദേശിക വികസനവും അർത്ഥവത്തായി നടപ്പാക്കണമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ തങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്ന എല്ലാ സ്രോതസ്സുകളേയും കഴിയാവുന്ന വിധത്തിൽ സംയോജിപ്പിച്ച് അവയുടെ ഗുണനഫലം പരമാവധി ഭാരദ്ര്യമനുഭവിക്കുന്നവനു ലഭ്യമാക്കുക എന്ന തന്ത്രം സ്വീകരിക്കണം.**

നിർവ്വഹണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെടാത്തതും ഇതിന് കാരണങ്ങളാണ്.

കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ സംയോജനത്തെ സംബന്ധിച്ചു സർക്കാരുകളുടെ സമീപനരേഖയിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗരേഖയിലും ഇതിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ടെങ്കിലും വേണ്ടത്ര പ്രാധാന്യം കൊടുക്കാത്തതു കാരണം പ്രയോഗിക തലത്തിൽ അത്തരം വിവിധോദേശ്യ പദ്ധതികൾ ആവിഷ്കരിച്ച് കൊണ്ടുവരാൻ കഴിയാതെ പോകുന്നു. വിവിധ വകുപ്പു തലങ്ങളിൽ നിന്നും സർക്കാർ തലങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളെ വിവിധങ്ങളായ സ്കീമുകളുമായി സംയോജിപ്പിച്ചും ഏകോപിപ്പിച്ചും ചെയ്യാൻ സാധിക്കുന്ന വലിയ പദ്ധതികൾക്ക് വിഭവം കണ്ടെത്താൻ കഴിയാതെ വരികയും ഫലപ്രദമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടി അവ വിനിയോഗക്കപ്പെടുകയും ചെയ്യുമ്പോൾ ദാരിദ്ര നിർമ്മാർജ്ജനവും പ്രാദേശിക വികസനവും ഉദ്ദേശിച്ച ലക്ഷ്യം പൂർത്തീകരിക്കാതെ വരുന്നു. ഈ സാഹചര്യത്തിലാണ് പദ്ധതികളുടെ സംയോജനം എന്ത് എന്നും, എന്തിനാണെന്നും എങ്ങനെ സാധ്യമാക്കാം എന്നതിനെ കുറിച്ചും അതിനു വേണ്ട തന്ത്രങ്ങൾ, അവലംബിക്കേണ്ട രീതികൾ, സാധ്യതകൾ എങ്ങനെ കണ്ടെത്താം എന്നീ കാര്യങ്ങളെക്കുറിച്ച് വികസനക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നവർ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകതയേറുന്നത്.

**സംയോജനം എന്ത്?**

ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിനു വേണ്ടി ലഭ്യമാകുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും പണമോ, സേവനമോ, മറ്റു വിഭവങ്ങളോ ലക്ഷ്യ പൂർത്തീകരണത്തിനു വേണ്ടി ഒന്നിച്ചു ചേർക്കുന്ന പ്രക്രിയയാണ് സംയോജനം. ദാരിദ്ര ലഘൂകരണവും , പ്രാദേശിക വികസനവും അർത്ഥവത്തായി നടപ്പാക്കണമെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ തങ്ങൾക്ക് ഫണ്ട് ലഭ്യമാക്കുന്ന എല്ലാ സ്രോതസ്സുകളേയും കഴിയാവുന്ന വിധത്തിൽ സംയോജിപ്പിച്ച് അവയുടെ ഗുണനഫലം പരമാവധി ഭാരദ്ര്യമനുഭവിക്കുന്നവനു ലഭ്യമാക്കുക എന്ന തന്ത്രം സ്വീകരിക്കണം. എന്നാൽ മാത്രമേ വികസന- ക്ഷേമ പദ്ധതികളുടെ നിർവ്വഹണത്തിലൂടെ പദ്ധതികളുടെ ലക്ഷ്യം പൂർണ്ണമായും നിറവേറ്റാൻ സാധിക്കുകയുള്ളു.

**സംയോജനം എന്തിന്?**

ആവശ്യങ്ങൾ അനവധിയും അവ നിറവേറ്റുന്നതിനു വേണ്ട വിഭവങ്ങൾ പരമിതവുമാണ്. അതുകൊണ്ട് തന്നെ ലഭ്യമായ വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുക എന്നത് വികനത്തിലെ പ്രധാനപ്പെട്ട തന്ത്രമാണ്. ഈ തന്ത്രം നടപ്പാക്കണമെങ്കിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പദ്ധതികളുടേയും സേവനങ്ങളുടേയും സംയോജനം ഫലപ്രദമായി വിനിയോഗിക്കണം. അതുവഴി ഉദ്ദേശിച്ച രീതിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനും പ്രതീക്ഷിത ഫലം നേടിയെടുക്കുന്നതിനും സാധിക്കും.

**പദ്ധതി സംയോജനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ**

വിവിധ തലങ്ങളിൽ നിന്നുള്ള ഒരു കൂട്ടായ ശ്രമമാണ് പദ്ധതി സംയോജനം വഴി ലക്ഷ്യമിടുന്നത്. അതിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പരമാവധി പ്രയോജനം പൊതു സമൂഹത്തിന് നേടികൊടുക്കാൻ കഴിയും. പദ്ധതി സംയോജനത്തിലെ പ്രധാന ലക്ഷ്യങ്ങൾ ഇനിപറയുന്നതാണ്.

1. സൃഷ്ടിക്കപ്പെടുന്ന ആസ്തിക


ളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുക.

2. വികസന -ക്ഷേമ പ്രവർത്തനങ്ങൾക്കു ഒരു പൊതു വേദി ഒരുക്കൽ
3. വിഭവങ്ങളുടെ പരമാവധി ഉപയോഗം ഉറപ്പു വരുത്തൽ
4. പദ്ധതികളുടെ പരമാവധി പ്രയോജനം ജനങ്ങൾക്ക് നൽകുക.
5. ദാരിദ്ര്യത്തിന്റെ എല്ലാ തലങ്ങളേയും കണ്ടറിഞ്ഞു കൊണ്ടുള്ള പ്രവർത്തനം അവലംബിക്കൽ
6. പ്രവർത്തന ഘട്ടങ്ങളിൽ നേരിട്ടുള്ള നടത്തിപ്പിനും മേൽനോട്ടത്തിനും സാധ്യതകൾ ഒരുക്കുക.
7. സാമ്പത്തിക പരാധീനതകൾ മറികടന്നുകൊണ്ട് പദ്ധതികളുടെ പൂർണ്ണതോതിലുള്ള നിർവ്വഹണം സാധ്യമാക്കുക.
8. എല്ലാ മേഖലകളുടേയും പ്രദേശത്തിന്റേയും വികസനം, എല്ലാ വിഭാഗത്തിനും പുരോഗതി ക്ഷേമം.
9. സാമൂഹീക- സാമ്പത്തിക വികസനം, സാമൂഹിക നീതി ഉറപ്പു വരുത്തൽ.
10. സുസ്ഥിര വികസനം യാഥാർത്ഥ്യമാക്കൽ.

സംയോജന സാധ്യതകൾ കണ്ടറിഞ്ഞുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ അവലംബിക്കുന്നതു വഴി പദ്ധതി ആസൂത്രണ-നിർവ്വഹണ-മേൽനോട്ട പ്രക്രിയയിൽ കൂട്ടായ്മ കൊണ്ടുവരാൻ സാധിക്കും. അതിലൂടെ വർദ്ധിച്ച തോതിലുള്ള മൂലധനം സമാഹരിക്കുവാൻ കഴിയുകയും ഉയർന്ന അളവിൽ ഭൗതീക ആസ്തികളുടെ രൂപീകരണത്തിനും ഈടുറ്റതും സ്ഥായി ആയതുമായ ആസ്തികളുടെ നിർമ്മാണത്തിനും വഴിയൊരുക്കുകയും ചെയ്യും എന്നതിൽ സംശയമില്ല.

**പദ്ധതി സംയോജനം എങ്ങനെ?**

ലഭ്യമായ വിഭവങ്ങളിൽ നിന്നും പരമാവധി പ്രയോജനം കിട്ടത്തക്ക വിധത്തിൽ പദ്ധതികൾക്ക് രൂപ നൽകുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനു സംയോജനത്തിനുതകുന്ന പദ്ധതികളുടെ മാർക്ഷരേഖകൾ, അതിലെ നിയമ സാധ്യതകൾ എന്നീ കാര്യങ്ങൾ മനസ്സിലാക്കുകയും വേണം. ആസൂത്രണം താഴെ



**സംയോജന സാധ്യതകൾ കണ്ടറിഞ്ഞുകൊണ്ടുള്ള വികസന പ്രവർത്തനങ്ങൾ അവലംബിക്കുന്നതു വഴി പദ്ധതി ആസൂത്രണ–നിർവ്വഹണ–മേൽനോട്ട പ്രക്രിയയിൽ കൂട്ടായ്മ കൊണ്ടുവരാൻ സാധിക്കും. അതിലൂടെ വർദ്ധിച്ച തോതിലുള്ള മൂലധനം സമാഹരിക്കുവാൻ കഴിയുകയും ഉയർന്ന അളവിൽ ഭൗതീക ആസ്തികളുടെ രൂപീകരണത്തിനും ഈടുറ്റതും സ്ഥായി ആയതുമായ ആസ്തികളുടെ നിർമ്മാണത്തിനും വഴിയൊരുക്കുകയും ചെയ്യും എന്നതിൽ സംശയമില്ല.**

തട്ടിൽ നിന്ന് മുകളിലോട്ട് ആരംഭിക്കേണ്ടതാണ്. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, അയൽ സഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഊരുകൂട്ടങ്ങൾ, ഗ്രാമസഭകൾ, വാർഡ് കമ്മറ്റികൾ, എന്നീ സംവിധാനങ്ങളെ കാര്യക്ഷമമാക്കിക്കൊണ്ട് പ്രദേശ വാസികൾക്ക് അവരുടെ ആവശ്യങ്ങളും പരാതികളും അഭിപ്രായങ്ങളും പ്രകടിപ്പിക്കുവാൻ അവസരം നൽകുകയും വേണം. ഇത്തരത്തിൽ ജനകീയ വേദികൾക്ക് പ്രവർത്തിക്കുവാൻ വേണ്ട സാഹചര്യം ഒരുക്കുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങളും അതിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചെയ്യേണ്ടത്. കൂടാതെ പദ്ധതികളുടെ സംയോജന സാധ്യകൾ കണ്ടെത്തുകയും, സമയബന്ധിതമായി ഫണ്ടുകളും, പ്രവർത്തനങ്ങളും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഉപയോക്താക്കളുമായി ചർച്ച നടത്തി ഈ പ്രവർത്തനങ്ങളിൽ അവരുടെ പങ്ക് മനസ്സിലാക്കി കൊടുത്തുകൊണ്ടുള്ള പ്രവർത്തന രീതി അവലംബിക്കേണ്ടതാണ്. അതിനുവേണ്ട പരിശീലന പരിപാടികൾ നടത്തുന്നതിനു തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമസഭകൾ/അയൽ സഭകൾ കൂടുമ്പോഴോ പഞ്ചായത്ത് പ്രത്യേക യോഗം വിളിച്ച് ചേർത്തോ ശിൽപശാലകൾ, സെമിനാറുകൾ എന്നിവ നടത്തിയോ കുടുംബശ്രീ മുഖേനയോ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. ഇതു കൂടാതെ സമയാ സമയങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ അവതരിപ്പിച്ച് പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപ്പെട്ട് കൊണ്ട് മേൽനോട്ടം വഹിക്കുകയും വേണം. എങ്കിൽ മാത്രമേ പദ്ധതി സംയോജനത്തിന്റെ ഗുണഫലം പൂർണ്ണമായി ലഭ്യമാക്കുയുള്ളു.

**സംയോജന സാധ്യതകൾ ഏതെല്ലാം തലങ്ങളിൽ നിന്ന്:**

പദ്ധതി സംയോജനത്തിന്റെ സാധ്യതകൾ വളരെ വലുതാണ്. വ്യത്യസ്ഥ തലങ്ങളിൽ നിന്നുള്ള സാധ്യതകൾ കണ്ടെറിഞ്ഞുവേണം പദ്ധതി സംയോജന രൂപരേഖ തയ്യാറാകേണ്ടതാണ്. വിവിധങ്ങളായ പദ്ധതികൾ, ഫണ്ടുകൾ, സംഘടനകൾ, സ്ഥാപനങ്ങൾ കൂടാതെ സർക്കാർ വകുപ്പുകൾ, സർക്കാരുകൾ, സർക്കാർ ഇതര സംഘടനകൾ, സാമൂഹ്യാധിഷ്ഠിത സംഘടനകൾ, സംഘങ്ങൾ, ഗുണഭോക്താക്കൾ, എന്നീ തലങ്ങളെ തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. സംയോജന സാധ്യതകളിൽ പ്രധാനപ്പെട്ടവ ഇനി പറയുന്നു

1. മേഖലാപരമായ സംയോജനം:- ഒരു മേഖലയുടെ വികസനത്തിന് പ്രശ്നങ്ങളെ ഒരു ഗ്രൂപ്പായി ഏറ്റെടുത്ത് പരിഹാരം കാണാൻ വേണ്ട പദ്ധതികൾക്ക് രൂപം നൽകുക.
2. പരിപാടികൾ തമ്മിലുള്ള സംയോജനം:- വ്യത്യസ്ത മേഖലകളിലെ പരിപാടികൾ ഒരുമിച്ച് രൂപ കല്പന ചെയ്ത ഒരു പ്രോജക്റ്റായി നടപ്പിലാക്കാൻ കഴിയുന്നവ. (ഉദാ; മൃഗപരിപാലന പ്രവർത്തനങ്ങളോടൊപ്പം തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ, വിപണന- വിതരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പരിപാടികൾ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ നടപ്പിൽ വരുത്തുക)
3. ഘടകങ്ങളുടെ സംയോജനം:- മുൻ-പിൻ ബന്ധങ്ങൾ ഉറപ്പാക്കുന്നതിനായി ഒരേ തട്ടിലുള്ള പഞ്ചായത്തുകൾ തമ്മിലോ ഓരോ പഞ്ചായത്തിനുള്ളിലോ ഉൽപാദനം വർദ്ധിപ്പിച്ചു നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.
4. വിവിധ തട്ടുകൾ തമ്മിലുള്ള സംയോജനം:- ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്ക് യോജിച്ച് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ കണ്ടെത്തികൊണ്ടുള്ള പദ്ധതി രൂപീകരണം.
5. സ്ഥലപരമായ സംയോജനം:- ഭരണപരമായ അതിർത്തിക്കപ്പുറം പ്രകൃതി ദത്തമായ അതിരുകളോ വികസനാവ്യശത്തിന്റെ അടിസ്ഥാത്തിൽ ഒരു പ്രത്യേക പ്രദേശത്തെ ഒരു യൂണിറ്റായി കണ്ടുകൊണ്ടുള്ള പദ്ധതി രൂപീകരണം ഇതു വഴി സാധ്യമാക്കാൻ കഴിയും. നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾ, ജലസേചന പരിപാടികൾ, മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ ഇതിൽപ്പെടും. സംയോ

| ക്രമ നമ്പർ | പ്രവൃത്തികൾ | സംയോജിപ്പാക്കാവുന്ന പദ്ധതികൾ/ഏജൻസികൾ |
|---|---|---|
| 1 | ജലസംരക്ഷണം, മണ്ണുസംരക്ഷണം, മറ്റു നീർത്തട പ്രവൃത്തികൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, PMKSY (കണ MP), ഹിൽ ഏര്യ ഡവലപ്മെന്റ് അതോറിറ്റി (HADA) |
| 2 | വനവൽക്കരണം | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പ്, PMKSY, കേരളവന ഗവേഷണന്ദ്രേം (KFRI) |
| 3 | ജലസേചനം | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, PMKSY |
| 4 | ഹോർട്ടികൾച്ചർ, ഫാം ഫോറസ്ട്രി | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഹോർട്ടികൾച്ചർ മിഷൻ, കൃഷിവകുപ്പ്, KFRI, മറ്റു സർക്കാർ ഏജൻസികൾ |
| 5 | ഭവന നിർമ്മാണം (നിർമ്മാണത്തിനുള്ള അവിദഗ്ദ്ധ തൊഴിൽ / നിർമ്മാണ സാമഗ്രികൾ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യാജന (IAY), മറ്റു ഭവന പദ്ധതികൾ |
| 6 | മൃഗസംരക്ഷണ പ്രവൃത്തികൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, കുടുംബശ്രീ, ദശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) |
| 7 | മത്സ്യം വളർത്തൽ, മത്സ്യം ഉണക്കി സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഫിഷറീസ്, മത്സ്യഫെഡ് |
| 8 | കാർഷിക സംഭരണ കേന്ദ്രം | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (NRLM), കൃഷി വകുപ്പ് |
| 9 | ഉപജീവനോപാധികൾക്കുള്ള വർക്ക് ഷെഡ് | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, ദശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) |
| 10 | ഗ്രാമീണ ശുചിത്വ പ്രവൃത്തികൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വച്ഛ് ഭാരത് അഭിയാൻ |
| 11 | ഗ്രാമീണ റോഡുകൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പഞ്ചായത്ത് പ്ലാൻ ഫണ്ട്, RIDF, എംഎൽഎ/എംപി ഫണ്ട്, പി എം ജി എസ് വൈ,, മറ്റ് സംസ്ഥാനാവികൃത പദ്ധതികൾ |
| 12 | കളിസ്ഥലങ്ങൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പൈക്ക (PYK-KA), പ്ലാൻ ഫണ്ട്, സ്പോർട്സ് വകുപ്പ് |

ജിത സാധ്യതകൾ കണ്ടറിഞ്ഞു കൊണ്ടുള്ള വികസന -ക്ഷേമ പ്രവർത്തനങ്ങൾ രൂപീകരിക്കുമ്പോൾ ഏതൊക്കെ പദ്ധതികളെയാണ് സംയോജിപ്പിക്കേണ്ടത് എന്നതിനെ ക്കുറിച്ചുള്ള ചില മാതൃകകൾ ചുവടെ കൊടിത്തിട്ടുള്ള പട്ടികയിൽ പറയുന്നു.



### പ്രദേശിക വികസന ഫണ്ടുകളുടെ സംയോജനം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയ ബന്ധിതമായി നടത്തപ്പെടണമെങ്കിൽ സാമ്പത്തിക ഘടകം ഒരിക്കലും അതിന് തടസ്സമാകരുത്. അതിനു വേണ്ടി വിഭവ സമാഹരണവും ഫണ്ടുകളുടെ ലഭ്യതയും ഉറപ്പു വരുത്തേണ്ടതുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന നിയോജക മണ്ഡലാടിസ്ഥാനത്തിൽ അതാത് എം.എൽ.എ, എം.പി. മാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പദ്ധതി സംയോജനത്തിനു വേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. സംയോജന സാധ്യതയിലൂടെ നടത്തപ്പെടാൻ ഉദ്ദേശിക്കുന്ന പദ്ധതിക്ക് ഏതെല്ലാം ഘടകങ്ങളിൽ നിന്നും പണം സ്വരൂപിക്കാം എന്ന് ആദ്യം മനസ്സിലാക്കേണ്ടതുണ്ട്. ഒരു പ്രദേശത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വികസന ഫണ്ട് സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, എം.പി. ഫണ്ട്, എം.എൽ.എ ഫണ്ട് ലഭ്യമാകുന്ന മറ്റു ഫണ്ടുകൾ ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം, സംഭാവനകൾ, സേവനങ്ങൾ എന്നീ ഘടകങ്ങൾ വഴിയുള്ള ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സംയോജന സാധ്യതയിലേക്ക് കൊണ്ടു വരാവുന്നതാണ്.

### എങ്ങനെ സംയോജനം സാധ്യമാക്കാം

സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതി രൂപീകരണ പ്രവർത്തത്തിലേർപ്പെടുമ്പോൾ ചുവടെ പറയുന്ന രീതികൾ അവലംബിക്കേണ്ടതാണ്.

1. കൂട്ടായ രീതിയിലുള്ള ലളിതവും ശാസ്ത്രീയവുമായ ആസൂത്രണ പ്രക്രിയ അവലംബിക്കുക
2. ആയതിലേക്ക് മേൽനോട്ട കാര്യങ്ങൾ നിർദ്ദേശിക്കുന്നതിനു വേണ്ടിയും പ്രവർത്തനങ്ങൾ ഉത്തരവാദിത്വ പൂർണ്ണമാക്കുന്നതിനും വേണ്ടി നോഡൽ ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്.
3. സാമ്പത്തിത സ്രോതസ്സുകൾ കണ്ടെത്തിക്കൊണ്ട് സാമ്പത്തിക സമാഹരണം ഉറപ്പുവരുത്തുക.
4. ശിൽപശാലകൾ പലതലങ്ങളിൽ നടപ്പിലാക്കുക.
5. കർമ്മപരിപാടി ആവിഷ്കരിക്കുക
6. സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കു വേണ്ടി ഓരോ പ്രവർത്തന ഘട്ടത്തിലും സമയക്രമം നിശ്ചയിക്കുക.
7. നിർവ്വഹണ തന്ത്രങ്ങൾ അടങ്ങിയ കലണ്ടർ രൂപീകരിക്കുക.

| നിർവ്വഹണ ഏജൻസികൾ | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | സംയോജിത നീർത്തട വികസന പദ്ധതി (IWMP) | ക്ഷീര വികസന വകുപ്പ് |
|---|---|---|---|
| ഘടകങ്ങൾ | തൊഴുത്ത് നിർമ്മാണം | ബയോഗ്യാസ് പ്ലാന്റ് | പശുക്കളുടെ വിതരണം |
| ധനവിഹിതം | 40,000/- | 12,000/- | 80,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, വാട്ടർഷെഡ് കമ്മിറ്റി (ണടഇ) | ഡയറി എക്സ്റ്റഷൻ ഓഫീസർ |
| ഭരണാനുമതി | ഗ്രാമപഞ്ചായത്ത് | പ്രോജക്ട് നിർവഹണ ഏജൻസി | ക്ഷീര വികസന വകുപ്പ് |
| സാങ്കേതികാനുമതി | ടെക്നിക്കൽ കമ്മിറ്റി | എ.ഇ, തദ്ദേശ സ്വയംഭരണ വകുപ്പ് | ” |
| നിർവഹണ സമയക്രമം | - | - | - |
| മേൽനോട്ടം | വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി | വാർഡ്തല കോർഡിനേഷൻ കമ്മിറ്റി | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് |

**പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ പ്രവർത്തനങ്ങളെ ക്കുറിച്ചുള്ള ആസൂത്രണം അത്യാവശ്യമാണ്. ശരിയായ ആസൂത്രണം ഇല്ലാത്തതാണ് പല ജനകീയ പദ്ധതികളും ലക്ഷ്യം പൂർത്തീകരിക്കാതെ നിന്നു പോകുന്നതിന് കാരണം. ആസൂത്രണ പ്രക്രിയയിൽ ഓരോ പ്രവർത്തനങ്ങൾക്കുമുള്ള നിർവ്വഹണ മേൽനോട്ട ചുമതലകൾ നിശ്ചയിച്ച് നൽകണം.**

സംയോജന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട രീതി ഉൾക്കൊള്ളുന്ന സംയോജന രൂപരേഖയുടെ (Convergence Metrics) മാതൃക ചുവടെ കൊടുക്കുന്നു.

### പദ്ധതി സംയോജനത്തിന് പ്രധാനമായു വേണ്ടത്:

ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ചിട്ടയായി നിറവേറ്റുന്നതിലൂടെ സംയോജന സാധ്യതകൾ യാഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴിയും.

- ചിട്ടയായയമുന്നൊരുക്കം
- ശാസ്ത്രീയമായ ആസൂത്രണം
- നടത്തിപ്പിന്റെ ഘട്ടങ്ങൾ നിശ്ചയിക്കൽ
- സമയക്രമം നിശ്ചയിക്കൽ
- കാര്യശേഷിവികസന പരിശീലനങ്ങൾ
- സംയോജന സാധ്യതകൾ ആവിഷ്കരിക്കൽ/രൂപീകരണം
- സാമ്പത്തിക ഉൾച്ചേർക്കലുകൾ/ബങ്ക് ലിങ്കേജ്
- കൃത്യമായ മേൽനോട്ടം
- ശരിയായരീതിയിലുള്ള നിർവ്വണം.

### പദ്ധതികളുടെ സംയോജനത്തിന് വേണ്ട തന്ത്രങ്ങൾ

പദ്ധതി ആസൂത്രണ പ്രവർത്തനത്തിൽ ആദ്യം പ്ലാൻകോർഡിനേറ്ററെ നിശ്ചയിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണമാണ്. പദ്ധതി രൂപീകരണത്തിന് മുൻപ് ആ പ്രദേശത്തിന്റെ അവസ്ഥാ വിശകലനമാണ് ആദ്യം ചെയ്യേണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾക്കാണ് അതിന്റെ ചുമതല. പ്രദേശത്തെ സാമൂഹിക സാമ്പത്തിക അവസ്ഥ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം, ആരോഗ്യ സ്ഥിതി, സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹിക അവസ്ഥ, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ കാര്യങ്ങളേയും കുറിച്ച് സമഗ്രമായ ഒരു വിശകലനം നടത്തി റിപ്പോർട്ട് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലായിരിക്കണം പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്യാൻ. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ വ്യക്തമായ വികസന ലക്ഷ്യം മുന്നിലുണ്ടാവണം. ആ ലക്ഷ്യം നേടുന്നതിനു വേണ്ട പ്രവർത്തനങ്ങൾക്കാവണം പ്രാധാന്യം നൽകേണ്ടത്. വികസന ലക്ഷ്യം നേടിയെടുക്കുന്നതിന് പങ്കാളിത്തവും കൂടിയാലോചനകളും വളരെ അത്യാവശ്യമാണ്. ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, ഏജൻസികൾ, പൊതുജനങ്ങൾ എന്നിവർ കൂടിയാലോചിച്ച് കൊണ്ടാവണം വികസന ക്ഷേമ പദ്ധതികൾക്ക് രൂപം നൽകേണ്ടത്. കൂടിയാലോചനയിൽ പ്രദേശത്തെ നിലവിലെ പ്രശനങ്ങൾ ചർച്ച ചെയ്യേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ആദ്യം ചെയ്യേണ്ട കാര്യങ്ങൾ - അടിസ്ഥാന സൗകര്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവ- കണ്ടെത്തി പരിഹരിക്കാൻ വേണ്ട പദ്ധതികൾക്ക് മുൻഗണന കൊടുത്തുകൊണ്ട് ആസൂത്രണം നടത്തേണ്ടതാണ്. ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിൽ സയോജന സാധ്യകൾ ചർച്ചചെയ്ത് കണ്ടെത്തി പദ്ധതികൾ ആക്കി മാറ്റേണ്ടതാണ്.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ആസൂത്രണം അത്യവശ്യമാണ്. ശരിയായ ആസൂത്രണം ഇല്ലാത്തതാണ് പല ജനകീയ പദ്ധതികളും ലക്ഷ്യം പൂർത്തീകരിക്കാതെ നിന്നു പോകുന്നതിന് കാരണം. ആസൂത്രണ പ്രക്രിയയിൽ ഓരോ പ്രവർത്തനങ്ങൾക്കുമുള്ള നിർവ്വഹണ മേൽനോട്ട ചുമതലകൾ നിശ്ചയിച്ച് നൽകണം. സംയോജന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഓരോ പ്രവർത്തനങ്ങളും വ്യത്യസ്തങ്ങളായ വകുപ്പിന്റേയോ ഏജൻസികളുടേയോ, സാർക്കാരുകളുടേയോ ചുമതലയിലായിരിക്കും അവ ആസൂത്രണ ഘട്ടം തന്നെ നിർണ്ണയിച്ചുകൊണ്ട് പദ്ധതി രൂപീകരണത്തിലേർപ്പെട്ടാൽ ആശയ ക്കുഴപ്പം കൂടാതെ പദ്ധതി നിർവ്വഹണം സാധ്യമാകു. അതുപോലെ ഏറ്റെടുത്ത ഓരോ പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. അങ്ങനെ രേഖപ്പെടുത്തി വയ്ക്കുന്ന പദ്ധതികൾ വിശകലന വിധേയമാക്കിയ ശേഷം അനുകരിക്കാവുന്നതാണെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്ക് ഇതേ പദ്ധതി വ്യാപിപ്പിക്കാവുന്നതാണ്. പദ്ധതി നടപ്പിലാക്കുമ്പോൾ സമയാസമയങ്ങളിൽ വിലയിരുത്തൽ നടത്തുന്നതും വളരെ അത്യാവശ്യമാണ്. അതിനു വേണ്ടി മോണിറ്ററിംഗ് കമ്മറ്റി കൾക്ക് രൂപം കൊടുക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികളുടെ കാര്യക്ഷമമായ ഇടപെടൽ പദ്ധതിയുടെ ശരിയായ നിർവ്വഹണത്തിന് സഹായിക്കുന്നതായിരിക്കും. പദ്ധതികൾ ഓരോ ഘട്ടം പിന്നിടുമ്പോഴും പ്രവർത്തന വിലയിരുത്തൽ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതുമാണ്. അതിനു പ്രാദേശിക സർക്കാരുകൾ യോഗങ്ങൾ വിളിച്ച് ചേർത്ത് റിപ്പോർട്ടുകൾ അവതരിപ്പിക്കുവാൻ ആവശ്യപ്പെടുകയും വേണം. സയോജന തന്ത്രങ്ങളിൽ ഇനിയും ഉള്ളത് സൂക്ഷ്മ തല ഇടപെടലുകൾ ആണ്. സംയോജന സാധ്യത മനസ്സിലാക്കി മാത്രം സയോജന പ്രവർത്തനം ആസൂത്രണം ചെയ്യുക. - വാർഡ് തല സംയോജനം, പഞ്ചായത്ത് തലം, വകുപ്പ് തലം, ഗവൺമെന്റ് തലം ഇങ്ങനെ പല തലത്തിൽ പദ്ധതികളുടെ ഘടനയും സ്വഭാവവും മനസിലാക്കി സംയോജന പദ്ധതികൾക്ക് രൂപം നൽകാൻ നമുക്ക് കഴിയണം. ആസൂത്രണം നടക്കേണ്ടത് പദ്ധതികൾക്കല്ല മറിച്ച് ആവശ്യങ്ങൾ കണ്ടറിഞ്ഞ് കൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് എങ്കിൽ മാത്രമേ വികേന്ദ്രീകൃത ആസൂത്രണം കൊണ്ടുദ്ദേശിച്ച ഫലം ലഭ്യമാവുകയുള്ളു.

*കൊട്ടാരക്കര SIRDയിൽ റൂറൽ സോഷ്യോളജി ഫാക്കൽറ്റിയാണ് ലേഖകൻ*



കെ.കബീർ മാസ്റ്റർ

# കാരുണ്യത്തിന്റെ 5 വർഷങ്ങൾ

വികസനവും കരുതലും മുഖമുദ്രയാക്കിയ ഐക്യജനാധിപത്യ മുന്നണി സർക്കാർ അതിന്റെ അഞ്ചുവർഷ കാലാവധി പൂർത്തീകരിക്കുകയാണ്. ഈ സർക്കാരിനെ വിലയിരുത്തുന്ന ഏതൊരു സാമൂഹ്യ പ്രവർത്തകന്റെയും മനസ്സിൽ ആദ്യം വരുന്നത് ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കിയ ജീവകാരുണ്യ സഹായപദ്ധതികളും പ്രവർത്തനങ്ങളുമാണ്. കേരളം ഭരിച്ച ഒരു സർക്കാരിനും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്ത വിധത്തിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. അതിനദ്ദേഹം കാണിച്ച സഹനവും സന്നദ്ധതയും ആത്മാർത്ഥതയും ഐക്യരാഷ്ട്ര സഭ നൽകിയ അവാർഡോടുകൂടി ലോകം മുഴുവൻ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള അവശതയനുഭവിക്കുന്നയാളുകൾ മുഴുവനും സംസ്ഥാനത്ത് അവരുടെ കഷ്ടപ്പാടുകൾ കാണുന്ന ഒരു സർക്കാരുന്ന് തിരിച്ചറിഞ്ഞ ഒരു ഭരണ കാലഘട്ടം കൂടിയാണിത്.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ലോകശ്രദ്ധ തന്നെ പിടിച്ചുപറ്റുകയുണ്ടായി. മറ്റൊരു മുഖ്യമന്ത്രിക്കും കഴിയാത്ത വിധത്തിലുള്ള പരിപാടിയായി ഇതിനെ ജനങ്ങൾ വിലയിരുത്തുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായവിതരണം, സാമൂഹ്യ നീതി വകുപ്പിന്റെ മാതൃകാപരമായ നിരവധി നൂതന സാമൂഹ്യ സുരക്ഷാ പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ വകുപ്പുകളിൽ നിന്നുള്ള ചികിത്സാ സഹായ പദ്ധതികൾ, ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളിലെ ക്ഷേമ പദ്ധതികൾ, ധനകാര്യ വകുപ്പിന്റെ കാരുണ്യ ലോട്ടറിയിലൂടെയുള്ള ചികിത്സാ സഹായം, വിവിധ വകുപ്പുകളിലെ ക്ഷേമ ബോർഡുകളിലൂടെ സഹായ പദ്ധതികൾ, ക്ഷേമ പെൻഷനുകളിലെ വലിയ വർദ്ധന തുടങ്ങി സംസ്ഥാനത്തിന്റെ വലിയ വികസന പദ്ധതികളെക്കാൾ കൂടുതൽ കഷ്ടപ്പെടുന്നവരുടെ വിളിക്ക് ചെവി കൊടുത്ത ഒരു ഗവൺമെന്റാണിത്.

സർക്കാർ പ്രഖ്യാപിക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ നടത്തിപ്പും, നിർവ്വഹണവും മോണിറ്ററിംഗുമെല്ലാം തന്നെയിന്ന്, ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിലാണ്. ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾ മനസ്സിലാക്കേണ്ട നൂറുകണക്കിന് ക്ഷേമ പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ ഏജൻസികളിലുമുണ്ട്. പുതിയതായി തെരഞ്ഞെടുക്കപ്പെട്ടുവന്ന ജനപ്രതിനിധികളുടെ അറിവിലേക്കായി ഏതാനും ചില സാമൂഹ്യ സുരക്ഷാ പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 1. താലോലം

ഗുരുതരമായ രോഗങ്ങൾ ബാധിച്ച 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പരിപൂർണ്ണ സൗജന്യ ചികിത്സ നൽകുന്ന പദ്ധതി

### 2. ക്യാൻസർ സുരക്ഷ

18 വയസ്സുവരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് പൂർണ്ണ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതി

### 3. ശ്രുതിതരംഗം

പൂർണ്ണമായും കേൾവിക്കുറവുള്ള 5 വയസ്സിന് താഴെ (കോക്ലിയാർ ഇംപ്ലാന്റേഷൻ)യുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവി ശക്തിയും സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി

### 4. വയോമിത്രം

65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരർക്ക് സൗജന്യ ആരോഗ്യ പരിരക്ഷ നൽകുന്ന പദ്ധതി

### 5. ആശ്വാസ കിരണം

പൂർണ്ണ ശയ്യാവലംബരേയും മാനസിക വെല്ലുവിളികൾ നേരിടുന്നവരെയും വീടുകളിൽ പരിചരിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതി



## 6. സ്നേഹപൂർവ്വം

മാതാപിതാക്കളാരെങ്കിലും മരണപ്പെട്ട് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിച്ച് വിദ്യാഭ്യാസത്തിനുള്ള ധനസഹായം നൽകുന്ന പദ്ധതി.

## 7. സ്നേഹസ്പർശം

അവിവാഹിത അമ്മമാർക്ക് പ്രതിമാസ ധസഹായം നൽകുന്ന പദ്ധതി

## 8. സമാശ്വാസം

ഡയാലിസിസിന് വിധേയരാകേണ്ടിവരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ, ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വൃക്ക, കരൾ മാറ്റിവെക്കപ്പെട്ടവർ, എ.പി.എൽ/ബി.പി.എൽ പരിഗണന ഇല്ലാതെ ഹീമോഫീലിയ ബാധിതർ തുടങ്ങിയവരക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി.

## 9. കാരുണ്യ ഡെപ്പോസിറ്റ് സ്കീം

ഒരു ലക്ഷം രൂപയോ, അതിന്റെ ഗുണതങ്ങളോ ഒരു വർഷത്തേക്ക് നിക്ഷേപിക്കുന്ന വ്യക്തിക്ക് കാലാവധിക്കുശേഷം തുക തിരിച്ചു നൽകുന്നു. ഇതിന്റെ പലിശയും തത്തുല്യമായ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുന്നു.

## 10. സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ

വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, ഡിസെബിലിറ്റിസ് പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതി

## 11. കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം

ലോട്ടറി വിറ്റുകിട്ടുന്ന വരുമാനത്തിൽ നിന്നും ക്യാൻസർ, കിഡ്നി രോഗം, ഹൃദയാഘാതം തുടങ്ങിയ രോഗബാധിതർക്ക് ചികിത്സാ ചെലവ് നൽകുന്ന പദ്ധതിയാണിത്.

## 12. വിശപ്പ് രഹിത നഗരം

നഗരത്തിലെ നിരാലംബർക്കും, സർക്കാർ ആശുപത്രികളിലെ രോഗികൾക്കും, കൂട്ടിരിപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതി

## 13. അംഗപരിമിതർക്ക് തൽസമയ തിരിച്ചറിയൽ കാർഡ്

പ്രാദേശികമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് അംഗപരിമിതർക്ക് തൽസമയ തിരിച്ചറിയൽ കാർഡും, മെഡിക്കൽ സർട്ടിഫിക്കറ്റും സൗജ്യമായി നൽകുന്ന പദ്ധതി

## 14. സ്നേഹ സാന്ത്വനം

എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി

## 15. കർഷകതൊഴിലാളി പെൻഷൻ

60 വയസ്സ് പൂർത്തിയായ കർഷക തൊഴിലാളികൾക്കാണ് പ്രതിമാസം പെൻഷൻ നൽകുന്നത്. പെൻഷൻ തുക പ്രതിമാസം 600 രൂപയാണ്.

## 16. കർഷക പെൻഷൻ

60 വയസ്സ് പൂർത്തിയായ ചെറുകിട കർഷകർക്ക് നൽകുന്ന പെൻഷനാണിത് (500 രൂപ)

## 17. വാർദ്ധക്യകാല പെൻഷൻ

60 വയസ്സിനു മുകളിൽ പ്രായമുള്ളവരും പാവപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾക്കാണ് ഈ പെൻഷൻ നൽകുന്നത്. 600 രൂപയാണ് പ്രതിമാസ പെൻഷൻ. 80 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് 1200 രൂപയാണ് പെൻഷൻ തുക.

## 18. വിധവാ പെൻഷൻ

ഭർത്താവ് മരണമെപ്പെടുകയോ, ഭർത്താവ് ഉപേക്ഷിച്ചുപോകുകയോ ചെയ്ത വിധവകൾക്കാണ് ഈ പെൻഷന് അർഹതയുള്ളത്. 800 രൂപയാണ് പ്രതിമാസ പെൻഷൻ തുക

## 19. വികലാംഗ പെൻഷൻ

40 ശതമാനത്തിലധികം ശാരീരിക- മാനസിക വൈകല്യം ബാധിച്ചവർക്കുള്ള പ്രത്യേക പെൻഷനാണിത്. 800 രൂപയാണ് പ്രതിമാസ പെൻഷൻ. എന്നാൽ 80 ശതമാനത്തിലധികം വൈകല്യം ഉള്ളവർക്ക് 1100/- രൂപ പെൻഷൻ ലഭിക്കും.

## 20. അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ

50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷനാണിത്. 800 രൂപയാണ് പ്രതിമാസ പെൻഷൻ

ഇവ കൂടാതെയും ധാരാളം ക്ഷേമ പെൻഷനുകൾ വിവിധ ക്ഷേമ ബോർഡുകളും അതുപോലെ തന്നെ ധാരാളം സാമൂഹ്യ സുരക്ഷാ പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും നൽകുന്നുണ്ട്.

*എടപ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റും KILAയുടെ Guest Faculty യുമാണ് ലേഖകൻ*

▶ ടി. ഷാഹുൽ ഹമീദ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ നേതൃത്വം വന്നതിന് ശേഷം ആദ്യമായി പദ്ധതികൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന ഈ സന്ദർഭത്തിൽ, കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പ്രത്യേക ഫണ്ട് ഉപയോഗിക്കുന്നതുമായി ചില നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കും. കേരളത്തിലെ വനിതാ ജനപ്രതിനിധികളിൽ ഏകദേശം 53% കുടുംബശ്രീ പ്രവർത്തകരായിരിക്കുന്ന ഈ ഘട്ടത്തിൽ വനിതാഘടക പദ്ധതി സാർത്ഥകമാക്കണം എന്ന് കുടുംബശ്രീക്ക് നിർബന്ധമുണ്ട്.

# വനിതാഘടക പദ്ധതി സാർത്ഥകമാക്കാൻ



## ചരിത്രം

രാജ്യത്ത് 5-ാം പഞ്ചവത്സരപദ്ധതി കാലത്ത് തന്നെ സ്ത്രീകളുടെ പ്രത്യേക വികസനത്തിന് വേണ്ടി പ്രത്യേക പദ്ധതികൾ വിഭാവനം ചെയ്യുകയും 7-ാം പദ്ധതി മുതൽ വനിതാഘടക പദ്ധതി എന്ന ആശയം മുന്നോട്ടു വയ്ക്കുകയും സ്ത്രീകൾക്ക് മാത്രം ഗുണമുള്ള പദ്ധതികൾ ഇന്ത്യയിൽ ആരംഭിക്കുകയും ചെയ്തു. 1986 ൽ വനിതാശിശു വികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ 27 പദ്ധതികൾ സ്ത്രീകൾക്കു വേണ്ടി മാത്രം ആരംഭിച്ചു. 9-ാം പദ്ധതി കാലത്ത് വനിതാഘടക പദ്ധതിക്ക് പ്രത്യേകമായി തുക വകയിരുത്തുവാൻ ആരംഭിക്കുകയും രാജ്യം ഒരു ജെൻഡർ ബഡ്ജറ്റ് എന്ന നൂതനമായ കാൽവയ്പ്പിലൂടെ സഞ്ചരിക്കുകയും ചെയ്തതോടെ വനിതാഘടകപദ്ധതി ആസൂത്രണ പ്രക്രിയയുടെ ഹൃദയതാളമായി മാറി, 2001 ലെ സ്ത്രീശാക്തീകരണ നയവും, 2013 മുതൽ ഇക്കണോമിക്സ് സർവ്വേയിൽ ജെൻഡർ അസമത്വം എന്ന ഒരു പ്രത്യേക അദ്ധ്യായം ഉണ്ടായതും, ഈ മേഖലയ്ക്ക് വലിയരീതിയിൽ അംഗീകാരവും, ശ്രദ്ധയും ലഭിച്ചു. കൂടാതെ സർക്കാരുകൾ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ജെൻഡർ ബഡ്ജറ്റിനെ കുറിച്ച് ഒരു പ്രത്യേക സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുകയും ചെയ്തു വരുന്നുണ്ട്. ഇന്ത്യയിലെ 40 ഓളം കേന്ദ്രവകുപ്പുകളിൽ ജെൻഡർ ബഡ്ജറ്റിംഗ് സെൽ സക്രിയമായി പ്രവർത്തിക്കുന്നു. 10-ാം പദ്ധതി കാലത്ത് കുട്ടികൾക്ക് വേണ്ടി പ്രത്യേക പദ്ധതിയും ആരംഭിച്ചു.

## മുമ്പേ നടന്ന് കേരളം

സ്ത്രീപക്ഷസമീപനവുമായി രാജ്യത്തിന് തന്നെ മാതൃകയായി പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പ്രാദേശിക സർക്കാരുകൾക്ക് സ്ത്രീപക്ഷ സമീപനം സ്വീകരിക്കുവാൻ ഉതുകുന്ന തരത്തിലുള്ള നയപരമായ തീരുമാനങ്ങളെല്ലാം തന്നെ സർക്കാർ ഇതിനോടകം എടുത്ത് കഴിഞ്ഞിട്ടുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾ, പ്രത്യേകിച്ച് ദളിത്-ആദിവാസി, എച്ച്.ഐ.വി. പോസിറ്റീവ് വിഭാഗങ്ങളെ പ്രത്യേകമായി സഹായിക്കുന്നതാകണം വനിതാ ഘടക പദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

**പുരുഷമേധാവിത്വം ഉള്ള മേഖലയിൽ സ്ത്രീകളെ കൈപിടിച്ച് ഉയർത്തേണ്ടതായിട്ടുണ്ട്. വിഭവങ്ങളിൽ സ്ത്രീകൾക്ക് കൈകാര്യം ചെയ്യാനുള്ള അവസരം ഉണ്ടാക്കണം. തീരുമാനം എടുക്കുന്ന മേഖലയിൽ കൂടുതൽ സ്ത്രീപങ്കാളിത്വം ഉണ്ടാക്കണം. ആസൂത്രണ പ്രക്രിയ സ്ത്രീ സൗഹൃദമാക്കണം. കൂട്ടുത്തരവാദിത്വവും ആത്മവിശ്വാസവും സ്ത്രീകളിൽ ഉണ്ടാക്കണം.**

ഒരു സുപ്രധാന അജണ്ടയാണ് വനിതാ വികസനം, ഗുണഭോക്താക്കളാക്കുന്നതിന് പകരം, ആസൂത്രണം, വികസനപരിപ്രേക്ഷ്യത്തിലെ ഒഴിച്ച് കൂടാനാവാത്ത കണ്ണികളായി സ്ത്രീകളെ ഉയർത്തികൊണ്ട് വരണം.

## വനിതാഘടക പദ്ധതി രീതി ശാസ്ത്രം

നേരിട്ട് വനിതകൾക്ക് ഗുണം കിട്ടുന്ന പദ്ധതികളാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ആകെ പദ്ധതിവിഹിതത്തിന്റെ 10% വനിതാഘടക പദ്ധതിയിൽ വകയിരുത്തുമ്പോൾ പ്രദേശത്തെ സ്ത്രീകളുടെ പ്രത്യേകമായ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മനസ്സിലാക്കുന്നത് പദ്ധതി കുറ്റമറ്റതാക്കുന്നതിന് ഉപകരിക്കുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസന കാഴ്ചപ്പാടുകൾക്ക് മാതൃകാപരമായ സംഭാവനകൾ അർപ്പിച്ച് പ്രവർത്തിക്കുന്ന കുടുംബശ്രീയെ ഈ കാര്യത്തിൽ ചുമതലപ്പെടുത്തേണ്ടതാണ്. സ്ത്രീകളുടെ ആവശ്യങ്ങൾ അറിയാത്ത പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സുശക്തമായ തദ്ദേശസ്വയംഭരണ നേതൃത്വത്തിന് ശക്തമായ സാമൂഹിക സംഘടനാസംവിധാനമായ കുടുംബശ്രീ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കേണ്ടതായിട്ടുണ്ട്. സ്ത്രീകളുടെ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ അവരിൽ പ്രത്യേക സഹായം നൽകേണ്ട വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കണം. ഉദാ: വിധവകൾ - വനിതാഘടക പദ്ധതികളിൽ സ്ഥായിയായതും വിപണന സാധ്യതയുള്ളതുമായ പദ്ധതികൾ ഏറ്റെടുക്കണം. ദാരിദ്ര്യം കൊണ്ട് ബുദ്ധിമുട്ടുന്ന സ്ത്രീകൾക്ക് വനിതാഘടക പദ്ധതി കൈതാങ്ങാവണം, കുടുംബത്തിന് നേതൃത്വം നൽകുന്ന സ്ത്രീകളുടെ പരിഭവവും പ്രയാസവും ദുരീകരിക്കുവാൻ വനിതാഘടകപദ്ധതി കൊണ്ട് സാധിക്കേണ്ടതായിട്ടുണ്ട്. പ്രത്യേകിച്ച് 0–6 വയസ്സ് വരെയുള്ളവരിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞ് വരുന്നത് സാംസ്കാരിക കേരളത്തിന് ഭൂഷണമല്ല. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നല്ല വനിതാഘടക പദ്ധതികൾ ഉണ്ടാക്കുവാൻ എല്ലാ ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകണം. കൂടാതെ ലഭ്യമാകുന്ന എല്ലാ പദ്ധതികളുടെയും ഒരു സംയോജന സാധ്യത പദ്ധതികളിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. പൊതുവായ അവബോധവും, സ്ത്രീകളുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയും ഏറ്റെടുക്കേണ്ടതാണ്. സ്ത്രീകളുടെ ക്ഷേമം, സ്ത്രീകളുടെ അടിസ്ഥാനസൗകര്യങ്ങൾ, പൊതുവിടങ്ങളെ ബുദ്ധിമുട്ട്, പരിഹാരം എന്നിവ ഈ പദ്ധതിയിലൂടെ കണ്ടെത്തേണ്ടതായിട്ടുണ്ട്.

പുരുഷമേധാവിത്വം ഉള്ള മേഖലയിൽ സ്ത്രീകളെ കൈപിടിച്ച് ഉയർത്തേണ്ടതായിട്ടുണ്ട്. വിഭവങ്ങളിൽ സ്ത്രീകൾക്ക് കൈകാര്യം ചെയ്യാനുള്ള അവസരം ഉണ്ടാക്കണം. തീരുമാനം എടുക്കുന്ന മേഖലയിൽ കൂടുതൽ സ്ത്രീപങ്കാളിത്വം ഉണ്ടാക്കണം. ആസൂത്രണ പ്രക്രിയ സ്ത്രീസൗഹൃദമാക്കണം. കൂട്ടുത്തരവാദിത്വവും ആത്മവിശ്വാസവും സ്ത്രീകളിൽ ഉണ്ടാക്കണം. കൂടാതെ അറിവില്ലാത്ത മേഖലയിൽ സ്ത്രീകൾക്ക് അറിവിന്റെ അനന്തവിഹായസ് ഒരുക്കി കൊടുക്കണം.

## കുടുംബശ്രീ പ്ലാൻ മിത്രകൾ

സവിശേഷ പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് വേണ്ടി കുടുംബശ്രീ വിപുലമായ പ്രവർത്തനങ്ങളാണ് ഒരുക്കിയിട്ടുള്ളത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനും വേണ്ടി ഒരു കമ്മ്യൂണിറ്റി ഓർഗനൈസറെ പ്ലാൻമിത്ര എന്ന പേരിൽ കുടുംബശ്രീ പരിശീലനം നൽകി ഫീൽഡിൽ ഇറക്കിക്കൊണ്ടിരിക്കുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവസ്ഥ പഠിച്ച്, കഴിഞ്ഞ കാല അനുഭവങ്ങൾ പരിശോധിച്ച് വിഭവ സാധ്യതകൾ മുൻനിർത്തി, ബന്ധങ്ങളുടെ ഊഷ്മളത പരിശോധിച്ച് പുതിയ പ്രോജക്ടുകൾ ഉണ്ടാക്കി, സിഡിഎസ്സുകൾക്ക് ഒരു സ്റ്റേക് ഹോൾഡർ എന്ന നിലയിൽ മുഴുവൻ സഹായവും നൽകി രാജ്യത്ത് നടക്കുന്ന ആസൂത്രണ പ്രക്രിയയിലെ ഏറ്റവും പുതിയ സമീപനങ്ങളും വിവിധങ്ങളായ ജീവനോപാദി പ്രവർത്തനങ്ങളും, ശാക്തീകരണ -സാമ്പത്തിക സ്വാശ്രയത്വം ഉണ്ടാക്കുവാനുള്ള കുറെയധികം പുതിയ വിവരങ്ങൾ കുടുംബശ്രീ അവർക്ക് പരിശീലനത്തിലൂടെ നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമസഭയിൽ കുടുംബശ്രീയുടെ പദ്ധതികൾ അവതരിപ്പിക്കുന്നതിനും ചർച്ചകൾക്കും വേണ്ടി എല്ലാ ഗ്രാമസഭയിലും കമ്മ്യൂണിറ്റി വോളണ്ടിയറെയും കുടുംബശ്രീ ഇതിനോടകം സജ്ജമാക്കിയിട്ടുണ്ട്. വനിതാഘടക പദ്ധതി സാർത്ഥകമാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സുഹൃത്താണ് കുടുംബശ്രീയുടെ പ്ലാൻമിത്രകൾ. കൂടാതെ ജനറൽ മേഖലയിൽ സ്ത്രീകളുടെ ഉന്നമനത്തിനായി നിർദ്ദേശിക്കാവുന്ന പ്രോജക്ടുകളും കുടുംബശ്രീ കണ്ടെത്തിയിട്ടുണ്ട്.

തൊഴിൽ പങ്കാളിത്വത്തിൽ സ്ത്രീകളുടെ എണ്ണം കുറയുന്നതിന്റെ കാരണം കണ്ടെത്താൻ, ആസ്തി കൈകാര്യം ചെയ്യാൻ, ആരോഗ്യ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ, നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന രീതിയിൽ വളർന്ന് വരുന്ന സകല അതിക്രമങ്ങളെയും കൂടാതെ വാർദ്ധക്യകാലഘട്ടത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങളിൽ ഒരു ഇടപെടൽ നടത്തുവാനും ഒക്കെ പ്ലാൻമിത്രക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണ അർത്ഥത്തിൽ സഹായിക്കുന്നതാണ്.

## വനിതാഘടക പദ്ധതിയിലെ മാറ്റം

1998 മുതൽ കേരളത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വനിതാഘ

ടക പദ്ധതിയിൽ സമൂലങ്ങളായ മാറ്റങ്ങളാണ് ഈ വർഷം കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീക്കും പുരുഷനും ഒരുപോലെ ഗുണം ലഭിക്കുന്ന പദ്ധതികൾ വനിതാഘടക പദ്ധതിയിൽ ഏറ്റെടുക്കുവാൻ സാധിക്കുകയില്ല എന്ന നിർദ്ദേശവും സ്വാഗതവും ഈ പദ്ധതിയുടെ മുന്നോട്ടുള്ള ഗമനത്തിന് ഊർജ്ജം പകരുന്നതാണ്. ഒരു സ്ത്രീപക്ഷ കാഴ്ചപ്പാട് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കണം. സ്ത്രീകൾക്ക് പൊതുവിടങ്ങളിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ ദുരീകരിക്കുവാൻ വനിതാഘടക പദ്ധതി ഉപകരിക്കും. വിധവകളുടെ പ്രശ്നം വനിതാഘടക പദ്ധതിയിൽ നിർബന്ധമായി ഏറ്റെടുക്കണം എന്ന നിർദ്ദേശം കാലാനുസൃതമാണ്.

സ്ത്രീ പങ്കാളിത്തവും സാന്നിദ്ധ്യവും ആസൂത്രണ പ്രക്രിയയിലടക്കം വർദ്ധിപ്പിക്കുവാൻ ഈ വർഷം പ്രത്യകമായി നിർദ്ദേശിച്ചിരിക്കുന്നു. ഇതിനായി കമ്മ്യൂണിറ്റി വിദ്യാഭ്യാസം എല്ലാ തലത്തിലും ഉണ്ടാകണം.

## മുൻഗണനകൾ

ഉൽപ്പാദനമേഖലയുടെ വളർച്ചയ്ക്കും, പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിൽ, മാനവവികസനത്തിൽ, ജീവിത ഗുണനിലവാരം ഉയർത്തുന്നതിനും, സർവ്വോപരി സാമുഹ്യനീതി പുലർത്തുന്നതിനും സർവ്വവിധ സ്ത്രീ പങ്കാളിത്തം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കുടുംബശ്രീ മുഖേന ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ സ്ത്രീകളുടെ സാമുഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിന് വികസനഫണ്ടിൽ (ലോകബാങ്ക്, 14-ാം ഗ്രാന്റ് എന്നിവ ഒഴികെയുള്ള) 10% തുക സ്ത്രീകളുടെ തൊഴിലും വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതായിരിക്കണം. കൂടാതെ വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം, കുട്ടികൾക്കുള്ള പോഷകാഹാരം എന്നിവ ഒരു കാരണവശാലും വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല. ലേബർബാങ്ക്, വിപണന കേന്ദ്രം, കായിക പരിശീലനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം ഉള്ള തായ്ക്വണ്ട, ജൂഡോ, കരാട്ടെ പരിശീലനം പെൺകുട്ടികൾക്കായി പരിശീലിപ്പിക്കാവുന്നതാണ്. ഉൽപ്പാദനമേഖലയിൽ കൃഷിയുമായി ബന്ധപ്പെട്ട് ഉൽപ്പാദന വർദ്ധനവിനുള്ള പദ്ധതി ഉണ്ടാക്കാവുന്നതാണ്. മൃഗസംരക്ഷണ മേഖലയിൽ വനിതകൾക്ക് ഏറ്റെടുക്കുവാൻ കഴിയുന്ന ഒട്ടേറെ പദ്ധതികൾ ഉണ്ട്. കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് എഡിഎസ് സംവിധാനത്തെ ഉപയോഗിക്കുന്നതാണ്. സ്വയംതൊഴിലിന് ആസ്തി സൃഷ്ടിക്കുന്നതിനും, ശാക്തീകരണ പ്രവർത്തനങ്ങൾക്കും, വിവിധ ജീവനോപാദി പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള പദ്ധതികളും വിവിധങ്ങളായ നൈപുണ്യങ്ങളും വൈദഗ്ദ്ധ്യങ്ങളും സ്ത്രീകൾക്ക് ഉണ്ടാക്കി കൊടുക്കുവാനും പദ്ധതി തുക ഉപയോഗപ്പെടുത്താവുന്നതാണ്.

കേരളത്തിന്റെ സ്ത്രീ മുന്നേറ്റ ചരിത്രത്തിൽ നിർണ്ണായക ഇടപെടലായിരുന്നു കുടുംബശ്രീ കഴിഞ്ഞ 17-ാം വാർഷം കൊണ്ട് നടത്തിയത്. വികസനാസൂത്രണ പ്രക്രിയയിൽ സ്ത്രീകൾക്ക് അർത്ഥവത്തായ പങ്കാളിത്തം ഉറപ്പ് വരുത്തികൊണ്ട് മാത്രമേ കേരളത്തിലെ സ്ത്രീവികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളു. പ്രാദേശിക ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും സ്ത്രീപങ്കാളിത്തം ഉറപ്പ് വരുത്തുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി പുതുതായി അധികാരത്തിൽ വരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുമ്പാകെ കുടുംബശ്രീ പ്രവർത്തകർ ആക്ഷൻ പ്ലാൻ അവതരിപ്പിക്കുയാണ്. വനിതാഘടക പദ്ധതികൾക്കായി മാറ്റിവെച്ച 10% പദ്ധതി തുകയുടെ ഫലമായി ഉണ്ടായ മാറ്റങ്ങൾ, സാർത്ഥകമായ നേട്ടങ്ങൾ ഓരോ സിഡിഎസ് പ്രത്യേകം പ്രത്യേകം പരിശോധിച്ച്, പുതു ഭരണസമിതിക്ക് മുമ്പാകെ ഫലപ്രദമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനം തയ്യാറെടുക്കുകയാണ്.

ലിംഗതുല്യത നേടുന്നതിനു പ്രത്യേകിച്ച് കുടുംബശ്രീ പ്രവർത്തകരിൽ ആത്മാഭിമാനം ഉയർത്തുവാനും സ്ത്രീകളുടെ ജീവിത നില



വാരം ഉയർത്തുന്നതിന് വേണ്ടിയും നിലവിൽ നേരിടുന്ന പ്രയാസകരവും, ഭുഷണവുമല്ലാത്ത പ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിനും സ്ത്രീ സൗഹൃദം ഉണ്ടാക്കുന്നതിനും വേണ്ടിയാണ് ഈ പ്രവർത്തനം സംഘടിപ്പിക്കുന്നത്. സ്വന്തം ജീവിത സാഹചര്യങ്ങളെ വിലയിരുത്തികൊണ്ട്, ജീവിതാവസ്ഥയെ രൂപാന്തരപ്പെടുത്തുവാൻ പ്രാപ്തി നൽകുന്ന തരത്തിലാകണം കുടുംബശ്രീ ആക്ഷൻ പ്ലാൻ. സ്ത്രീകൾക്ക് സമ്പത്തിൽ അധികാരം, തുല്യ നിയന്ത്രണം എന്നിവ ഉണ്ടാക്കുന്നതിനും സ്ത്രീകളുടെ ജീവിതത്തിന്റെ സമഗ്രവികസനത്തിന് ഉതകുന്ന എല്ലാ സാമൂഹ്യ സാഹചര്യങ്ങളും തദ്ദേശ സ്വയംഭരണ പ്രദേശത്ത് ഉണ്ടാകണം. അതിന് വേണ്ടി വനിതാഘടക പദ്ധതിയടക്കമുള്ള ഫണ്ട് കുടുംബശ്രീയ്ക്ക് ഉപയോഗിക്കണം. അടുത്ത 5 വർഷകാലത്തേയ്ക്കുള്ള ദീർഘവീക്ഷണത്തോടെയുള്ള കാഴ്ചപ്പാടുകൾ, പരിഹാരങ്ങൾ, കരട് പദ്ധതി എന്നിവ സിഡിഎസ് ചർച്ച ചെയ്ത് തീരുമാനിക്കണം.

അവകാശധിഷ്ഠിത സമീപനമാണ് സ്വീകരിക്കേണ്ടത്. പൊതുപദ്ധതിയിൽ സ്ത്രീപരിഗണന ഉണ്ടാകണം. സ്ത്രീകളുടെ പദ്ധതിരൂപീകരണത്തിലും, നടത്തിപ്പിലും സ്ത്രീപക്ഷസമീപനം, സ്വീകരിക്കുവാനും, പ്രാദേശികാസൂത്രണം ഫലപ്രദമാക്കാനും സർഗാത്മകമായി പദ്ധതികൾ ഉണ്ടാക്കി സ്ത്രീകളുടെ സമഗ്ര ശാക്തീകരണം നേടുവാനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുവാനും തൊഴിൽ, വരുമാനം എന്നിവ കരഗതമാക്കുവാനുമായി പ്ലാനിൽ പദ്ധതികൾ ഉണ്ടാകണം.

പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് ചലനാത്മകത നൽകുന്നത് കുടുംബശ്രീ പ്രവർത്തകരാണ്. സ്ത്രീകളുടെ പദവി ഉയർത്തി, സവിശേഷമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ കുടുംബശ്രീക്ക് കഴിയണം. വനിതാഘടക പദ്ധതിയിലെ പ്രോജക്ട് ആശയങ്ങളുടെ വൈവിധ്യമില്ലായ്മ, ആശയ ദാരിദ്ര്യം എന്നിവ പരഹരിക്കുന്നതിനും പ്രാദേശികമായി സവിശേഷമായ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളോട് പ്രതികരിച്ച് കൊണ്ടുള്ള പ്രോജക്ട് കുടുംബശ്രീ ഉണ്ടാക്കണം. വനിതാഘടക പദ്ധതിയുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പ് സഹായകരമായ നയസമീപനം ഉണ്ടാക്കണം.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ, പ്രാദേശിക വിഭവങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും മെച്ചപ്പെട്ട ജീവിത വ്യവസ്ഥകളും സാമൂഹ്യ സുരക്ഷിതത്വവും ഒരുക്കണം.

കേരളത്തിൽ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ എങ്കിലും തൊഴിൽ പങ്കാളിത്തത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് വളരെ പിറകിലാണ്. വൈദഗ്ദ്ധ്യം ആവശ്യമുള്ള മേഖല ഏതൊക്കെ എന്ന് കണ്ടെത്തി ആവശ്യമായ പരിശീലനങ്ങൾ നൽകേണ്ടതാണ്. നിലനിന്ന് വരുന്ന ആസൂത്രണ പ്രക്രിയയിൽ നിന്ന് അദൃശ്യരായിരുന്ന സ്ത്രീകളെ ദൃശ്യവത്ക്കരിച്ച് സ്ത്രീകളുടെ സാമ്പത്തിക പിന്നോക്ക അവസ്ഥയെ മറിക്കടക്കുവാനുള്ള പദ്ധതികൾ, ഉണ്ടാക്കി ആവശ്യങ്ങളും പ്രശ്നങ്ങളും തിരിച്ചറിയുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് കുടുംബശ്രീ പ്രവർത്തകർ ഏറ്റെടുക്കുന്നത്.

ഓരോ പ്രദേശത്തെയും സ്ത്രീകളുടെയും കുട്ടികളുടെയും സവിശേഷ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ആസൂത്രണ പ്രക്രിയ നടത്തണം. പുരുഷന്മാരെപ്പോലെ തന്നെ തുല്യ പദവി നേടുന്നതിനും സമൂഹത്തിൽ മൊത്തം പ്രയോജനപ്പെടുത്തുന്ന പദ്ധതികളിൽ സ്ത്രീകൾക്ക് തുല്യ പരിഗണന ലഭിക്കേണ്ടതായിട്ടുണ്ട്. സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങൾക്ക് മുൻഗണന നൽകണം.

12-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുവാൻ പോകുന്ന ഘട്ടത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ചെയ്യാൻ കഴിയുന്നതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീ സൗഹാർദ്ദമാക്കുന്നതിന് വേണ്ടിയും, സ്വാശ്രയത്വം നേടുന്നതിനു താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ജീവനോപാധി പ്രവർത്തനങ്ങളിൽ ബിപിഎൽ കാരെയോ 50,000 രൂപ വാർഷിക വരുമാനം ഇല്ലാത്തവരോ ആയ സ്ത്രീകളെ കണ്ടെത്തി ഗ്രാമസഭ അംഗീകാരത്തോടെ വിവിധങ്ങളായ നൈപുണ്യങ്ങളും വൈദഗ്ധ്യങ്ങളും ഉണ്ടാക്കികൊടുക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പരമ്പരാഗത തൊഴിലിൽ ഏർപ്പെടുന്നവരെ സഹായിക്കുന്നതിനും, ഓട്ടോറിക്ഷ വാങ്ങിക്കുന്നതിനും സ്ത്രീകൾക്ക് പ്രത്യേക സഹായം നൽകാവുന്നതാണ്. സ്വയംതൊഴിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് ആസ്തി സൃഷ്ടിക്കുന്നതിന് 2 ലക്ഷം രൂപവരെ സഹായം നൽകാവുന്നതാണ്. വായ്പാധിഷ്ഠിത തൊഴിൽ സംരംഭത്തിന് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. വിവിധ സംരംഭങ്ങളെ ക്ലസ്റ്ററുകളാക്കി മാറ്റി കോമൺ ഫെസിലിറ്ററി സെന്ററുകൾക്ക് പശ്ചാത്തല സൗകര്യം പ്ലാൻ ഫണ്ടിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാക്കാൻ സാധിക്കുന്നതാണ്. കൂടാതെ ഉല്പാദന മേഖലയിലെ വിവിധങ്ങളായ പ്രവർത്തനങ്ങളും കുടുംബശ്രീ മുഖേന ഏറ്റെടുക്കാവുന്നതാണ്.

2015 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജയിച്ച ഏകദേശം 52% വനിതാജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരാണ്. കേരളത്തിന്റെ സ്ത്രീമുന്നേറ്റ ചരിത്രത്തിൽ നിർണ്ണായക ഇടപെടലായിരുന്നു കുടുംബശ്രീ കഴിഞ്ഞ 17 വർഷം കൊണ്ട് നടത്തിയത്. സ്വയംസഹായ സംഘങ്ങൾ ലോകത്ത് ആദ്യമായി 1976 ൽ ബംഗ്ലാദേശിൽ മുഹമ്മദ് യുനസിന്റെ നേതൃത്വത്തിൽ ഉണ്ടാക്കിയതിനു ശേഷം 22 വർഷം കഴിഞ്ഞാണ് കേരളത്തിൽ സ്വയംസഹായ സംഘങ്ങൾ വനിതകളുടെ നേതൃത്വത്തിൽ ഉണ്ടായത് എങ്കിലും ഇന്ന് കേരളം ദാരിദ്ര്യനിർമ്മാർജ്ജന രംഗത്തെ ഏറ്റവും മികവാർന്ന പ്രവർത്തനങ്ങളുമായി ബംഗ്ലാദേശിനെ പുറംതള്ളിയിരിക്കുന്നു.

സ്ത്രീകൾക്ക് സമ്പത്തിൽ അധികാരം, തുല്യ നിയന്ത്രണം ഉണ്ടാക്കുന്നതിനും സ്ത്രീകളുടെ ജീവിതത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന എല്ലാ സാമൂഹ്യ സാഹചര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉണ്ടാകണം. അവകാശാധിഷ്ഠിത സമീപനം സ്വീകരിച്ച് പൊതു പദ്ധതിയിൽ സ്ത്രീ പരിഗണന ഉണ്ടാകണം.

*കുടുംബശ്രീ സംസ്ഥാന മിഷൻ ട്രെയിനിംഗ് കോർഡിനേറ്റർ ആണ് ലേഖകൻ*

# പ്രധാനമന്ത്രിയുടെ, പൊതുഭരണ അവാർഡ് ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്




കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെ പൊതു ഭരണവുമായി ബന്ധപ്പെട്ട് 2013-14 ലെ പ്രധാനമന്ത്രിയുടെ അവാർഡ് ഇരപിപേരൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ മാതൃകാപരവും വൈവിധ്യമാർന്നതുമായ പ്രവർത്തനങ്ങൾക്കാണ് അവാർഡ്. കേരളത്തിലെ ഒരു സ്ഥാപനത്തിനും ദേശീയതലത്തിൽ ഒരു പഞ്ചായത്തിനും ആദ്യമായാണ് ഈ അവാർഡ് ലഭിക്കുന്നത്. 2015 ഏപ്രിൽ 21 ന് വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എൻ രാജീവ് അവാർഡ് ഏറ്റുവാങ്ങി.

ദേശിയതലത്തിൽ വിവധ സംസ്ഥാനങ്ങളിൽനിന്നും,കേന്ദ്ര സർക്കാർ-പൊതുമേഖല സ്ഥാപകനങ്ങളിലെ ഓഫീസുകളിൽനിന്നുമായി ആയിരത്തിനടുത്ത് നോമിനേഷനുകളെ വിവധ ഘട്ടങ്ങളിലായി മൂല്യനിർണ്ണയം നടത്തി 153 അപേക്ഷകളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി. തുടർന്ന് പദ്ധതി രേഖകളുടെയും പദ്ധതി സ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ചുള്ളതുമായ പരിശോധനകൾക്ക് ശേഷം വിവിധ വകുപ്പു മേധാവികളുടെ സാന്നിദ്ധ്യത്തിലുള്ള വർക്ക്ഷോപ്പും കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയും മറ്റ് ഏഴ് വകുപ്പ് മേധാവികളുടേയും മുൻപാകെ രാഷ്ട്രപതി ഭവനിൽ നടന്ന അവതരണത്തിനും ശേഷമാണ് വിജയിയെ കണ്ടെത്തിയത്.



ഇരവിപേരൂർ എന്ന പ്രാദേശിക ഭരണകൂടത്തിന്റെ വിജയഗാഥ (Success story of Eraviperoor- A Local Self Government) എന്ന പേരിൽ സമർപ്പിച്ച നോമിനേഷനിൽ പഞ്ചായത്തിൽ നടപ്പാക്കിയ പത്തു






National Workshop on Good Practices in Rural Development Sector

Organised By :- Ministry of Rural Development, Govt. of India

CERTIFICATE

The Ministry of Rural Development recognizes the initiative of Eravipeeroor Grama Panchayat titled Success Story of Eravipeeroor - A Local Self Government in the state of Kerala as a good practice in the year 2015.

Jugal Kishore Mohapatra
(Secretary, Rural Development)

(Minister of Rural Development)

സോഫ്റ്റ് വയറുകളുടെ പ്രവർത്തനം,ആധുനിക റിക്കാർഡ് റൂം അടക്കമുള്ള ഇ-ഗവേണൻസ്,പ്ലാസ്റ്റിക് റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള മാലിന്യ സംസ്ക്കരണ പരിപാടി, സിവിൽ സർവ്വീസ് കോച്ചിംഗ് അടക്കം സംഘടിപ്പിച്ചിട്ടുള്ള ഗ്രാമ വിജ്ഞാന കേന്ദ്രം, പട്ടികജാതി കോളനികളിൽ നടപ്പാക്കിയ 13 ചെറുകിട കുടിവെള്ള പദ്ധതികൾ, യോഗാ-പെയിൻ ആന്റ് പാലിയേറ്റീവ് അടക്കമുള്ള ആരോഗ്യ സഭാ പ്രവർത്തനങ്ങൾ, സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ പരിഹരിക്കുന്നതിന് പ്രാമുഖ്യം കൊടുക്കുന്ന ജാഗ്രതാ സമിതി, മഴപന്തൽ-തരിശ് ജൈവകൃഷി-ഗ്രോബാഗ് മുതലായവ ഉൾപ്പെടുന്ന ഹരിതഗ്രാമം, റോഡ് ടാറിംഗ് അടക്കം ആസ്തി ആർജ്ജിക്കുന്നതും സംരക്ഷിക്കുന്നതുമായ ദേശായ ഗ്രാമീണ തൊഴിലുറപ്പ് പ്രവർത്തനം,പാരിസ്ഥിതിക-ആരോഗ്യ പ്രവർത്തനങ്ങൾ അജണ്ടയാക്കി സംഘടിപ്പിച്ച ഗ്രാമസഭകൾ, പഞ്ചായത്തിലെ സേവനങ്ങൾക്ക് ഗുണനിലവാര സംവിധാനം ഏർപ്പെടുത്തിയതിൽ വച്ച് ലഭിച്ച ഐ എസ്സ് ഒ സർട്ടിഫിക്കേഷൻ എന്നിവയൊക്കെയാണ് പ്രധാനമായും വിലയിരുത്തപ്പെട്ടത്. കൂടാതെ ഗ്രാമസഭാ നിർദ്ദേശങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതി രൂപീകരണവും നിർവ്വഹണവും,വിവിധ വകുപ്പുകളുടെ ഫണ്ട്, സേവനം, ആസ്തി എന്നിവയുടെ സംയോജനവും വിലയിരുത്തപ്പെട്ടു.

ചുരുക്കപ്പട്ടികയിൽ വന്ന 14 നോമിമേഷനുകളുടെ അവതരണം രാഷ്ട്രപതി ഭവനിൽ ക്യാബിനറ്റ് സെക്രട്ടറിയടക്കം 5 കേന്ദ്ര സെക്രട്ടറിമാരുടേയും, റെയിൽവേ ചെയർമാനടക്കം മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടേയും മുൻപിൽ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.രാജീവ് എൻ നടത്തിയ പദ്ധതി അവതരണത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പ്ലാസ്റ്റിക്ക് റോഡും, ഇതിനോടകം ലഭിച്ച 182 ൽ 173 പരാതികളും പരിഹരിച്ച ജാഗ്രതാ സമിതി പ്രവർത്തനവുമാണ് ഏറ്റവും അംഗീകരിക്കപ്പെട്ടത്.ഫണ്ടുകളുടെ സ്ഥിതി വിവരിച്ചപ്പോൾ തനതായി കണ്ടെത്തിയ ഫണ്ടുകളുടെ ഇനത്തിൽ പിഴയായി ഈടാക്കിയ രൂപ 2,73,000/- എന്നതു കണ്ടപ്പോൾ അങ്ങനെയെങ്കിൽ നിങ്ങൾ പ്രദേശത്തെ ജനകീയനായ പ്രസിഡന്റായിരിക്കുമല്ലോ എന്ന് ക്യാബിനറ്റ് സെക്രട്ടറി വക കുസൃതി ചോദ്യം. ലഭിച്ച പണത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി വിനയോഗിക്കുമ്പോൾ പിഴ ചുമത്തപ്പെട്ടവരുടെ നീരസവും മാറും എന്ന് പ്രസിഡന്റിന്റെ മറുപടിയും ഉണ്ടായി. ഈ അവതരണത്തിനായി പഞ്ചായത്ത് പ്രസിഡന്റ് ഒഴികെയുള്ള 13 പേരും ഐ എ എസ്സ് ,ഐ പി എസ്സ് ഉദ്യോഗസ്ഥരായിരുന്നു എന്നതായിരുന്നു പ്രത്യേകത.

ജനങ്ങളുടെ പിന്തുണയോടെ ഭരണസമിതിയുടെ കാഴ്ചപ്പാടും ഒറ്റക്കെട്ടായ തീരുമാനങ്ങളും നടപ്പാക്കുവൻ ഉദ്യോഗസ്ഥർ കൂടെനിന്നു എന്നതുകൊണ്ടാണ് പഞ്ചായത്തിന് ഈ അവാർഡ് ലഭിച്ചത്. കൂടാതെ ഒരു പ്രാദേശിക ഭരണകൂടം എന്ന നിലയിൽ പഞ്ചായത്തിന്റെ അധികാരങ്ങളുടേയും ഫണ്ടിന്റേയും വിനയോഗം കാര്യക്ഷ്യമമാക്കി നടപ്പാക്കി. പഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുവാൻ നടത്തിയ ശ്രമങ്ങൾക്കുള്ള അംഗീകാരമാണ് ഈ അവാർഡ്. ദേശീയ തലത്തിലുള്ള പൊതുഭരണ അവാർഡ് കേരളത്തിലെ ഒരു ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിൽ വച്ച് കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തിന് ലഭിച്ച അംഗീകാരമായും കണക്കാക്കാം. അവാർഡ് നേട്ടത്തിനു ശേഷം കേരളത്തിലാദ്യമായി പ്രാഥമിക ആരോഗ്യകേന്ദ്രത്തിനുള്ള ഐ എസ്സ് ഒ സർട്ടിഫിക്കേഷൻ, രാജ്യത്ത് ആദ്യമായി പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ Free Wi-Fi hotspot ഏർപ്പെടുത്തി ലോകനിലവാരമുള്ള ഉപകരണങ്ങൾ ഇറക്കുമതി ചെയ്ത് സ്ഥാപിച്ച ആധുനിക അറവുശാല കൂടാതെ കേന്ദ്ര പഞ്ചായത്ത് രാജ് ഭോപ്പാലിൽ സംഘടിപ്പിച്ച സൻസദ് ആദർശ് ഗ്രാമീൺ യോജന വർക്ക്ഷോപ്പിൽ ഇരവിപേരൂരിന്റെ പദ്ധതികളെ രാജ്യവ്യാപകമായി അനുകരിക്കുന്നതിലേക്ക് തിരഞ്ഞെടുക്കുകയും ഗുഡ് പ്രാക്ടീസ് അവാർഡ് നൽകി ആദരിക്കുകയും ചെയ്തു.

കെ.പി. സാബുക്കുട്ടൻ നായർ

# പഞ്ചായത്ത് വകുപ്പ് ഐഎസ്ഒ നിലവാരത്തിലേയ്ക്ക്

## (പഞ്ചായത്ത് ഡയറക്ടറേറ്റും 14 ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസുകളും, 941 ഗ്രാമപഞ്ചായത്ത് ഓഫീസുകളും)

ഒരു സ്ഥാപനത്തിന്റെ ഗുണ നിലവാര സംവിധാന മികവിനുള്ള അന്തർദേശീയ സാക്ഷ്യപത്രമാണ് ഐഎസ്ഒ സർട്ടിഫിക്കേഷൻ (ഇന്റർ നാഷണൽ ഓർഗനൈസേഷൻ ഫോർ സ്റ്റാന്റ്ഡൈസേഷൻ). ഉൽപ്പന്നങ്ങളുടേയും സേവനങ്ങളുടേയും നിലവാര മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 1947ൽ സ്വിറ്റ്സർലാന്റിലെ ജനീവയിൽ ഇത് സ്ഥാപിതമായി. ജനാഭിലാഷം അനുസരിച്ചാണ് ഭരണ സംവിധാനം ഒരുക്കിയിരിക്കുന്നത് എന്നുള്ളതും, ഒരു സ്ഥാപനത്തിന്റെ ദീർഘ ദർശനത്തിന്റെയും കാഴ്ചപ്പാടിന്റെയും ഉത്തരവാദിത്വത്തിന്റെയും കാര്യക്ഷമതയുടേയും, ഫലപ്രാപ്തിയുടെയും ഗുണമേന്മ ഉറപ്പുവരുത്തുന്ന, പരിപാലന സംവിധാനത്തിന്റെ കേന്ദ്രങ്ങൾ ആയി സ്ഥാപനങ്ങൾ വളരുകയും, ആയതിലൂടെ സുസ്ഥിര ഭരണ സംവിധാനത്തിന്റെ അടിസ്ഥാനങ്ങളായി സ്ഥാപനങ്ങൾ മാറേണ്ടതുണ്ടെന്നുള്ളത് ഐഎസ്ഒ സർട്ടിഫിക്കറ്റ് നേടുന്ന സ്ഥാപനങ്ങളുടെ നേട്ടങ്ങളാണ്.

ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയും കമ്മ്യൂണിക്കേഷൻ ടെക്നോളജിയിലൂടെയും അതിവേഗം ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ ഏറ്റവും താഴെത്തട്ടിലുള്ള ജനാധിപത്യ ഘടകത്തിലൂടെ അതായത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ സമന്വയിപ്പിച്ച് പൗരനിൽ എത്തിക്കാനുള്ള ഓഫീസിന്റെ പ്രവർത്തന സേവന നിലവാരം ഐഎസ്ഒ അംഗീകാരത്തിലൂടെ ഉയർത്തി നിലനിർത്തുക എന്ന കർമ്മം പഞ്ചായത്ത് വകുപ്പ് ഏറ്റെടുത്ത് കഴിഞ്ഞു. ജനസേവനത്തിലുള്ള പ്രതിജ്ഞാബദ്ധത പൂർണ്ണമായും നടപ്പിലാകുന്ന ഒരു പുതിയ കർമ്മത്തിന്റെ സാക്ഷാത്ക്കാരമാണിത്. ഓഫീസ് അന്തരീക്ഷവും പ്രവർത്തനവും കൂടുതൽ മികവുറ്റതാക്കിയാൽ മാത്രമേ സേവനാവകാശ നിയമപ്രകാരം ഒരു പൗരന്റെ അവകാശം സമയബന്ധിതമായി നിറവേറ്റി കൊടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

ആയതിലേക്കായി ജീവനക്കാർ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിത്വമുള്ളവരുമായി മാറുക എന്നത് ഇതിന്റെ അടിസ്ഥാന ഘടകമാണ്. അതോടൊപ്പം ആധുനിക സങ്കേതങ്ങൾ ഉപയോഗിക്കുന്ന ഓഫീസിന്റെ അന്തരീക്ഷവും ജീവനക്കാരുടെ മാനോഭാവവും കൂടുതൽ സേവനോന്മുഖവുമാകണം. ഈ ലക്ഷ്യത്തോടെ ഘട്ടം ഘട്ടമായി നമ്മുടെ ഗ്രാമപഞ്ചായത്തുകൾ എല്ലാം ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടേണ്ടതുണ്ട് എന്ന നയം സർക്കാർ തലത്തിൽ സ്വീകരിച്ചു കഴിഞ്ഞു. ഇതിന്റെ ആദ്യഘട്ടമായി 2013ൽ ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട പത്തു പഞ്ചായത്തുകൾ വീതം ഐഎസ്ഒ അംഗീകാരം നേടുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത് തുടർന്ന് സംസ്ഥാനത്തെ 76 ഗ്രാമപഞ്ചായത്തുകളും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയവും ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടി. സാധാരണക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന തരത്തിൽ സേവന പ്രദാനം ഉയരുന്നതിന് ഐഎസ്ഒ അംഗീകാരം നേടിയ സ്ഥാപനങ്ങളിലൂടെ കഴിയുന്നുവെന്ന തിരിച്ചറിവാണ് പഞ്ചായത്ത് വകുപ്പിന്റെ സിരാകേന്ദ്രമായ പഞ്ചായത്ത് ഡയറക്ടറേറ്റും സംസ്ഥാനത്ത് അവശേഷിക്കുന്ന 13 ജില്ലാ ഓഫീസുകളും ഐഎസ്ഒ അംഗീകാരം നേടുന്നതിനായി സർക്കാർ 2016-17 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ദിശയിലേയ്ക്ക് കടന്നിരിക്കുന്നത്.

ഇതിന് മുന്നോടിയായി ഏതാനും ചുമതലകൾ നിറവേറ്റാൻ നാം സജ്ജരാകേണ്ടതുണ്ട്. ജീവനക്കാരുടെ കാര്യക്ഷമമായ സേവന നിലവാരവും, പൊതു ജനങ്ങൾക്ക് തൃപ്തികരമാം വിധം സേവനം വിഭാവനം ചെയ്യുന്ന തരത്തിൽ അവർക്ക് പരിശീലനം നൽകൽ, ആധുനിക ഓഫീ

സ് സംവിധാനവുമായി ഇണങ്ങിചേരാൻ അവരെ പ്രാപ്തമാക്കുന്നതിനായി സെമിനാറുകൾ, ശിൽപശാലകൾ എന്നിവ ഐഎസ്ഒ അംഗീകാരത്തിന് മുമ്പായി നടത്തേണ്ടതുണ്ട്. ക്വാളിറ്റി മാനേജ്മെന്റ മാന്വൽ, ക്വാളിറ്റി മാനേജ്മെന്റ് പ്രൊസീജിയർ മാന്വൽ എന്നിവ ഇതിനകം തയ്യാറായിട്ടുണ്ട്. ഡയറക്ടറേറ്റിന് പൊതുവായും മറ്റു ഓഫീസുകൾക്ക് പ്രത്യേകമായും ക്വാളിറ്റി പ്രൊസീജിയർ , വർക്ക് ഇൻസ്ട്രക്ഷൻ എന്നിവ നിർദ്ദേശിക്കപ്പെടേണ്ടതുണ്ട്. കൂടാതെ കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനത്തെ വിഷ്വൽ കമ്മ്യൂണിക്കേഷൻ സമ്പ്രദായത്തിലൂടെ ബന്ധിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഓഫീസുകളുടെ പ്രവർത്തനമികവും സേവന പ്രദാനവും ഉയരുമെന്നത് നിസംശയം പറയാവുന്ന സംഗതികളാണ്.

സംസ്ഥാനത്തെ ഐഎസ്ഒ അംഗീകാരം ലഭിച്ച ഗ്രാമപഞ്ചായത്തുകളിലൂടെ അവിടത്തെ പൊതുജനങ്ങൾക്ക് തൃപ്തികരമായ വിധത്തിൽ കാലതാമസം കൂടാതെ ഗുണമേന്മയുള്ള സേവനം ലഭ്യമാക്കാൻ കഴിഞ്ഞത് വകുപ്പിന്റെ കഴിഞ്ഞകാല പ്രവർത്തനത്തിന്റെ വലിയ നേട്ടമായി കണക്കാക്കാം. ഭരണസമിതികളുടേയും ജീവനക്കാരുടേയും കഠിനപരിശ്രമവും ഇല്ലാശക്തിയും എല്ലാവരുടേയും ഒറ്റക്കെട്ടായിട്ടുള്ള പ്രവർത്തനത്തിന്റെയുമൊക്കെ ഫലമായിട്ടാണ് ഈ അംഗീകാരം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് സാധിച്ചിട്ടുള്ളത്.

ഒരു പക്ഷേ ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാകാം ഒരു സർക്കാർ വകുപ്പിലെ മുഴുവൻ സ്ഥാപനങ്ങളും അതായത് 941 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ 956 സ്ഥാപനങ്ങൾ ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുക എന്ന വെല്ലുവിളി ഏറ്റെടുക്കുന്നത്. ഇതിന് തീരുമാനം എടുത്ത വകുപ്പ് മന്ത്രി ബഹുമാനപ്പെട്ട ഡോ.എം.കെ.മുനീർ അവർകളുടെ താൽപര്യം പ്രശംസനീയമാണ്. 2016-17ൽ നിർബന്ധമായും പ്രോജക്ട് വയ്ക്കുന്നതിനും ഇതിലേക്കായി ബാക്കിയുള്ള മുഴുവൻ ഗ്രാമപഞ്ചായത്തുകളും, ഡയറക്ടറേറ്റും, ഡിഡിപി ഓഫിസുകളും ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുന്നതിനുമുള്ള അനുമതി 13/01/2016-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി നൽകിയിട്ടുണ്ട്.

പ്രാദേശിക സംവിധാനത്തിന്റെ ഉദ്ദേശം പൊതുജനങ്ങളുടെ ആവശ്യങ്ങൾ പ്രാദേശിക സാഹചര്യത്തിനനുസരിച്ച് നിറവേറ്റുക എന്നതാണ്. പരമ്പരാഗതവും കൈമാറി ലഭിച്ചതുമായ വിവിധ സേവനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു. ഇതിനെ കൃത്യമായി നിർണ്ണയിച്ചും നിർവഹിച്ചും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തി പഞ്ചായത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടുക എന്ന ദൗത്യം ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.ജെയിംസ് വർഗ്ഗീസ് ഐഎഎസ്, പഞ്ചായത്ത് ഡയറക്ടർ ശ്രീമതി.സി.എ.ലത ഐഎഎസ്, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം ആദ്യമായി ഐഎസ്ഒ സർട്ടിഫിക്കേഷൻ നേടിയതിൽ നിന്നുള്ള പ്രചോദനം ആണ് പഞ്ചായത്ത് ഡയറക്ടറേറ്റിലും മറ്റു 13 ജില്ലാ ഓഫീസുകളിലും 941 ഗ്രാമപഞ്ചായത്തുകളിലും ഈ ഉദ്യമം വ്യാപിപ്പിക്കുന്നതിന് ഇടയാക്കിയിട്ടുള്ളത്.

*ലേഖകൻ ഡെപ്യൂട്ടി ചീഫ് രജിസ്ട്രാറും പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും (വികസനം, ഇൻചാർജ്) ആണ്*



# ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച് ചില സംശയങ്ങളും മറുപടികളും



സുദേനൻ എസ്.

1969-ലെ RBD ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നടന്ന സംഭവങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയുമോ?

1969-ലെ RBD ആക്ട് പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നടന്ന ജനന മരണ സംഭവങ്ങൾ ഈ ആക്ടിന്റെ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാൻ കഴിയും. ഈ ആക്ടിലെ വകുപ്പ് 13-ലെ വ്യവസ്ഥകൾ പ്രകാരമാണ് രജിസ്ട്രേഷൻ നടത്തേണ്ടത്.

വകുപ്പ് 13(1)ഉം 13(2)ഉം പ്രകാരം സംഭവങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും കാലതാമസം വന്നാൽ അത്തരം സംഭവങ്ങളിൽ രജിസ്ട്രാർ ലേറ്റ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥനാണോ?

ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ലേറ്റ് ഫീസ് ഈടാക്കുന്ന കാര്യം മാത്രമേ വകുപ്പ് 13-ൽ പറയുന്നുള്ളൂ; സംഭവങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള കാലതാമസം രജിസ്ട്രാറുടെ ഭാഗത്തു നിന്നുണ്ടായാൽ അതിന് ലേറ്റ് ഫീസ് ഈടാക്കാൻ ഈ വകുപ്പിൽ വ്യവസ്ഥയില്ല. എന്നാൽ, ന്യായമായ കാരണം കൂടാതെ സംഭവങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രാറുടെ ഭാഗത്തു നിന്നും അവഗണനയോ നിരസിക്കലോ ഉണ്ടായാൽ വകുപ്പ് 23(2) പ്രകാരം അദ്ദേഹത്തിൽ നിന്ന് പിഴ ഈടാക്കാവുന്നതാണ്.

ജനന അല്ലെങ്കിൽ മരണ സംഭവങ്ങളുടെ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഭാഷയിലല്ലാതെ മറ്റു ഭാഷയിൽ നൽകുമോ?

ജനന മരണ രജിസ്റ്ററിൽ നിന്നുള്ള പകർപ്പുകൾ ആ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയ അതേ ഭാഷയിൽ നൽകണം. എന്നാൽ പകർപ്പിന്റെ ഒരു കോപ്പി മറ്റേതെങ്കിലും ഭാഷയിൽ രജിസ്ട്രാർ പ്രത്യേകം നൽകുന്നതിന് തടസ്സമില്ല. എന്നാൽ അത്തരത്തിലുള്ള കോപ്പിക്കു മുകളിൽ 'പരിഭാഷപ്പെടുത്തിയ പകർപ്പ്' എന്ന് രേഖപ്പെടുത്തണം.

ജനനമരണ സംഭവങ്ങൾ അത് നടന്ന സ്ഥലത്തല്ലാതെ മറ്റൊരിടത്ത് രജിസ്റ്റർ ചെയ്യാൻ കഴിയുമോ? ഒറീസയിൽ നടന്ന സംഭവം കേരളത്തിൽ രജിസ്റ്റർ ചെയ്യാൻ കഴിയുമോ?

സംഭവങ്ങൾ അത് നടന്ന സ്ഥലത്തു മാത്രമേ രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. ഒറീസയിൽ നടന്ന സംഭവം ഒറീസയിലെ ബന്ധപ്പെട്ട പ്രാദേശിക രജിസ്ട്രാറാണ് രജിസ്റ്റർ ചെയ്യുക. ആ സംഭവം കേരളത്തിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല.

1969-ലെ RBD ആക്ടിന്റെ ഏത് വകുപ്പു പ്രകാരമാണ് സംഭവങ്ങൾ അതു നടന്ന സ്ഥലത്തു തന്നെ രജിസ്റ്റർ ചെയ്യണമെന്ന് സൂചിപ്പിക്കുന്നത്?

1969-ലെ ഞആഉ ആകടിന്റെ വകുപ്പ് 7(2)ഉം വകുപ്പ് 23(2) ഉം കൂട്ടിവായിക്കുമ്പോൾ, രജിസ്ട്രാർ തന്റെ അധികാര പരിധിക്കകത്തുള്ള സംഭവങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് വ്യക്തമാകുന്നു.

നഗരത്തിലെ ആസ്പത്രിയിൽ നടക്കുന്ന ജനനങ്ങൾ ആസ്പത്രി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ രജിസ്ട്രാറാണോ രജിസ്റ്റർ ചെയ്യേണ്ടത് അല്ലെങ്കിൽ ബന്ധപ്പെട്ട കുടുംബത്തിന്റെ താമസസ്ഥലത്ത് അത്തരം ജനനങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയുമോ?

ആസ്പത്രിയിൽ നടക്കുന്ന ജനന സംഭവങ്ങൾ ആസ്പത്രി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ രജിസ്ട്രാർ ആണ് രജിസ്റ്റർ ചെയ്യേണ്ടത്. സംഭവം നടന്ന സ്ഥലത്ത് അത് രജിസ്റ്റർ ചെയ്യുന്നതു കൊണ്ട് താമസ സ്ഥലത്ത് അവ രജിസ്റ്റർ ചെയ്യില്ല.

ജനന മരണ രജിസ്റ്ററിലെ രേഖപ്പെടുത്തലിലെ ക്ലറിക്കൽ/ ഔപചാരികമായി വന്ന തെറ്റുകൾ അല്ലെങ്കിൽ ഫോറത്തിൽ വന്ന തെറ്റ്, വ്യാജമായോ അനുചിതമായോ നടത്തിയ രേഖപ്പെടുത്തലുകൾ (ഉദാഹരണം: പേരിൽ വന്ന അക്ഷരതെറ്റ്, ശസ്ത്രക്രിയയെ തുടർന്നുണ്ടാകുന്ന ലിംഗമാറ്റം) അച്ഛന്റെയോ അമ്മയുടെയോ ചുരുക്കപേരാണ് രേഖപ്പെടുത്തിയിട്ട് ഉള്ളതെങ്കിൽ ജനനവും മരണവും നടന്ന യഥാർഥ സ്ഥലമല്ല രേഖപ്പെടുത്തിയത് എങ്കിൽ, സ്ഥാപിത താത്പര്യത്തോടു കൂടി തെറ്റായി നടത്തുന്ന രേഖപ്പെടുത്തൽ, ചികിത്സ ഉദ്യോഗസ്ഥന്റെ

അലംഭാവം കൊണ്ട് തെറ്റായി അറിയിക്കുന്നവ?

രജിസ്ട്രേഷൻ യൂണിറ്റിന്റെ രജിസ്ട്രാർ ക്ലറിക്കൽ /ഔപചാരിക തെറ്റിന്റെ കാര്യത്തിൽ: അദ്ദേഹത്തിന് സ്വയം ബോദ്ധ്യപ്പെട്ടതിനു ശേഷം തിരുത്തൽ നടത്തുകയും വരുത്തിയ മാറ്റങ്ങളെ സംബന്ധിച്ച് ജില്ലാ/ചീഫ് രജിസ്ട്രാറെ അറിയിക്കുകയും ചെയ്യണം. രജിസ്ട്രാർ, അദ്ദേഹത്തിന്റെ ബോദ്ധ്യപ്പെടലിനു വിധേയമായി തെറ്റു തിരുത്തൽ/റദ്ദാക്കൽ സംബന്ധിച്ച് ഉചിതമായ രേഖപ്പെടുത്തലുകൾ, യഥാർത്ഥ രേഖപ്പെടുത്തലിന് ഒരു മാറ്റവും വരുത്താതെ, രജിസ്റ്ററിന്റെ മാർജിനിൽ നടത്തി അവിടെ തീയതിയോടു കൂടി ഒപ്പു വയ്ക്കേണ്ടതാണ്.വ്യാജമോ അനുചിതമോ ആയ രേഖപ്പെടുത്തലിന്റെ കാര്യത്തിൽ: നിർദ്ദിഷ്ട അധികാരിയിൽ നിന്നും അനുമതി കിട്ടിയതിനു ശേഷം തിരുത്തൽ നടത്തേണ്ടതാണ്. തെറ്റിനെ സംബന്ധിച്ച് ബന്ധപ്പെട്ട ആൾ സത്യവാങ്മൂലം നൽകുകയും സംഭവത്തിന്റെ സത്യസ്ഥിതിയെക്കുറിച്ച് അറിയാവുന്ന രണ്ട് വ്യക്തികൾ വിവരങ്ങൾ ശരിയാണെന്ന് അംഗീകരിക്കുകയും ചെയ്ത ശേഷം രജിസ്ട്രാർക്ക് തിരുത്തൽ/ റദ്ദാക്കൽ നടത്താൻ കഴിയും. തിരുത്തൽ/ റദ്ദാക്കൽ നടത്തിയ വിവരം അത് നൽകുന്നയാളിന് അയച്ചു കൊടുക്കേണ്ടതാണ്.

ഗസറ്റ് വിജ്ഞാപന പ്രകാരം അല്ലന്റെയോ, അമ്മയുടെയോ പേര് കുഞ്ഞിന്റെ ജനന രജിസ്ട്രേഷനുശേഷം മാറ്റിയിട്ടുണ്ടെങ്കിൽ അത് ജനന രജിസ്റ്ററിൽ കൂട്ടിചേർക്കാമോ?

പേരിലുള്ള അത്തരം മാറ്റങ്ങൾ വകുപ്പ് 15-ന്റെ പരിധിയിൽ വരുന്നില്ല. അതിനാൽ അത് ജനന രജിസ്റ്ററിൽ കൂട്ടിച്ചേർക്കേണ്ടതില്ല.

ബീഹാറിൽ നടന്ന മരണം മുംബെയിലെ മാട്ടുംഗയിലാണ് ആണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. കാരണം അയാൾ മുംബെയിലെ മാട്ടുംഗയിലെ താമസക്കാരൻ ആയിരുന്നു. പിന്നീടാണ് രജിസ്ട്രാർ സത്യാവസ്ഥ അിറഞ്ഞത്. മരണം നടന്ന സ്ഥലത്താണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന നടപടി ക്രമം രജിസ്ട്രാർ കുടുംബത്തെ അറിയിച്ചു. തുടർന്ന് എന്തെക്കെ നടപടികളാണ് നിർവഹിക്കാനുള്ളത്?

അത്തരം കാര്യത്തിൽ രജിസ്ട്രാർ മാട്ടുംഗയിൽ രജിസ്റ്റർ ചെയ്ത സംഭവം റദ്ദ് ചെയ്യേണ്ടതാണ്. തുടർന്ന്, നടപടി ക്രമമനുസരിച്ച് ഇക്കാര്യം വിവരം അറിയിച്ചയാളിനെ അറിയിക്കുകയും സംഭവം നടന്ന ബീഹാറിൽ തന്നെ ജനനം രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യണം.

ജനന മരണ സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടു കൂടി നൽകാൻ കഴിയുമോ? അങ്ങനെയെങ്കിൽ ഡിജിറ്റൽ ഒപ്പിടാൻ ആരെയാണ് ചുമതലപ്പെടുത്തുന്നത്?

ഐടി ആക്ടിന്റെ വകുപ്പ് 5-ലെ വ്യവസ്ഥകൾ പ്രകാരം ഡിജിറ്റൽ ഒപ്പോടു കൂടിയ ജനന മരണ സർട്ടിഫിക്കറ്റുകൾ ഓരോ രജിസ്ട്രാറുടെയും അധികാര പരിധിയിൽ സാധുതയുള്ള രേഖയാണ്.

രജിസ്ട്രാർ സ്ഥലംമാറിപ്പോവുകയോ പെൻഷൻപറ്റി പിരിയുകയോ ചെയ്യുമ്പോൾ മുൻ രജിസ്ട്രാർ ഉപയോഗിച്ചിരുന്ന ഡിജിറ്റൽ ഒപ്പുപയോഗിച്ച് സർട്ടിഫിക്കറ്റ് തയ്യാറാക്കാൻ കഴിയുമോ?

അത്തരം സന്ദർഭങ്ങളിൽ ഇപ്പോഴത്തെ രജിസ്ട്രാർ, അദ്ദേഹത്തിന്റെ ഡിജിറ്റൽ ഒപ്പും പേരും തയാറാക്കികിട്ടുന്നതുവരെ അദ്ദേഹം കൈ കൊണ്ട് ഒപ്പിട്ട് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.ഇത്തരം സംഗതികളിൽ കരുതൽ നടപടിയെന്നോണം ഡിജിറ്റൽ ഒപ്പിന്റെ ഉപയോഗം വളരെ വലിയ പ്രദേശത്തിന്റെ അധികാരപാലനമുള്ള ഒരു ഉദ്യോഗസ്ഥന് മാത്രമായി നിജപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്.

ഒരു വ്യക്തിക്ക് തിരച്ചിലിന് മാത്രമായോ, അല്ലെങ്കിൽ തിരച്ചിലിനും പകർപ്പ് (സർട്ടിഫിക്കറ്റ്) ലഭിക്കുന്നതിനും കൂടിയോ ഒരേ സമയം അപേക്ഷിക്കാൻ കഴിയുമോ?

ഈ ആക്ടിന്റെ വകുപ്പ് 17 പ്രകാരം, സംസ്ഥാന സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളിൻ കീഴിൽ, ജനന അല്ലെങ്കിൽ മരണവുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ നിന്നുള്ള സംഭവങ്ങളുടെ വിവരങ്ങൾ തിരയുന്നതിനും പകർപ്പ് നൽകുന്നതിനും, രണ്ടും ഒരുമിച്ച് നൽകുന്നതിനും അതിലേക്കുള്ള ഫീസ് സംബന്ധിച്ചും വ്യവസ്ഥകളുണ്ട്. മുകളിൽ പറഞ്ഞ വ്യവസ്ഥകളുടെ വെളിച്ചത്തിൽ, രജിസ്റ്ററിലെ ഏതൊരു രേഖപ്പെടുത്തലിന്റെയും ഒരു തിരച്ചിലിന് മാത്രമായി അപേക്ഷിക്കാൻ കഴിയുന്നതും അയാൾ രണ്ടിനും കൂടി അപേക്ഷിക്കേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു. രജിസ്റ്ററിലെ സംഭവത്തിന്റെ അവസ്ഥയെ സംബന്ധിച്ച് അപേക്ഷകനെ/ അപേക്ഷകയെ അറിയിക്കുന്നതാണ്.

ഒരു ഇന്ത്യക്കാരന്റെ മരണം ഇന്ത്യയ്ക്കു പുറത്തു വച്ച് നടക്കുകയും എന്നാൽ ശവസംസ്ക്കാരം ഇന്ത്യയിൽ വച്ച് നടത്താൻ അദ്ദേഹത്തിന്റെ കുടുംബം തീരുമാനിക്കുകയും ചെയ്യുകയാണെങ്കിൽ, മരണം രജിസ്റ്റർ ചെയ്യാൻ എന്താണ് ചെയ്യേണ്ടത്?

ഇന്ത്യയ്ക്ക് പുറത്തുവച്ച് നടക്കുന്ന മരണം ഇന്ത്യയിൽ രജിസ്റ്റർ ചെയ്യാൻ കഴിയുകയില്ല. അത്തരം മരണങ്ങൾ 1955-ലെ പൗരത്വ ആക്ട് പ്രകാരം ഇന്ത്യൻ കോൺസുലേറ്റിലാണ് രജിസ്റ്റർ ചെയ്യേണ്ടത്. ഇത് 1969-ലെ ജനന-മരണ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായി കണക്കാക്കുന്നതാണ്. ഈ ആക്ട് പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് നിയമസാധുതയുള്ളതായി കണക്കാക്കും.

കേരളത്തിൽ നിന്നുള്ള ഒരു പ്രവാസി ഇന്ത്യയിലേയ്ക്ക് തിരിച്ചുവരികയും മുംബെയിൽ സ്ഥിര താമ

സമാക്കാൻ തീരുമാനിക്കുകയുമാണെങ്കിൽ വിദേശത്തു ജനിച്ച അവരുടെ കുഞ്ഞിന്റെ ജനനം എവിടെയാണ് രജിസ്റ്റർ ചെയ്യേണ്ടത്? മുംബയിലാണോ? കേരളത്തിലാണോ?

ഇന്ത്യയിൽ സ്ഥിരതാമസമാക്കാനുള്ള ഉദ്ദേശ്യത്തോടെ മടങ്ങിയെത്തുന്ന ഇന്ത്യൻ പൗരന്മാരുടെ കുഞ്ഞുങ്ങളുടെ ജനനം, അവർ മടങ്ങിയെത്തി 60 ദിവസത്തിനുള്ളിൽ, അവർ താമസമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിന് RBD ആക്ട് അനുമതി നൽകുന്നു. മുംബെയിൽ താമസിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ ജനനം മുംബെയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

സ്ഥാപനങ്ങളിൽ നിന്നുള്ള സംഭവങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ചുമതലപ്പെട്ട മെഡിക്കൽ ഓഫീസർ(വിവരം അറിയിക്കേണ്ട ആൾ)ക്ക് എതിരെ രജിസ്ട്രാർക്ക് നിയമനടപടി സ്വീകരിക്കാമോ?

ചുമതലപ്പെട്ട മെഡിക്കൽ ഓഫീസർ സംഭവം നിർദ്ദിഷ്ട സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യുന്നില്ലെങ്കിൽ ലേറ്റ് ഫീസ് അടയ്ക്കേണ്ടതും ആക്ടിന്റെ വകുപ്പ് 13ഉം 23ഉം പ്രകാരം ശിക്ഷാർഹനുമാണ്. ആവശ്യമെങ്കിൽ ആക്ടിന്റെ വകുപ്പ് (25) പ്രകാരം, ചീഫ് രജിസ്ട്രാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ജനനവും മരണവും രജിസ്റ്റർ ചെയ്യാത്തതിനുള്ള കുറ്റം ചുമത്തിയ ശേഷം സംഭവം രജിസ്റ്റർ ചെയ്യാമോ?

നിയമനടപടികൾ ആരംഭിച്ചതോ, ഒരാൾക്കെതിരെ കുറ്റം ചുമത്തിയതോ, ആക്ടിന്റെ വകുപ്പ് 13(4) പ്രകാരമുള്ള നിർബന്ധിതമായ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് തടസ്സമാകുന്നില്ല. വകുപ്പ് 23ഉം 24ഉം പ്രകാരമുള്ള നടപടികളെ കുറിച്ച് മുൻവിധിയില്ലാതെ വകുപ്പ് (13) പ്രകാരമുള്ള നടപടിയെടുക്കാം.

രജിസ്ട്രേഷൻ വൈകിയതിന് അടയ്ക്കുന്ന ലേറ്റ് ഫീസോ, കോടതി ചുമത്തുന്ന പിഴയോ അടയ്ക്കേണ്ടത് മെഡിക്കൽ ഓഫീസർ സ്വന്തം നിലയ്ക്കാണോ, സ്ഥാപനമാണോ?

പിഴ അടയ്ക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപനങ്ങൾ അല്ല. മെഡിക്കൽ ഓഫീസർമാരാണ്. ആക്ടിന്റെ വകുപ്പ് 8(1)പ്രകാരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടത് മെഡിക്കൽ ഓഫീസറുടെ ഉത്തരവാദിത്വമാണ്.

ഇന്ത്യൻ പൗരത്വമുള്ള ഒരാൾ വിദേശത്തുവച്ച് മരിച്ചാൽ പ്രസ്തുത മരണം ഇന്ത്യയിലെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യാമോ?

വിദേശത്തു നടക്കുന്ന മരണം ഇന്ത്യയിൽ രജിസ്റ്റർ ചെയ്യുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല. 1969ലെ ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 20(2)-ാം വകുപ്പിലെ പ്രത്യേക വ്യവസ്ഥ ഇന്ത്യൻ പൗരന്മാർക്ക് വിദേശത്തു ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനു മാത്രമാണ് ബാധകം.

നിയമവിധേയമായ വിവാഹബന്ധത്തിൽ അല്ലാതെ ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ സംബന്ധിച്ച് എന്ത് നടപടികളാണ് രജിസ്ട്രാർ സ്വീകരിക്കേണ്ടത്?

നിയമവിധേയമായ വിവാഹ ബന്ധത്തിലും അല്ലാതെയുമുള്ള ജനനങ്ങളുടെ രജിസ്ട്രേഷന് ഒരേ നടപടി ക്രമം തന്നെയാണ് നിലവിലുള്ളത്. എന്നാൽ നിയമവിധേയമായ വിവാഹ ബന്ധത്തിൽ അല്ലാതെ ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷനിൽ ഒരാളുടെ പേര് പിതാവിന്റെ പേരായി ഉൾപ്പെടുത്തുന്നതിന് പ്രസ്തുത വ്യക്തിയുടെയും മാതാവിന്റെയും സംയുക്താപേക്ഷ ഉണ്ടായിരിക്കണം.

അസ്വാഭാവിക മരണം റിപ്പോർട്ടുചെയ്ത പോലീസ് ഉദ്യോഗസ്ഥൻ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചില്ലെന്ന കാരണത്താൽ മരണകാരണം രേഖപ്പെടുത്താതെ റിപ്പോർട്ട് നൽകിയാൽ അത് സ്വീകരിക്കാവുന്നതാണോ?

ജനന മരണ രജിസ്ട്രേഷൻ നിയമം 8-ാം വകുപ്പു പ്രകാരം ചുമതലപ്പെട്ട വ്യക്തി തന്റെ അറിവിലും ഉത്തമവിശ്വാസത്തിലും യഥാവിധി റിപ്പോർട്ടു ചെയ്യുന്ന വിവരം രജിസ്ട്രാർ രജിസ്റ്റർ ചെയ്യേണ്ടതാണ്. യഥാർത്ഥ മരണകാരണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മരണകാരണം രേഖപ്പെടുത്താതെ നിയമം അനുശാസിക്കുന്ന സമയ പരിധിക്കുള്ളിൽ മരണം റിപ്പോർട്ടു ചെയ്യുന്ന സംഗതികളിൽ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

ജനനവും മരണവും വാക്കാലോ തപാൽ മുഖേനയോ റിപ്പോർട്ടുചെയ്യാവുന്നതാണോ?

സെക്ഷൻ 8(1) പ്രകാരം ജനന മരണങ്ങൾ വാക്കാലും റിപ്പോർട്ട് ചെയ്യാവുന്നതാണ്. വാക്കാൽ നൽകുന്ന വിവരം രജിസ്റ്ററിൽ (റിപ്പോർട്ട്ഫാറത്തിൽ) രേഖപ്പെടുത്തേണ്ടതും വിവരം നൽകുന്നയാൾ പേരും മേൽവിലാസവും എഴുതി ഒപ്പുവയ്ക്കേണ്ടതുമാണ്. വിവരം നൽകുന്നയാൾ നിരക്ഷരനാണെങ്കിൽ അയാളുടെ പേരും മേൽവിലാസവും രജിസ്ട്രാർ രേഖപ്പെടുത്തേണ്ടതും വിരലടയാളം വയ്പിക്കേണ്ടതുമാണ്. നിർദ്ദിഷ്ട ഫാറത്തിൽ (ഫാറം1,2,3) തപാൽമാർഷം ലഭിക്കുന്ന റിപ്പോർട്ടുകളും നിയമാനുസൃതമാണ്. അത്തരം കേസുകളിൽ തപാൽമാർഷം ലഭിച്ച റിപ്പോർട്ടാണെന്ന വിവരം റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തണം.

ഉപേക്ഷിപ്പെട്ട കുട്ടികളുടെ ജനനരജിസ്ട്രേഷനിൽ സ്വീകരിക്കേണ്ട നടപടിക്രമവും അത്തരം രജിസ്

ട്രേഷനുകളിൽ മാതാപിതാക്കളുടെ പേര് എപ്രകാരം രേഖപ്പെടുത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ സെക്ഷൻ 8(1)(ഇ) പ്രകാരമാണ് നടത്തേണ്ടത്. മാതാപിതാക്കളുടെ പേര് അറിയാത്തതിനാൽ പ്രസ്തുത കോളങ്ങൾ ഒഴിച്ചിടേണ്ടതാണ്.

ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനനരജിസ്ട്രേഷനിൽ ജനനസ്ഥലം എങ്ങനെയാണ് രേഖപ്പെടുത്തേണ്ടത്?

ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷനിൽ ജനനസ്ഥലം അറിയില്ലെങ്കിൽ കുട്ടിയെ ലഭിച്ച സ്ഥലം ജനനസ്ഥലമായി കാണിക്കേണ്ടതാണ്. എന്നാൽ ഭാവിയിൽ കുട്ടിയ്ക്ക് അപമാനമുണ്ടാക്കുന്ന രീതിയിൽ ജനനസ്ഥലം (ഉദാ :- അമ്മത്തൊട്ടിൽ, ഓർഫനേജ് മുതലായവ) രേഖപ്പെടുത്താൻ പാടില്ല. അത്തരം സാഹചര്യത്തിൽ സ്ഥാപനത്തിന്റെ പേര് ഒഴിവാക്കി സ്ഥലപ്പേര് മാത്രം ചേർക്കേണ്ടതാണ്.

1969ലെ ജനനമരണരജിസ്ട്രേഷൻ നിയമം നിലവിൽ വരുന്നതിനു (1.04.1970ന്) മുമ്പുള്ള ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണോ?

നിയമം നിലവിൽ വരുന്നതിനു മുമ്പുള്ള ജനന മരണങ്ങളും സെക്ഷൻ 13 പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

1.04.1970നു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ ഇപ്പോൾ പേരു ചേർക്കാവുന്നതാണോ?

സെക്ഷൻ 31(2) പ്രകാരം, മുമ്പ് നിലവിലുണ്ടായിരുന്ന നിയമങ്ങൾ അനുസരിച്ച് നടത്തിയിട്ടുള്ള രജിസ്ട്രേഷനുകൾ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമ പ്രകാരം നടത്തിയതായി കരുതപ്പെടുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പഴയ രജിസ്ട്രേഷനുകളിൽ പേരു ചേർക്കുക, എക്സ്ട്രാക്ട് നൽകുക, തിരുത്തലുകൾ വരുത്തുക മുതലായവ നിലവിലുള്ള നിയമ പ്രകാരം നടത്തേണ്ടതാണ്. എന്നാൽ 1.4.1970 ന് മുമ്പുള്ള രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിനും തിരുത്തൽ വരുത്തുന്നതിനും ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമാണ്.

ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതിൽ വീഴ്ച വരുത്തിയാൽ സെക്ഷൻ 23(4) പ്രകാരം നടപടി സ്വീകരിക്കാൻ കഴിയുമോ?

1999 ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 10(1)-ാം ചട്ടം അനുസരിച്ച് മാതാപിതാക്കളോ രക്ഷാകർത്താവോ രജിസ്ട്രേഷൻ തീയതി മുതൽ 12 മാസത്തിനകം കുട്ടിയുടെ പേര് സംബന്ധിച്ച് രജിസ്ട്രാർക്ക് വിവരം നൽകേണ്ടതും ചട്ടത്തിൻ കീഴിലുള്ള ക്ലിപ്ത നിബന്ധന അനുസരിച്ച് വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ വ്യക്തിക്കെതിരെ സെക്ഷൻ 23(4) പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

കുട്ടിയുടെ സെക്സ് ശസ്ത്രക്രിയ വഴി മാറ്റം വരുത്തിയാൽ ജനന രജിസ്ട്രേഷനിൽ അതനുസരിച്ച് മാറ്റം വരുത്താമോ?

മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷനിൽ കുട്ടിയുടെ സെക്സും ആവശ്യമെങ്കിൽ പേരും മാറ്റാവുന്നതാണ്.

1969ലെ ജനന മരണ രജിസ്ട്രേഷൻ നിയമം നിലവിൽ വരുന്നതിനു മുമ്പ് മറ്റു നിയമങ്ങൾ അനുസരിച്ച് നടത്തിയ ജനന മരണ രജിസ്ട്രേഷനുകളിൽ ഇപ്പോൾ തിരുത്തൽ വരുത്താൻ കഴിയുമോ? കഴിയുമെങ്കിൽ ഏതു നിയമപ്രകാരമാണ് നടപടി സ്വീകരിക്കേണ്ടത്?

സെക്ഷൻ 31(2) പ്രകാരം, മുമ്പ് നിലവിലുണ്ടായിരുന്ന നിയമങ്ങൾ അനുസരിച്ച് നടത്തിയിട്ടുള്ള രജിസ്ട്രേഷനുകൾ 1969 ലെ ജനന മരണ രജിസ്ട്രേഷൻ നിയമ പ്രകാരം നടത്തിയതായി കരുതപ്പെടുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ രജിസ്ട്രേഷനുകളിലെ ഉൾക്കുറിപ്പുകളിൽ തെറ്റുണ്ടെങ്കിൽ അത് സെക്ഷൻ 15 അനുസരിച്ച് തിരുത്താവുന്നതാണ്.

ജനന രജിസ്ട്രേഷനുശേഷം ഗസറ്റ് വിജ്ഞാപനം വഴിയോ മറ്റുവിധത്തിലോ മാതാപിതാക്കളുടെ പേര് മാറ്റിയാൽ പ്രസ്തുതമാറ്റം ജനന രജിസ്റ്ററിൽ വരുത്താവുന്നതാണോ?

15-ാം വകുപ്പിൽ രജിസ്ട്രേഷനുകളിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിനാണ് വ്യവസ്ഥയുള്ളത്. അതിനാൽ മാതാപിതാക്കളുടെ പേരിലോ മറ്റേതെങ്കിലും വിവരങ്ങളിലോ രജിസ്ട്രേഷനുശേഷം വരുത്തുന്ന മാറ്റം രജിസ്റ്ററിൽ വരുത്താൻ കഴിയില്ല.

ഒരു ജനനമോ മരണമോ സംബന്ധിച്ച് എത്ര സർട്ടിഫിക്കറ്റുകൾ നൽകാം?

സെക്ഷൻ 12 പ്രകാരം യഥാസമയം (21 ദിവസത്തിനകം) റിപ്പോർട്ടു ചെയ്യുന്ന ജനന മരണങ്ങൾക്ക് രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ഒരു സർട്ടിഫിക്കറ്റ് സൗജന്യമായി നൽകേണ്ടതാണ്. എന്നാൽ സെക്ഷൻ 17 അനുസരിച്ച് എത്ര സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടാലും നൽകാവുന്നതാണ്. ഓരോ സർട്ടിഫിക്കറ്റിനും 5 രൂപ വീതം പകർപ്പ് ഫീസ് വാങ്ങേണ്ടതാണ്.

മരിച്ചുപോയ ഒരാളുടെ ജനനം രജിസ്റ്റർ ചെയ്യാൻ സാധിക്കുമോ?

7(2)-ാം വകുപ്പനുസരിച്ച് എല്ലാ ജനന മരണങ്ങളും നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണ്. അതിനാൽ മരിച്ചുപോയ വ്യക്തിയുടെ ജനനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ അത് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഒരു പ്രസവത്തിൽ ഒന്നിലധികം കുട്ടികൾ ജനിക്കുന്ന സംഗതിയിൽ ജനനം എപ്രകാരമാണ് ജനന രജിസ്റ്ററിൽ ചേർക്കേണ്ടത്?

ഓരോ കുട്ടിയുടേയും വിവരം വെവ്വേറെ റിപ്പോർട്ട് ചെയ്യേണ്ടതും ആയത് അപ്രകാരം തന്നെ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

*പഞ്ചായത്ത് ഡയറക്ടറേറ്റിൽ സിവിൽ രജിസ്ട്രേഷൻ വിഭാഗം ഉദ്യോഗസ്ഥനാണ് ലേഖകൻ*



# വയോജന അയൽക്കൂട്ട പദ്ധതിയ്ക്ക് ചവറയിൽ തുടക്കം

പാർശ്വവത്ക്കരിക്കപ്പെട്ട വയോജനങ്ങളുടെ ആരോഗ്യ, മാനസിക, സാമ്പത്തിക ഉപജീവനപരമായ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുന്നതിനായി കുടുംബശ്രീ നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ ഉപജീവനപദ്ധതിയുടെ (എൻ.ആർ.എൽഎം) ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് എൽഡർലി ഇൻക്ലൂഷൻ പദ്ധതി. 60 വയസ്സുകഴിഞ്ഞ സ്തികളും പുരുഷൻമാരും അടങ്ങിയ മിശ്രിത അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അതുവഴി അവരുടെ ആരോഗ്യ, മാനസിക, സാമൂഹിക സാമ്പത്തിക ഉപജീവനപരമായ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്ത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കുന്ന ഈ പരിപാടി കൊല്ലം, എറണാകുളം എന്നീ ജില്ലകളിലെ അഞ്ച് പഞ്ചായത്തുകളിലാണ് നടപ്പിലാക്കുന്നത്. കൊല്ലം ജില്ലയിലെ ചവറ ബ്ലോക്കിലെ ചവറ, നീണ്ടകര, തെക്കുംഭാഗം എന്നീ പഞ്ചായത്തുകളിലായി ഇതിനകം 326 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനവും വയോജന അയൽക്കൂട്ടങ്ങളുടെ സമാഗമവും 2016 ജനുവരി 20-ാം തീയതി ചവറയിൽ വച്ച് നടത്തി. ബഹു:തൊഴിൽവകുപ്പ് മന്ത്രി ശ്രീ.ഷിബു ബേബിജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങ് ബഹു:പഞ്ചായത്ത് സാമൂഹിക നീതി വകുപ്പുമന്ത്രി ഡോ:എം.കെ.മുനീർ ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ മുതിർന്ന പൗരൻമാർ എങ്ങനെ ജീവിക്കണമെന്നതിനുള്ള മാതൃകയായിരിക്കും ചവറയിൽ ആരംഭിക്കുന്ന വയോജന അയൽക്കൂട്ട പദ്ധതി എന്ന് മന്ത്രി എം.കെ.മുനീർ പറഞ്ഞു. പദ്ധതിക്ക് ചവറ തെരഞ്ഞെടുക്കപ്പെട്ടത് പൂർവ്വകാല പദ്ധതികളുടെ വിജയത്തിന്റെയും, വിശ്വാസത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് അദ്ധ്യക്ഷത വഹിച്ച മന്ത്രി.ഷിബു ബേബിജോൺ പറഞ്ഞു. ചടങ്ങിൽ കൊല്ലംജില്ലയിലെ ചവറ, നീണ്ടകര, തെക്കുംഭാഗം എന്നീ പഞ്ചായത്തുകളിലെ മുതിർന്ന പൗരൻമാരെ ആദരിച്ചു. മുതിർന്ന പൗരൻമാരുടെ കലാപരിപാടികളും ശ്രദ്ധേയമായി.. ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.തങ്കമണിപ്പിള്ള, ജില്ലാപഞ്ചായത്ത് അംഗങ്ങളായ എസ്.ശോഭ, സേതുലക്ഷ്മി, സോഷ്യൽ ഡെവലപ്മെന്റ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ:എസ്.സലീം, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ: ടി.ബിജു, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി.അനിൽകുമാർ, നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.മായാ വിമല പ്രസാദ്, ചവറ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ടി..രാഹുൽ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ശ്രീ. അരുൺരാജ്, ശ്രീ.മോഹൻലാൽ, ചവറ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീ.വി.ജ്യോതിഷ്കുമാർ, ശ്രീ.ഇ.യോഹന്നാൻ തുടങ്ങിയവർ പ്രസംഗിച്ചു. ചവറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി.ലളിത.പി.കെ സ്വാഗതം ആശംസിച്ച ചടങ്ങിൽ സെക്രട്ടറി എസ്.അൻസാരി കൃതജ്ഞത രേഖപ്പെടുത്തി.



ശിവബിന്ദു

# 'ജനിവിജയ'യിലൂടെ വിജയപുരം ആദ്യവൈകല്യ രഹിത ഗ്രാമത്തിലേക്ക്

ഏതൊരു വികസനപദ്ധതിയുടേയും വിജയമെന്നുപറയുന്നത് പദ്ധതി പരമാവധി ജനപങ്കാളിത്തത്തിലൂടെ നടപ്പിൽ വരുത്തുകയും അത് പ്രയോജനപ്പെട്ടവർ ആ നേട്ടം സ്പഷ്ടമായ തെളിവുകളോടെ ജനത്തിനുമുന്നിൽ മനസ്സിൽത്തട്ടി അവതരിപ്പിക്കുമ്പോഴുമാവും. അത്തരമൊരു വേദിയായി മാറി കോട്ടയം ജില്ലയിലെ വിജയപുരം പഞ്ചായത്ത് നടപ്പാക്കിയ ജനിവിജയ പദ്ധതി സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാൻ നടത്തിയ ആദ്യ ശിൽപ്പശാലയുടെ ഉത്ഘാടനം. ഹോമിയോപ്പതിയിലൂടെ സംസ്ഥാനത്തെ ആദ്യവൈകല്യരഹിത ഗ്രാമം സൃഷ്ടിക്കാൻ സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ ആഭിമുഖ്യത്തിൽ തുടങ്ങിവെച്ച ജനിവിജയ ചികിത്സയിലൂടെ സുഖം പ്രാപിച്ച രോഗികൾ പകർന്നുനല്കിയ ദീപം തെളിയിച്ചാണ് വനം-ഗതാഗത-കായിക വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉത്ഘാടനം നിർവ്വഹിച്ചത്. ഗർഭസ്ഥശിശുവിന് വൈകല്യം കണ്ടെത്തിചികിത്സിച്ച് ആരോഗ്യമുള്ള കുഞ്ഞ് ജനിച്ച മീര-വിനോദ് ദമ്പതികൾ, ജന്മനാ നഷ്ടപ്പെട്ട കാഴ്ചശക്തി തിരിച്ചുകിട്ടിയ മിനി മണിക്കുട്ടൻ, മരത്തിൽനിന്നു വീണ് തളർന്നകിടന്നതിൽ നിന്നും സുഖം പ്രാപിച്ച സലീം, ചലനശേഷിയെ ബാധിക്കുന്ന ഡിമയലനേറ്റിംഗ് രോഗത്തിൽ നിന്നും സുഖം പ്രാപിച്ച 17 വയസ്സുകാരി ശിൽപ്പ എന്നിവരാണ് മന്ത്രിക്ക് ദീപം പകർന്നു നൽകിയത്. ഇതിൽ പഠനത്തിൽ മിടുക്കിയായ ശിൽപ്പ ഹോമിയോപ്പതിയിൽ ആകൃഷ്ടയായി ഹോമിയോ മെഡിക്കൽ ബിരുദത്തിന് ചേർന്നു.

ജനിതക വൈകല്യങ്ങളും മറ്റ് ശാരീരിക-മാനസിക വൈകല്യങ്ങളും ഹോമിയോപ്പതിയിലൂടെ ചികിത്സിച്ചു ഭേദമാക്കുന്ന ജനിവിജയ പദ്ധതി പൊതുജനങ്ങൾക്കിടയിൽ റെക്കോർഡ് നേട്ടം കൈവരിച്ചതിനു പിന്നാലെ പദ്ധതി കേരളമൊട്ടുക്കും വ്യാപിപ്പിച്ച് പ്രയോജനപ്പെടുത്തുന്ന തരത്തിൽ വിജയപുരം പഞ്ചായത്തിൽ ജനിവിജയ ഹോമിയോപ്പതിക് റെഫറൽ ആശുപത്രി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മന്ത്രി ഉത്ഘാടനപ്രസംഗത്തിൽ അറിയിച്ചത്. വിദേശരാജ്യങ്ങളിൽ നിന്നുവരെ ആളുകൾ ചികിത്സതേടിയെത്തി. 2014 മാർച്ചിൽ തുടക്കമിട്ട പദ്ധതിയിൽ ഇതുവരെ 440-തോളം രോഗികൾ ചികിത്സതേടിയിരുന്നു. ഇതിൽ ചികിത്സ തുടരുന്ന 88 ശതമാനം രോഗികളും സുഖം പ്രാപിച്ചുവരുന്നതായി മെഡിക്കൽ ഓഫീസർ ഡോ. ആർ.ശ്രീകുമാർ സാക്ഷ്യപ്പെടുത്തുന്നു. അന്ധരായിരുന്ന രണ്ടുപേർക്ക് കാഴ്ച കിട്ടിക്കൊണ്ടിരിക്കുന്നതും കേൾവ്വിക്ക് തകരാറുള്ളവരും ചലനവൈകല്യമുള്ളവരും സുഖം പ്രാപിച്ചുവരുന്നതും ചികിത്സാവിജയത്തിന്റെ ദൃഷ്ടാന്തമാണ്. ഗർഭപാത്രം ജന്മനാ ഇല്ലാതിരുന്ന മൂന്നു സ്ത്രീകൾക്ക് മരുന്നുകൊണ്ട് ഗർഭപാത്രം വികസിച്ചുവരുന്നത് ആരോഗ്യരംഗത്തെ തന്നെ അതിവിശിഷ്ടവും അത്യപൂർവ്വവുമായ അനുഭവമായി ചൂണ്ടിക്കാട്ടാം. അതിൽ ഒരാൾക്ക് ആർത്തവചക്രം സാധാരണപോലെ ഉണ്ടായിക്കഴിഞ്ഞു. ഓട്ടിസം, (എ.ഡി.എച്ച്.ഡി.) രോഗമുള്ള നിരവധി കുട്ടികൾ മെച്ചപ്പെട്ടുവരുന്നു. ഓട്ടിസം ചികിത്സയിലെ ശ്രദ്ധേയ നേട്ടങ്ങളെ മുൻനിർത്തി ലോക ഓട്ടിസം ദിനത്തിൽ ജനിവിജയയെക്കുറിച്ച്

ഇസ്രായേലിൽ നിന്നുള്ള മെഡീബീസ് ടി.വി പ്രത്യേക ഫീച്ചർ തയ്യാറാക്കിയതും ശ്രദ്ധേയമായി.

ഹോമിയോപ്പതിയിൽ രോഗ സൗഖ്യ സാധ്യതയില്ലെന്ന പൊതുജനങ്ങളുടെ തെറ്റായധാരണ മാറ്റിയെടുത്ത് ജീനുകളുടെ ശേഷി നേടിയെടുക്കുന്ന വിത്തുകോശ ചികിത്സ (Stemcell therapy), റീജെനറേറ്റീവ് തെറാപ്പി തുടങ്ങിയ ചികിത്സാരീതികളുടെ സാധ്യതകളെക്കുറിച്ച് ശരിയായ ബോധവത്കരണം നടത്തിയാലേ വൈകല്യമുക്ത ഗ്രാമമെന്ന പൂർണ്ണ ലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിക്കൂവെന്ന് ഡോ.ശ്രീകുമാർ പറഞ്ഞു. വിത്തുകോശ ചികിത്സ വഴിയുള്ള വൈകല്യനിയന്ത്രണത്തെക്കുറിച്ച് ഡോക്ടറിന്റെ തന്നെ ഭാഷയിൽ വിശദീകരിച്ചതിങ്ങനെ...

ഓരോ മനുഷ്യനെയും വ്യത്യസ്തനാക്കുന്നത് ജീനുകളാണ്. ഈ ജീനുകൾ അനന്യസാധാരണമായ പ്രത്യേകതകൾ നൽകുന്നതോടൊപ്പം മനുഷ്യന്റെ പ്രതിരോധശേഷിയും നിർണ്ണയിക്കുന്നു. ആധുനീക ശാസ്ത്രപ്രകാരം എട്ടുതരം ബൗദ്ധികതകളാണ് മനുഷ്യർക്കുള്ളത്. ഭാഷാപരം, ഗണിതപരം, വ്യക്തിബന്ധപരം, സംഗീതപരം, അന്തർമുഖപരം, പ്രകൃത്യാഭിമുഖ്യപരം, കായികപരം, വീക്ഷണപരം എന്നിവ. ഇതുകൂടാതെ അസ്ഥിത്വപരവുമുണ്ട്. ഇവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ബൗദ്ധികതയാവും ഒരുവന് ലഭിക്കുക. ഈ ബൗദ്ധികതയോടൊപ്പം മാതാപിതാക്കളിൽ നിന്ന് പകർന്നുകിട്ടുന്ന പ്രത്യേകതകളും കൂടിച്ചേരുന്നതാണ് ഒരു മനുഷ്യന്റെ വ്യക്തിത്വ സവിശേഷതകൾ. മാതാവിന്റെ ഗർഭകാലത്തെ ചില കടുത്ത മാനസിക സംഘർഷ സാഹചര്യങ്ങളാൽ ശിശുവിന് ജനിതകഗുണങ്ങൾ പൂർണ്ണമായും പ്രകടമാവുന്നത് തടസ്സപ്പെട്ടേക്കാം. ഇത് കുട്ടിയിൽ അംഗപരിമിതിയായോ, ഓട്ടിസമായോ, പഠന, പെരുമാറ്റ വൈകല്യങ്ങളായോ മറ്റ് ജനിതക ത്തകരാറുകളായാവും പ്രകടമാവുന്നത്. ഇവർ പഠനപരകമായി പിന്നോക്കമെങ്കിലും മേൽപ്പറഞ്ഞ ഏതെങ്കിലും ചില ബൗദ്ധികതയുടെ ചെറിയ സ്ഫുലിംഗങ്ങൾ അവരിൽ ഉറങ്ങിക്കിടക്കുന്നുണ്ടാവും. ഇവയെ



ജന്മനാ നഷ്ടപ്പെട്ട കാഴ്ചശക്തി തിരിച്ചുകിട്ടിയ മിനി മണിക്കുട്ടൻ ചലനശേഷിയെ ബാധിക്കുന്ന ഡിമയലനേറ്റിംഗ് രോഗത്തിൽ നിന്നും സുഖം പ്രാപിച്ച 17 വയസ്സുകാരി ശിൽപ്പ എന്നിവരോട് ഉത്ഘാടനവേദിയിൽ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുന്നു.

കത്തെി ഹോമിയോപ്പതിക് മരുന്നുകൾ കൊണ്ട് ഉദ്ദീപിപ്പിച്ചാൽ അന്തർലീനമായ കഴിവുകളെ കൂടുതൽ പ്രകടമാക്കാനും ആ വ്യക്തിയിലെ അനവധി നന്മയുടെ കിരണങ്ങളെ ദർശിച്ച് വെല്ലുവിളികൾ പരിമിതപ്പെടുത്തി ഉത്തമ വ്യക്തിത്വങ്ങളാക്കി മാറ്റാൻ സാധിക്കും. ഡോക്ടർ ചികിത്സിച്ചുകൊണ്ടിരിക്കുന്നതും മികച്ച മാറ്റം ദർശിച്ചതുമായ അനേകം കേസുകളെ മുൻനിർത്തി പറഞ്ഞു. വീട്ടുകാർക്കും ടീച്ചർമാർക്കും സഹപാഠികൾ തീരാത്ത തലവേദന സൃഷ്ടിക്കുന്ന പിരുപിരുപ്പന്മാരായ കുട്ടികൾ മുതൽ ജനിതക വൈകല്യങ്ങൾ മൂലം ജന്മനാ നഷ്ടപ്പെട്ട കാഴ്ചയും കേൾവിയും ഒരുകാലത്തും തിരിച്ചുകിട്ടില്ലായെന്നുകരുതി ജീവിതത്തെപ്പഴിച്ച് ജീവിച്ചവരുടെ അനുഭസാക്ഷ്യങ്ങൾ വരെ.

സ്കൂൾവിദ്യാർത്ഥികളിലെ ജനിതക-പഠന-പെരുമാറ്റ വൈകല്യങ്ങൾ കത്തൊനും കൗൺസിലിംഗിലൂടെയും ഹോമിയോപ്പതി ചികിത്സയിലൂടെയും ലളിതമായി പരിഹരിക്കാൻ ജനിവിജയ പദ്ധതിയുടെ രണ്ടാംഘട്ടം മെഡിക്കൽ ശിൽപ്പശാലകൾക്ക് തുടക്കമിട്ടു. ഇതിനായി പഞ്ചായത്തു പരിധിയിലെ 12 സ്കൂളുകളിൽ ശിൽപ്പശാല സംഘടിപ്പിക്കാനായി തീരുമാനിച്ചു.

## ആദ്യ വൈകല്യരഹിത ഗ്രാമത്തിനായി ജനിവിജയ റഫറൽ ആശുപത്രി

ഹാമിയോപ്പതി വകുപ്പ് നടപ്പിലാക്കിയ ജ്യോതിർഗമയ, സദ്ഗമയ എന്നീ വിജയകരമായ ചികിത്സാ പദ്ധതികളെ പിന്തുടർന്നാണ് പഞ്ചായത്ത് ആബാലവൃദ്ധം ജനങ്ങൾക്കും പ്രയോജനപ്പെടുന്നതരത്തിൽ ജനിവിജയ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചത്. ചികിത്സയക്കും മരുന്നുമായി 2014-2015 സാമ്പത്തികവർഷം 2.40 ലക്ഷവും 2015-16 ൽ മെഡിക്കൽ ക്യാമ്പുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്കായി 6.60 ലക്ഷവുമാണ് പഞ്ചായത്ത് വകയിരുത്തിയിരിക്കുന്നത്. ആദ്യ പരിശോധനയിൽ രോഗപഠനത്തിന് ഒരു മണിക്കൂറോളം വേണ്ടതിനാൽ ഒ.പി.ക്കും ക്യാമ്പുകൾക്കും മുൻകൂർ രജിസ്ട്രേഷൻ ആവശ്യമാണ്. സ്പാറ്റിസം, അർബ്ബുദം, ക്യാൻസർ വേദനാശമനം, മറവിരോഗം, ക്രോൺസ് ഡിസീസ് മാനസിക രോഗങ്ങൾ, ഓട്ടോ ഇമ്മ്യൂൺ അസുഖങ്ങൾ, എസ്.എൽ.ഇ., സോറിയാസിസ്, വെള്ളപ്പാണ്ട്, വൃക്ക, കരൾ രോഗങ്ങൾ എന്നിവയാണ് ഇവിടെ ചികിത്സ കിട്ടുന്ന മറ്റുരോഗങ്ങൾ. പദ്ധതിയുടെ മൂന്നാംഘട്ടം ജനിതകത്തകരാറുകൾ, പഠന-പെരുമാറ്റ വൈകല്യങ്ങൾ, കാഴ്ച- കേഴ്വിത്തകരാറുകൾ, മറ്റ് ചികിത്സാ ശാസ്ത്രങ്ങളാൽ രോഗനിർമ്മാർജ്ജനം സാധ്യമല്ലായെന്ന് വിധിക്കപ്പെട്ട കേസുകൾ, അർബ്ബുദ -സാന്ത്വന ചികിത്സ എന്നിവയ്ക്കുമായി ഒ.പി, ഐ.പി സൗകര്യങ്ങൾ

സഹിതം 10 കിടക്കകളുമുള്ള റഫറൽ ആശുപത്രിയാണ് ലക്ഷ്യമിടുന്നത്. നിലവിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റ് ജില്ലകളിൽ നിന്നും അനവധി രോഗികൾ അന്വേഷിച്ചെത്തിയതും ചികിത്സ തേടിയ സാഹചര്യത്തിലാണ് ഹോമിയോപ്പതിയിലൂടെ സംസ്ഥാനത്തെ ആദ്യ വൈകല്യരഹിത ഗ്രാമത്തിലേക്കെത്താൻ പഞ്ചായത്ത് ജനിവിജയ ആശുപത്രി തുടങ്ങുവാനുള്ള പ്രമേയം പഞ്ചായത്ത് പാസ്സാക്കിയതും മന്ത്രിയുടെ പ്രത്യേക അനുമതി ലഭിച്ചതുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. മെഡിക്കൽ ശിൽപ്പശാലകൾ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീകുമാർ സൈക്കോളജിസ്റ്റ് ഡോ. മായാറാണി എന്നിവരുടെ നേതൃത്വത്തിലായിരിക്കും.

### ആശയറ്റവർക്ക് ആശാകിരണമായി ഹോമിയോപ്പതി

ആരോഗ്യരംഗത്തെ വിപ്ലവകരമായ കാൽവെയ്പ്പിന് തുടക്കമിട്ട് കേൾവിക്കുറവ്, അന്ധത, ജനിതകത്തകരാറുകൾ എന്നിവയിൽ വൻമുന്നേറ്റം സാധ്യമാക്കിയ മുംബൈയിലെ പ്രഡിക്ടീവ് ഹോമിയോപ്പതി ഗ്രൂപ്പിന്റെ തലവനായ ഡോ. പ്രഫുൽ വിജയ്കറിന്റെ ആദർശങ്ങളാണ് ഡോ. ശ്രീകുമാറിന്റെ പ്രചോദനം. മഹാരാഷ്ട്രയിലെ അനേകം ഗ്രാമങ്ങളിൽ Hope for Hopeless ക്യാമ്പുകൾ സംഘടിപ്പിച്ച് വെല്ലുവിളികൾ നേരിടുന്ന പതിനായിരക്കണക്കിന് വ്യക്തികൾക്ക് പുതുജീവൻ പകർന്നുനൽകി ഐക്യരാഷ്ട്രസംഘടനയുടെ വിഭാഗമായ ഇ.പി.ഡി.സി.യുടെ പ്രശംസാപരാമർശത്തിനുവരെ പാത്രമായ ഡോ. പ്രഫുൽ വിജയ്കറിന്റെ ആശയങ്ങളെ പിന്തുടർന്നാണ് പഞ്ചായത്തിലും മെഡിക്കൽ ക്യാമ്പുകൾ വിഭാവനം ചെയ്തത്. ഈ കാലഘട്ടത്തിലെ ആശങ്കകളായ വന്ധ്യത, സ്ത്രീകളുടെ പ്രശ്നങ്ങൾ, ലഹരിവിമുക്തി, മറ്റ് ജീവിതശൈലീ രോഗങ്ങൾക്കുമായി ഹോമിയോപ്പതി വകുപ്പ് നടത്തുന്ന പ്രത്യേക പദ്ധതികളായ അമ്മയും കുഞ്ഞും, സീതാലയം, സദ്ഗമയ, ആയുഷ്മാൻഭവ എന്നിവയിലൂടെ ചെലവുകുറഞ്ഞ ചികിത്സകളും നൽകിവരുന്നതായും ഡോ.ശ്രീകുമാർ അറിയിച്ചു.

*PRDയിൽ ഇൻഫർമേഷൻ അസിസ്റ്റന്റാണ് ലേഖിക*


# മംഗലപുരം ഗ്രാമ പഞ്ചായത്ത്

മംഗലപുരം ഗ്രാമ പഞ്ചായത്തിൽ എല്ലാ ശനിയാഴ്ചയും ഫ്രണ്ട് ഓഫീസ് രാവിലെ 8.30 ന് തുറക്കാൻ പഞ്ചായത്ത് ജീവനക്കാർ തീരുമാനിച്ചു. അതുപോലെ ലഞ്ച് ബ്രേക്കില്ലാതെ ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുകയും ചെയ്യും. ഈ മാസം മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഇതുമൂലം സർക്കാർ ജീവനക്കാർ തുടങ്ങി വിവിധ മേഖലയിൽ പണിയെടുക്കുന്നവർക്ക് രാവിലെ പഞ്ചായത്ത് ഓഫീസിൽ കയറി പരാതികൾ നൽകാനും കരം, സർട്ടിഫിക്കറ്റുകൾ വാങ്ങാനും അവസരം ഒരുക്കും.

മംഗലപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മംഗലപുരം ഷാഫിയുടെ നേതൃത്വത്തിൽ മംഗലപുരം ജംഷനിൽ നിന്നും ചെണ്ടമേളത്തോടെയാണ് ജീവനക്കാരൻ രാവിലെ ഓഫീസിൽ എത്തിയത്. ഓഫീസിൽ പായസ വിതരണവും നടത്തി. ആദ്യ ദിവസം തന്നെ നിരവധി പേര് ഈ സൗകര്യത്തിനായി പഞ്ചായത്തിൽ എത്തി.





# ബൽവന്ത്റായ് മേത്തയെ അനുസ്മരിച്ച്
# പഞ്ചായത്ത് ദിനാഘോഷം 2016

**രാജേഷ് കുറുപ്പ്**




പഞ്ചായത്ത്രാജ് എന്ന അമൂർത്തമായ സങ്കൽപ്പത്തിന് വിത്തുപാകി മുളപ്പിച്ച് യാഥാർത്ഥ്യമാക്കിയ മഹത്വ്യക്തിത്വത്തിന് ഉടമയായ ബൽവന്ത്റായി മേത്തയുടെ 117-ാം ജന്മവാർഷികമാണ് 2016 ഫെബ്രുവരി 19 .

രാജ്യം ഒന്നാകെ പഞ്ചായത്തുരാജിന്റെ പിതാവായി അദ്ദേഹത്തെ സ്മരിക്കുമ്പോൾ കേരളവും അദ്ദേഹത്തിന്റെ ജന്മദിനം പഞ്ചായത്തു ദിനമായി ആഘോഷിച്ചുകൊണ്ട് അദ്ദേഹത്തെ സമുചിതമായി ആദരിക്കുകയാണ്.

1899ലെ ഫെബ്രുവരി 19ന് ഗുജറാത്തിലെ ഭാവ്നഗറിലെ, ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് അദ്ദേഹം, ചെറുപ്പത്തിൽത്തന്നെ പുസ്തകങ്ങൾ വായിക്കുന്നതിനും സാമൂഹിക പ്രവർത്തനത്തിലും അതീവ താൽപ്പര്യം ഉണ്ടായിരുന്ന ബൽവന്ത്റായ് പഠനത്തിലും മുൻപന്തിയിലായിരുന്നു. ബോംബെ സർവ്വകലാശാലയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടിയെങ്കിലും 1920ൽ നാഗ്പൂരിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആഹ്വാനമനുസരിച്ച്, വിദേശ ഭരണാധികാരികളിൽ നിന്നും, ബിരുദം സ്വീകരിക്കേണ്ടതില്ല എന്ന് അദ്ദേഹം തീരുമാനിച്ചു. തുടർന്ന് സാമ്പത്തിക ശാസ്ത്രത്തിൽ തന്നെ ഗുജറാത്ത് വാദ്യാപീഠത്തിൽ നിന്നും ബിരുദം കരസ്ഥമാക്കി. മഹാത്മാഗാന്ധി ഭാരതത്തിലും ദക്ഷിണാഫ്രിക്കയിലുമായി നടത്തിയ സാമൂഹിക പ്രവർത്തനങ്ങൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. മഹാത്മജിയുടെ പാത പിന്തുടർന്ന് സൗരാഷ്ഠ്രയിലും സമീപ നാട്ടുരാജ്യങ്ങളിലും, ജനാധിപത്യ അവകാശങ്ങൾക്കുവേണ്ടി സത്യാഗ്രഹം ഉൾപ്പെടെ, അഹിംസയിൽ അധിഷ്ഠിതമായ നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹം ഖാദിയുടെ പ്രവാചകനുമായിരുന്നു. ഉയർന്ന ചിന്തയും ലളിത ജീവിതവും ലോകസാഹിത്യത്തിൽ നിന്നും ആർജ്ജിച്ച അറിവും അദ്ദേഹത്തിന്റെ ജീവിതത്തെ വിപ്ലവകരമായി മുന്നോട്ട് നയിച്ചു.

1948ൽ ഭാവ്നഗർ സംസ്ഥാനത്തിന്റെ പ്രധാനമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിലും അദ്ദേഹം അംഗമായിരുന്നു. 1948ൽ സൗരാഷ്ട്ര സംസ്ഥാനം രൂപീകരിച്ചപ്പോൾ സൗരാഷ്ട്രയിലെ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു. 1952ൽ ലോകസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ലോകസഭയിലെ എസ്റ്റിമേറ്റ് കമ്മിറ്റി അദ്ധ്യക്ഷനായിരുന്നു. 1958ൽ അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്ത് രൂപീകരിക്കുകയും 1961 വരെ അതിന്റെ അധ്യക്ഷനായിരി




ക്കുകയും ചെയ്ത അദ്ദേഹം 1963 സെപ്തംബർ മാസത്തിൽ ഗുജറാത്ത് സംസ്ഥാനത്തിന്റെ രണ്ടാമത്തെ മുഖ്യമന്ത്രിയായി അദ്ദേഹം അധികാരമേറ്റു.

അധികാരവികേന്ദ്രീകരണം എന്ന ആശയം സമൂർത്തമായി അവതരിപ്പിച്ചത് രാഷ്ട്രപിതാവ് മഹാത്മജി ആണ്. അദ്ദേഹത്തിന്റെ 'സ്വരാജ്' എന്ന സങ്കൽപ്പം ഓരോ ഇൻഡ്യൻ ഗ്രാമവും സ്വാശ്രയവും സമ്പത്സമൃദ്ധവും സ്വയംപര്യാപ്തവും ആക്കുന്നതാണ് അന്തിമലക്ഷ്യം എന്ന് മഹാത്മജി പ്രഖ്യാപിച്ചിരുന്നു. എന്നാൽ മറ്റു പല ഗാന്ധിയൻ സങ്കൽപ്പങ്ങളെയും പോലെ ഇതും വിസ്മരിക്കപ്പെട്ടു. എന്നാൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും അധികാരവികേന്ദ്രീകരണ പ്രക്രിയയ്ക്ക് വേഗം കൂട്ടുവാൻ ശ്രമിച്ചു എങ്കിലും ആ യജ്ഞം മുന്നോട്ടു പോയി.

ഭരണഘടനയുടെ 40-ാം അനുച്ഛേദത്തിൽ ഗ്രാമതലത്തിൽ പഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടുവെങ്കിലും താങ്കളുടെ കൈവശത്തിലുള്ള അധികാരം ചോർന്നുപോകാത്ത തരത്തിലുള്ള അധികാര വികേന്ദ്രീകരണത്തിന് മാത്രമാണ് സംസ്ഥാന സർക്കാരുകൾ തയ്യാറായത്. അധികാരത്തിന്റെ ഏറ്റവും താഴത്തെ തട്ട് തങ്ങളിൽ വരെ മാത്രം മതി എന്നും, തങ്ങളുടെ തലത്തിൽ നിന്നും താഴേക്ക് അധികാരം വികേന്ദ്രീകരിക്കപ്പെടണ്ടാ

**അധികാരവികേന്ദ്രീകരണം എന്ന ആശയം സമൂർത്തമായി അവതരിപ്പിച്ചത് രാഷ്ട്രപിതാവ് മഹാത്മജി ആണ്. അദ്ദേഹത്തിന്റെ 'സ്വരാജ്' എന്ന സങ്കൽപ്പം ഓരോ ഇൻഡ്യൻ ഗ്രാമവും സ്വാശ്രയവും സമ്പത്സമൃദ്ധവും സ്വയംപര്യാപ്തവും ആക്കുന്നതാണ് അന്തിമലക്ഷ്യം എന്ന് മഹാത്മജി പ്രഖ്യാപിച്ചിരുന്നു.**



യെന്നതും അധികോരം കൈയ്യേറിയിരുന്നവരുടെ ഒരു പൊതു മിനിമം വികാരമായിരുന്നു.

കാർഷിക വികസനവും അതിലധിഷ്ഠിതമായ ഗ്രാമവികസനവുമാണ് ഭാരതത്തിന്റെ വികസനത്തിന് അടിത്തറയാകേണ്ടതെന്ന് മനസ്സിലാക്കിയ പ്രഥമ പ്രധാനമന്ത്രി, ഗ്രാമപ്രദേശങ്ങളുടെ പ്രശ്നങ്ങളും സാധ്യതകളും സമഗ്രമായി കൈകാര്യം ചെയ്യുവാൻ രാജ്യത്തുടനീളം നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് ബ്ലോക്കുകൾ (NES Block) സ്ഥാപിക്കുകയും, ഒന്നാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾ ബ്ലോക്കുകളിലൂടെ നടപ്പിലാക്കുകയും ചെയ്തെങ്കിലും ഉദ്ദേശിച്ച ഫലം ലഭിച്ചില്ല. അതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനും അപാകതകൾ പരിഹരിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും, അതിന്റെ അടിസ്ഥാനത്തിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ പുതിയ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമായി 1956ൽ ബൽവന്ത്റായ് മേത്തയുടെ അദ്ധ്യക്ഷതയിൽ ഒരു പാർലമെന്റ് സമിതി രൂപീകരിക്കുകയും ചെയ്തു.

വികസനത്തിന്റെയും സാമൂഹ്യ സുരക്ഷയുടെയും എല്ലാ മേഖലകളിലും കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അധികാരം താഴെ തലത്തിലേക്ക് വികേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ഭരണ സംവിധാനം നടപ്പിലാക്കണമെന്നും, ഈ സംവിധാനം മൂന്ന് തലങ്ങളിലായുള്ളതും അടിസ്ഥാന ഘടകം ഗ്രാമതലത്തിലായിരിക്കണമെന്നും അതിനാവശ്യമായ തരത്തിൽ സംസ്ഥാന സർക്കാരുകൾ നിയമ നിർമ്മാണം നടത്തണമെന്നും ബൽവന്ത്റായ് അധ്യക്ഷനായ സമിതി ശുപാർശ ചെയ്തു എന്നാൽ ദൗർഭാഗ്യകരമെന്നു പറയട്ടെ, തങ്ങളുടെ കയ്യിലുള്ള അധികാരങ്ങൾ വികേന്ദ്രീകരണ പ്രക്രിയ വഴി കൈവിട്ടുപോകുമെന്ന ഭയത്താൽ എല്ലാ സംസ്ഥാനങ്ങളും ഈ നിർദ്ദേശങ്ങൾക്കുനേരെ മുഖം തിരിച്ചു നിൽക്കുകയാണ് ഉണ്ടായത്. അതിന്റെ ഫലമെന്നോണം കേന്ദ്രാവിഷ്കൃതവും സംസ്ഥാനാവിഷ്കൃതവുമായി പദ്ധതികൾ തുടർച്ചയായി പരാജയപ്പെടുകയും പദ്ധതികൾ

തുടർച്ചയായി പരാജയപ്പെടുകയും പദ്ധതികൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഗുണകരമാകാതിരിക്കുകയും, ഇടനിലക്കാർ പദ്ധതികളുടെ സാമ്പത്തിക ഗുണഭോക്താക്കളാകുന്ന അവസ്ഥ സംജാതമാകുകയും ചെയ്തു.

മേൽ പോരായ്മകൾ മനസ്സിലാക്കിയ മുൻ പ്രധാനമന്ത്രി യശഃശരീരനായ രാജീവ് ഗാന്ധി, പദ്ധതിത്തുകയുടെ 15 ശതമാനത്തിൽ താഴെ തുക മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നുള്ളൂവെന്ന് കണ്ടെത്തുകയും, പരിഹാരമായി ബൽവന്ത്റായ് നിർദ്ദേശിച്ച മാതൃക നടപ്പിലാക്കുന്നത് ഉചിതമായിരിക്കും എന്ന് കണ്ട് 64/65 ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്തു രാജ് നഗരപാലികാ നിയമങ്ങൾ നടപ്പിലാക്കുന്നതിന് ശ്രമിക്കുകയും, നിയമ നിർമ്മാണത്തിനാവശ്യമായ ബില്ല് ലോക്സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തുവെങ്കിലും പ്രസ്തുത ബിൽ രാജ്യസഭ നിരാകരിച്ചതിനെ തുടർന്ന് നിയമം നടപ്പിലാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. പിന്നീട് 1992ൽ 73, 74 ഭരണഘടനാ ഭേദഗതികളിലൂടെയാണ് പഞ്ചായത്ത് രാജ്, നഗരപാലികാ നിയമങ്ങൾ യാഥാർത്ഥ്യമായത്.

അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിന് നാം ശ്രമം തുടങ്ങിയിട്ട് ഏറെ നാളുകളായി. ജനകീയ പങ്കാളിത്തത്തോടെ പ്രാദേശിക വിഭവങ്ങളും സാദ്ധ്യതകളും പരിഗണിച്ചും സുതാര്യമായും വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും അവ പ്രായോഗികതലത്തിൽ കൊണ്ടുവരുന്നതിനും നമ്മൾ നടത്തിയ ശ്രമങ്ങളും നടത്തിപ്പുരീതിയും ലോകരാജ്യങ്ങൾ മാതൃകയായി സ്വീകരിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃക താങ്കളുടെ രാജ്യത്തും നടപ്പിലാക്കുവാൻ ദക്ഷിണ പൂർവ്വേഷ്യയിലെ പാക്കിസ്ഥാനും ബംഗ്ലാദേശും ഉൾപ്പെടെയുള്ള പത്ത് രാജ്യങ്ങൾ തീരുമാനിക്കുകയും ഈ കേരള മാതൃക പഠിക്കുന്നതിനായി കഴിഞ്ഞ ദിവസങ്ങളിൽ അവർ 'കില' യിൽ എത്തി പരിശീലനം തേടുകയും ചെയ്തു.

സർക്കാർ നടപടികൾക്ക് അനുപൂരകമായി ജനകീയ ഇടപെടലുകൾക്ക് അവസരം ഉറപ്പാക്കുന്ന അധികാരവികേന്ദ്രീകരണ പ്രക്രിയക്ക് രണ്ട് പതിറ്റാണ്ട് പ്രായമാവുമ്പോൾ ഈ സംവിധാനം ഒരു പുനർവായനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

കഴിഞ്ഞ രണ്ടു പതിറ്റാണ്ടു കാലം കൊണ്ട് കേരളത്തിലെ തദ്ദേശ ഭരണ സംവിധാനത്തിൽ കാതലായ നിരവധി മാറ്റങ്ങൾ ഉണ്ടായി എന്നത് തർക്കമന്യേ എല്ലാവരും അംഗീകരിക്കുന്ന വസ്തുതയാണ്. അതിൽ തന്നെ കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിനുണ്ടായ ഗുണപരമായ മാറ്റങ്ങൾ എടുത്തുപറയേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകിയ ചുമതലകളും അധികാരങ്ങളും അവ നിർവ്വഹിക്കുന്നതിനാവശ്യമായ ആളും അർത്ഥവും നൽകി സംസ്ഥാന സർക്കാർ ഈ സംവിധാനത്തിന് കരുത്തു പകർന്നിരുന്നു.

ത്രിതല പഞ്ചായത്ത് ഭരണ സംവിധാനത്തിലേക്ക് കൂടുതൽ അർത്ഥവും അധികാരവും നൽകി എന്ന് അഭിമാനിക്കുമ്പോഴും ഭരണഘടനാനുസൃതവും അടിസ്ഥാന ജനകീയസഭയുമായ ഗ്രാമസഭകൾ യഥാർത്ഥ അർത്ഥത്തിൽ സംഘടിപ്പിക്കുന്നതിനോ ഗ്രാമസഭകളിൽ നിക്ഷിപ്തമാകേണ്ട അധികാരങ്ങൾ ഗ്രാമസഭകൾക്ക് നൽകുന്നതിനോ നമ്മുടെ പഞ്ചായത്ത് ഭരണസാരഥികൾ മടിച്ചുനിൽക്കുന്നു എന്നത് ദുഃഖകരമാണ്.

ഗ്രാമസഭകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിൽ നിർണ്ണായകമായ പങ്കാണ് ഉള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ ജീവനാണ് ഗ്രാമസഭകൾ. ഗ്രാമസഭകളും അയൽസഭകളും കാര്യക്ഷമമാക്കി പ്രാദേശിക ആസൂത്രണത്തേയും ജനകീയ പങ്കാളിത്തത്തേയും അധികാര വികേന്ദ്രീകരണത്തിന്റെ മാർഗദീപമാക്കി മാറ്റുവാൻ കഴിയണം. ഗ്രാമസഭയുടെ തീരുമാനങ്ങൾ മറികടക്കുവാൻ പഞ്ചായത്ത് ഭരണസമിതിക്ക് അധികാരമില്ല. ആർക്കും

**ഗ്രാമസഭകൾക്ക് പഞ്ചായത്ത്‌രാജ് നിയമത്തിൽ നിർണ്ണായകമായ പങ്കാണ് ഉള്ളത്. അധികാരവികേന്ദ്രീകരണത്തിന്റെ ജീവനാണ് ഗ്രാമസഭകൾ. ഗ്രാമസഭകളും അയൽസഭകളും കാര്യക്ഷമമാക്കി പ്രാദേശിക ആസൂത്രണത്തേയും ജനകീയ പങ്കാളിത്തത്തേയും അധികാര വികേന്ദ്രീകരണത്തിന്റെ മാർഗദീപമാക്കി മാറ്റുവാൻ കഴിയണം.**



പിരിച്ചുവിടാൻ കഴിയാത്ത സുസ്ഥിരമായ ഒരു ഭരണഘടനാ സ്ഥാപനമാണ് ഗ്രാമസഭ. എന്നാൽ ഇന്ന് ഗ്രാമസഭകൾ കടലാസിൽ മാത്രമായി നിലനിൽക്കുന്ന ഒരു സംവിധാനമായി മാറിപ്പോകുന്നു. ആസൂത്രണ പ്രക്രിയയിൽ എല്ലാ വിഭാഗത്തിന്റേയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സഹായകരമാകുന്ന വേദികളും സംവിധാനങ്ങളും കൂടുതൽ കാര്യക്ഷമമാകണം. അതുപോലെതന്നെ കക്ഷി/മുന്നണി അടിസ്ഥാനത്തിലല്ല പഞ്ചായത്തുകൾ പ്രവർത്തിക്കേണ്ടത്. ഇവിടെ ഭരണപക്ഷവും പ്രതിപക്ഷവും ഇല്ല. ഭരണം നടത്തേണ്ടത് സ്റ്റാൻഡിംഗ് കമ്മിറ്റികളാണ്. പ്രാദേശിക ഭരണ സംവിധാനങ്ങളോടെ ജനങ്ങൾക്ക് വിശ്വാസ്യതയും താൽപ്പര്യവും വർദ്ധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനം പഞ്ചായത്തു തലത്തിലെ ഭരണകർത്താക്കളുടെ ഭാഗത്തു നിന്നും ഉണ്ടായെങ്കിൽ മാത്രമേ അധികാരവികേന്ദ്രീകരണം എന്ന മഹാത്മജിയും ബൽവന്തറായിയും ഉൾപ്പെടെയുള്ളവരുടെ സ്വപ്നം സ്വാർത്ഥകമാവുകയുള്ളൂ.

പ്രാദേശിക ഭരണകൂടം (Local Government), പ്രാദേശിക ഭരണവും (Local Governance), രണ്ടാണ് എന്ന തിരിച്ചറിവ് പ്രാദേശിക ഭരണകർത്താക്കൾക്ക് ഉണ്ടാകേണ്ടതുണ്ട്. തങ്ങളുടെ നിയന്ത്രണത്തിലുള്ള ഭരണസംവിധാനത്തെ സാമൂഹ്യ മാറ്റത്തിനുള്ള സംവിധാനം ആക്കി മാറ്റുന്നതിനും അതിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും സാധിക്കേണ്ടതായിട്ടുണ്ട്.

പുതുതായി കടന്നു വന്നിരിക്കുന്ന ജനപ്രതിനിധികൾ സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. 'എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്തം നിറവേറ്റുവാൻ എനിക്ക് എന്തു ചെയ്യുവാൻ സാധിക്കും.'

പ്രയോഗതലത്തിലെ പ്രശ്നങ്ങൾ പരിഹരിച്ചും ഭേദഗതികൾ വരുത്തിയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഉന്നതമായ കർമ്മശേഷിയും ഭരണനൈപുണ്യവും വിനിയോഗിച്ച് യഥാർത്ഥ സ്വയംഭരണ സ്ഥാപനങ്ങൾ ആവട്ടെ. ആത്യന്തികമായി ജനങ്ങൾ നിരീക്ഷകരും തിരുത്തൽ ശക്തികളുമായി പ്രവർത്തിക്കുമ്പോൾ മാത്രമേ അധികാര വികേന്ദ്രീകരണം സ്വാർത്ഥകമാകുകയുള്ളൂ. ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണ പ്രക്രിയയിലെ അടിസ്ഥാനശിലയായ ഗ്രാമസഭകളുടെ ശാക്തീകരണത്തിനായും കൃത്യാന്തര ബാഹുല്യം കൊണ്ട് വീർപ്പുമുട്ടുന്ന പഞ്ചായത്ത് ഭരണ സംവിധാനത്തിലേക്ക് ആവശ്യമായ പുതിയ തസ്തികകളും കൂടുതൽ ജീവനക്കാരെയും ഇനിയും അനുവദിക്കേണ്ടതുണ്ട്.

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം എറണാകുളം ജില്ലയിലെ കറുകുറ്റിയിൽ വച്ചാണ് സംഘടിപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രിയും വകുപ്പു മന്ത്രിയും ഉൾപ്പെടെ അധികാര വികേന്ദ്രീകരണ രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ചടങ്ങിൽ പഞ്ചായത്ത് രാജ് സംവിധാനത്തെപ്പറ്റിയുള്ള നിരവധി സെമിനാറുകളും നടക്കുന്നുണ്ട്. പഞ്ചായത്ത് ദിനാഘോഷ വേദിയിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി വിതരണവും, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ചവച്ച പഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാരവും വിതരണം ചെയ്യും.

പഞ്ചായത്ത്രാജ് എന്ന ജനകീയ സംവിധാനത്തിന് വിത്തുപാകി മുളപ്പിച്ച് യാഥാർത്ഥ്യമാക്കിയ ബൽവന്ത്റായി മേത്തയുടെ 117-ാം ജന്മവാർഷികത്തിൽ അദ്ദേഹം വിഭാവനം ചെയ്ത ഭരണ സംവിധാനങ്ങൾ ജനപക്ഷത്തുനിന്നും പ്രവർത്തിക്കുന്നുവെന്നും ഗ്രാമസഭകൾ സാർത്ഥകമാകുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ബൽവന്ത്റായുടെ സ്മരണകളും പഞ്ചായത്ത് ദിനാഘോഷവും ഊർജ്ജം പകരുമെന്ന് പ്രത്യാശിക്കാം.

*ലേഖകൻ ചുനക്കര ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും ഐ.എം.ജി ഗസ്റ്റ് ഫാക്കൽറ്റിയും ആണ്*






# പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ മേഖലാ തല പദ്ധതി അവലോകനം

2015-2016 വർഷത്തെ ഗ്രാമപഞ്ചായത്തുകളുടെ മേഖലാ തല പദ്ധതി പുരോഗതി അവലോകന യോഗം ബഹു.പഞ്ചായത്ത് വകുപ്പു മന്ത്രി ഡോ: എം. കെ.മുനീറിന്റെ അദ്ധ്യക്ഷതയിൽ കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം എന്നീ സ്ഥലങ്ങളിൽ വച്ച് നടന്നു. 18/01/2016-ൽ കോഴിക്കോട് നടന്ന അവലോകന യോഗത്തിൽ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലേയും 19/01/2016-ൽ തിരുവനന്തപുരത്ത് നടന്ന യോഗത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിലെയും 22/01/2016-ൽ തൃശ്ശൂർ കിലയിൽ വച്ച് നടന്ന യോഗത്തിൽ പാലക്കാട്,തൃശ്ശൂർ, വയനാട് ജില്ലകളിലെയും, 23/01/2016-ൽ എറണാകുളത്ത് വച്ച് നടന്ന യോഗത്തിൽ ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പുരോഗതികളാണ് അവലോകനം ചെയ്തത് 2015-16 വർഷത്തെ പദ്ധതി പുരോഗതി കൂടാതെ 2016-17 വർഷത്തെ പദ്ധതി രൂപീകരണം, ഗ്രാമപഞ്ചായത്തുകളിലെ അയൽസഭ രൂപീകരണം, ഐ.എ സ്.ഒ സർട്ടിഫിക്കറ്റ് നേടുന്നതിലെ പുരോഗതി എന്നിവയുടെ അവലോകനവും നടന്നു. പഞ്ചായത്ത് വകുപ്പുമന്ത്രി ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ ദിവാകരൻ പിള്ള പഞ്ചായത്ത് ഡയറക്ടർ സി എ ലത ഐഎഎസ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം) സാബുക്കുട്ടൻ നായർ, തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനിയർ സജികുമാർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സുരേഷ്കുമാർ, ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, സൂപ്രണ്ടിങ് എഞ്ചിനിയർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ജില്ലാതല മേധാവികൾ, ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റമാർ, സെക്രട്ടറിമാർ, അസിസ്റ്റന്റ എഞ്ചിനീയർമാർ എന്നിവർ പങ്കെടുത്തു.




പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്തതോടൊപ്പം പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങളും തടസ്സങ്ങളും സംബന്ധിച്ച് വിവിധ ഗ്രാമപഞ്ചായത്തുകളുടെ പ്രതിധിനികൾ സംസാരിച്ചു. ചർച്ചയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ/അഭിപ്രായങ്ങളിൽ ഉദ്യോഗസ്ഥതലത്തിൽ പരിഹരിയ്ക്കേണ്ടവയ്ക്ക് യോഗത്തിൽ വച്ചു തന്നെ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും അവ പരിഹരിക്കുകയും ചെയ്തു സർക്കാർ തലത്തിൽ പരിഹരിക്കേണ്ട വിഷയങ്ങൾ തൊട്ടുടുത്ത വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും ചുവടെ വിവരിക്കും പ്രകാരമുള്ള സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 2015-16 പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള കാലാവധി 15/2/2016 വരെ ദീർഘിപ്പിച്ചു
2. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ധനസഹായം പട്ടികജാതി/പട്ടികവർക്ഷവകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്കിലേക്ക് ഉയർത്തി.
3. വാഹനം വാങ്ങുന്ന പ്രോജക്ടുകൾക്ക് നൽകുന്ന സബ്സിഡി തുക ബാങ്കിലേക്ക് നൽകുന്നതിനു പകരം വാഹനം നൽകുന്ന സ്ഥാപനത്തിന് ഡിഡിയായി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.
4. സ്കൂളുകളിലും കോളേജുകളിലും പഠിയ്ക്കുന്ന പട്ടികജാതി ആനുകൂല്യം വാങ്ങുന്ന കുട്ടികൾക്ക് ജാതി സാക്ഷ്യപത്രം ഇല്ലാതെ സ്കൂൾ അധികൃതർ നൽകുന്ന രേഖയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് നിർദ്ദേശം നൽകി.
5. ഗിരി പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് സാധനം കൊണ്ടു പോകുന്നതിനുള്ള നിലവിലെ കൺവെയൻസ് ചാർജ്ജ് പ്രാദേശിക റേറ്റിന് തുല്യമായി വർദ്ധിപ്പിച്ച് തീരുമാനിച്ചു. തലച്ചുമടായി സാധനങ്ങൾ എത്തിക്കേണ്ട മലമ്പ്രദേശങ്ങളിൽ നിലവിലെ കൺവേയൻസ് ചാർജ്ജ് ദൂരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് എൽഎസ്ജിഡി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

പദ്ധതി ചെലവ് നൂറുശതമാനത്തിലെത്തിക്കുന്നതിന് എല്ലാ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

# വാർത്തകളും വിശേഷങ്ങളും

## 2011–2012 ലെ ഇന്ദിര ആവാസ് യോജക്കുന്ന ഗുണഭോക്താക്കൾക്കും 75,000/– രൂപാ വീതം അധിക ധനസഹായം

2011–2012 വർഷം മുതൽ ഐ.എഎ.വൈ വീടുകളുടെ യൂണിറ്റ് കോസ്റ്റ് 2 ലക്ഷം (ജനറൽ എസ്.സി) 2.5 ലക്ഷം (എസ്.ടി) വർദ്ധിപ്പിച്ച തുക മൂലമുണ്ടായ ബാദ്ധ്യതയിൽ അധിക ധനസഹായം നൽകുന്നതിനായി 500 കോടി രൂപ അനുവദിച്ചിരുന്നു. 2012–2013 മുതൽ 2014–2015 വരെയുള്ള വർഷങ്ങളിൽ ഇന്ദിര ആവാസ് യോജക്കുന്ന ഗുണാഭോക്താക്കൾക്ക് സംസ്ഥാന അധിക ധനസഹായം നൽകുന്നതിനാണ് ഈ തുക ചിലവഴിച്ചിരുന്നത്. ടി തുകയിൽ നിന്നും 2011–2012 ലെ ഐ.എസ്.വൈ ഗുണഭോക്താക്കൾക്ക് കൂടി 75,000/– രൂപ വീതം ധനസഹായം അനുവദിച്ച് ഉത്തരവായി.
സ.ഉ (സാധാ) 156/2016/തസ്വഭവ തീയതി 16/01/2016

## സാമൂഹ്യ സുരക്ഷ പെൻഷൻ അർഹത സംബന്ധിച്ച് വ്യക്തത വരുത്തി ഭേദഗതി ഉത്തരവിറങ്ങി

മറ്റു പെൻഷനുകൾ ലഭിക്കുന്നവർക്കും ഒരു ലക്ഷം രൂപ വരുമാന പരിധിക്കുള്ളിലാണെങ്കിൽ സാമൂഹ്യ സുരക്ഷ പെൻഷനുകളിൽ ഏതെങ്കിലും ഒന്ന് ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കും എന്നും ആയത് ഏത് സുരക്ഷാ പെൻഷൻ ആണെന്ന്ത് ഗുണഭോക്താവിന് തെരഞ്ഞെടുക്കാം എന്നും വ്യക്തമാക്കി ഉത്തരവായിരുന്നു. ഇതിൽ മറ്റു പെൻഷനുകൾ ഏതെല്ലാം എന്നതിൽ നിലനിന്നിരുന്ന അവ്യക്തത നീക്കി ഭേദഗതി ഉത്തരവിറങ്ങി.
സ.ഉ (എം.എസ്) നമ്പർ 09/2016 സ.നീവ. തീയതി 30/01/2016

## ഇൻഫർമേഷൻ കിയോസ്ക്കുകൾ

2015–2016 വാർഷിക പദ്ധതികയിൽ ഉൾപ്പെടുത്തി വ്യവസ്ഥകൾക്ക് വിധേയമായി കെൽട്രോണിൽ നിന്നം ഇൻഫർമേഷൻ കിയോസ്ക്കുകൾ വാങ്ങുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവായിരുന്നു. ടി കിയോസ്ക്കുകൾ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിന് പദ്ധതി ഭേദഗതി ചെയ്ത തുക കണ്ടെത്തുന്നതിന് അനുമതി നൽകി ഉത്തരവായി.
സ.ഉ (സാധാ) 384/2016/തസ്വഭവ. തീയതി 30/01/2016

## സന്ദേശ് വൺ പദ്ധതി

കേരള വനിത വികസന കോർപ്പറേഷൻ സാമൂഹ്യ സംരംഭങ്ങളും ന്യൂനത പദ്ധതികളും പ്രോത്സാഹിപ്പിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനതലത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയായ 'സന്ദേശ് വൺ' (കൃഷി, ആരോഗ്യം, മാലിന്യ സംസ്ക്കരണം, ജലസംരക്ഷണം, ഊർജ്ജം, സാമൂഹ്യസുരക്ഷ തുടങ്ങി ഉൽപാദനസേവന പശ്ചാത്തല മേഖലകളിലെ പദ്ധതികൾ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അവരുടെ വാർഷിക പദ്ധതിയുമായി ഏകോപ്പിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് ഉത്തരവായി.
സ.ഉ (സാധാ) നമ്പർ 401/2016 തസ്വഭവ തീയതി 01/02/2016

## പട്ടികജാതി / പട്ടികവർഗ ഗുണഭോക്താക്കൾക്ക് ധനസഹായം

പട്ടികജാതി/പട്ടികവർക്ഷ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ എന്നിവയ്ക്കായി പട്ടികജാതി/പട്ടികവർക്ഷ വകുപ്പുകൾ നിശ്ചയിക്കുന്ന ധനസഹായ നിരക്ക് 20/01/2016 മുതൽ അവലംഭിക്കാൻ തദ്ദേശസ്വംഭരണസ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവായി.
സ.ഉ (സാധാ) നമ്പർ 420/2016 തസ്വഭവ തീയതി 02/02/2016.

## ആപ്തകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ

2011–ലെ കേരള മുൻസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 24/01/2016–ൽ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത സമയപരിധി 25/01/2016 മുതൽ 31/03/2016 വരെ ദീർഘിപ്പിച്ച് ഉത്തരവായി.
സ.ഉ (സാധാ) നമ്പർ 492/2016 തസ്വഭവ തീയതി 08/02/2016.

# വാർത്തകളും വിശേഷങ്ങളും

## 2014 – 2015 വർഷത്തെ മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ തെരഞ്ഞെടുത്തു.

സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഗ്രാമപഞ്ചായത്തായി കൊല്ലം ജില്ലയിലെ കുലശേഖരപുരം ഗ്രാമപഞ്ചായത്തനെ തിരഞ്ഞെടുത്തു മികച്ച സെക്രട്ടറിയായി കുലശേഖപുരം സെക്രട്ടറി എ.നാസറുദ്ദീനെയും തിരഞ്ഞെടുത്തു. രണ്ടാം സ്ഥാനം കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്തിനും, മൂന്നാം സ്ഥാനം പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിനും ലഭിച്ചു.

സംസ്ഥാനതലത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്തായി മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്കിനെ തെരഞ്ഞെടുത്തു. കോട്ടയം ജില്ലയിലെ ബ്ലോക്കിന് രണ്ടാം സ്ഥാനം ലഭിച്ചു. കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട ബ്ലോക്കും, കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് മൂന്നാം സ്ഥാനം പങ്കുവെച്ചു.

2014–2015 വർഷത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി എറണാകുളം ജില്ലാ പഞ്ചായത്തിനെ തിരഞ്ഞെടുത്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് രണ്ടാം സ്ഥാനത്തിന് അർഹരായി. സംസ്ഥാനതലത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്ന ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും, സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

## മഹാത്മാ പുരസ്കാരം

2014–2015 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തു സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ആലപ്പുഴ ജില്ലയിലെ നിലം പേരൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചു. രണ്ടാം സ്ഥാനം ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിനും, മൂന്നാം സ്ഥാനം ആലപ്പുഴ ജില്ലയിലെ തന്നെ ചേർത്തല സൗത്ത് ഗ്രമപഞ്ചായത്തിനും ലഭിച്ചു. എറണാകുളത്ത് വച്ച് നടക്കുന്ന പഞ്ചായത്ത് ദിനാഘോഷത്തിൽ മുഖ്യമന്ത്രി പുരസ്കാര ദാനം നിർവഹിക്കും.

# പഞ്ചായത്ത് രാജ് മാഗസിനിൽ ചില പുതിയ പംക്തികൾ ആരംഭിക്കുന്നു

### 1. വികസന അനുഭവങ്ങൾ

ഒരു തദ്ദേശ ഭരണ സ്ഥാപനത്തിൽ ഒരു മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥരോ, ജനപ്രതിനിധിയോ നടത്തിയ ശ്രമങ്ങൾ, അത് വിജയിപ്പിക്കുവാൻ സ്വീകരിച്ച രീതി ശാസ്ത്രം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള അനുഭവകുറിപ്പ്. മറ്റ് സ്ഥാപനങ്ങൾക്ക് ഉൾകൊള്ളാനും ഏറ്റെടുത്ത് നടത്തുന്നതിനും സാധിക്കുന്ന വിധത്തിലായിരിക്കണം എഴുതേണ്ടത്. ഇത്തരത്തിലുള്ള ലേഖനങ്ങളിൽ നിന്നും തിരഞ്ഞെടുത്തവ പ്രസിദ്ധീകരിക്കുന്നതാണ് ലേഖനങ്ങൾ prmdp2015@gmail.com എന്ന വിലാസത്തിൽ വേർഡ് ഫോമിൽ അയച്ച് നൽകേണ്ടതാണ്. ലേഖകന്റെ പേര്, ഇപ്പോഴത്തെ സ്ഥാനം, വിലാസം, ഫോൺ നമ്പർ എന്നിവ ചേർത്ത് അയക്കേണ്ടതാണ്.

### 2. എഡിറ്റർക്കുള്ള കത്തുകൾ


പഞ്ചായത്ത് രാജ് മാഗസിനെപ്പറ്റിയുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും എഴുതി അയക്കേണ്ടതാണ്. ഇവയിൽ നിന്നും തിരഞ്ഞെടുത്തവ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കത്തുകൾ prmdp2015@gmail.com എന്ന ഇ-മെയിലിലേയ്ക്കോ, എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക, പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം - 695033 എന്ന വിലാസത്തിലേക്കോ അയക്കേണ്ടതാണ്. കത്തുകൾ അയക്കുന്ന ആളിന്റെ പേരും, മേൽവിലാസവും, ഫോൺ നമ്പറും ചേർത്ത് അയക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **February 2016**
Annual Subscription ₹120/-, Published on 20th **February 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS